# ഉള്ളടക്കം


**ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ മേഖല കുതിപ്പിൽ** 4
കെ. എസ്. സെബാസ്റ്റ്യൻ

**വിറ്റൽ: വിശ്വാസ്യതയുടെ പര്യായം, ഗുണമേന്മയുടെയും** 7
സിഡിബി ന്യൂസ് ബ്യൂറോ

**വളം ചേർക്കാം : കിട്ടുന്നതും കിട്ടാവുന്നതും തമ്മിലുള്ള വിടവു നികത്താം** 10
ആർ. ജ്ഞാനദേവൻ

**നാളികേര വികസന ബോർഡ് നടത്തുന്ന നൈപുണ്യ വികസന പരിശീലന പരിപാടികൾ** 12
മിനി മാത്യൂ

**സഞ്ചാരികളെ കാത്ത് തേജസ്വിനി** 15
അബ്ദുൾ റസാക്ക്

**കരുതിയിരിക്കുക, തെങ്ങിലെ മഴക്കാല രോഗങ്ങളെ** 18
ദീപ്തി. ആർ

**ആരാണീ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ? എന്താണവരുടെ പരിപാടി?** 20
ആബെ ജേക്കബ്

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം സംഘടിത ശക്തിയാകുന്നു** 22
രാജീവ് തുരുത്തിപ്പിള്ളി

**ലക്ഷാധിപതിയുടെ സലാട്** 24
സുരേഷ് മുതുകുളം

**കരിക്കിൻ വെള്ളത്തിന് 5 ആരോഗ്യ ഗുണങ്ങൾ** 26
സിഡിബി ന്യൂസ് ബ്യൂറോ

**കുരുത്തോലപ്പന്തൽ** 27

**വാർത്തകൾ** 31

**ആഗസ്റ്റ് മാസത്തെ കൃഷിപ്പണികൾ** 33
ആർ ജ്ഞാനദേവൻ

**കമ്പോളം** 35

**കേരപാചകം** 38




വെളിച്ചെണ്ണയും കൊപ്രയും പിണ്ണാക്കും കഴിഞ്ഞാൽ അന്താരാഷ്ട്ര തലത്തിൽ ഏറ്റവും കൂടുതൽ വിപണനം ചെയ്യപ്പെടുന്ന നാളികേര ഉൽപന്നം ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ആണ്. ലോകവ്യാപകമായി ബിസ്ക്കറ്റ്, കുക്കീസ് തുടങ്ങിയ ബേക്കറി ഉൽപന്നങ്ങളിൽ പ്രധാന ചേരുവയായി ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഉപയോഗിക്കുന്നു. നിലവിൽ ലോകോൽപാദനം 6 ലക്ഷം മെട്രിക് ടണ്ണിലേറെയായി കണക്കാക്കുന്നു. ഏറ്റവും കൂടുതൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഉൽപാദിപ്പിക്കുന്ന രാജ്യം ഫിലിപ്പൈൻസ് ആണ്. തൊട്ടു പിന്നിൽ ഇന്തോനേഷ്യയും, ഇന്ത്യയും, ശ്രീലങ്കയുമാണ്. എന്നാൽ ഏറ്റവും കൂടുതൽ ഡെസിക്കേറ്റഡ് കോക്കനട്ട് കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ആദ്യ സ്ഥാനങ്ങളിൽ ഇന്ത്യ ഉൾപ്പെടുന്നില്ല. ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, വിയറ്റ്നാം, എന്നീ രാജ്യങ്ങളാണ് ഏറ്റവും കൂടുതൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ നിലവിൽ കയറ്റുമതി ചെയ്യുന്നത്. ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഉൽപാദിപ്പിക്കുന്ന പ്രധാന രാജ്യങ്ങളും അവയുടെ നിലവിലുള്ള കയറ്റുമതിയും സംബന്ധമായ വിവരങ്ങൾ പട്ടിക1- ൽ ചേർത്തിരിക്കുന്നു.

പട്ടിക1 : പ്രധാന ഡെസിക്കേറ്റഡ് കോക്കനട്ട് ഉൽപാദക രാജ്യങ്ങളും കയറ്റുമതിയും

| ക്രമ നമ്പർ | രാജ്യം | ഉൽപാദനം (ലക്ഷം മെട്രിക് ടണ്ണിൽ) | ഉൽപാദനം (ശതമാനത്തിൽ) | കയറ്റുമതി (ലക്ഷം മെട്രിക് ടണ്ണിൽ) | കയറ്റുമതി (ശതമാനത്തിൽ) |
|---|---|---|---|---|---|
| 1. | ഫിലിപ്പൈൻസ് | 1.50 | 23.08 | 1.10 | 27.27 |
| 2. | ഇന്തോനേഷ്യ | 0.95 | 14.62 | 0.90 | 20.45 |
| 3. | ശ്രീലങ്ക | 0.55 | 8.46 | 0.50 | 11.36 |
| 4. | വിയറ്റ്നാം | 0.45 | 6.92 | 0.40 | 9.09 |
| 5. | ഐവറി കോസ്റ്റ് | 0.40 | 6.67 | 0.30 | 6.82 |
| 6. | ഡോമിനിക്കൻ റിപ്പബ്ളിക്ക് | 0.35 | 5.83 | 0.30 | 6.82 |
| 3. | ഇന്ത്യ | 1.00 | 15.38 | 0.05 | 1.14 |
| 6. | മറ്റു രാജ്യങ്ങൾ | 2.05 | 31.54 | 2.05 | 17.05 |
| | | 6.00 | 100.00 | 5.00 | 100.00 |

# ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ മേഖല കുതിക്കുന്നു

**കെ. എസ്. സെബാസ്റ്റ്യൻ**
അസി. ഡയറക്ടർ, മാർക്കറ്റിംഗ്, നാളികേര വികസന ബോർഡ്, കൊച്ചി



ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ അമേരിക്ക, ബ്രസീൽ, സിംഗപ്പൂർ, ജർമ്മനി എന്നിവയാണ്. ഈ രാജ്യങ്ങളെ കൂടാതെ ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലേക്കും, ഈജിപ്ത്, ഇറാൻ, യു.എ.ഇ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലേക്കും വലിയ തോതിൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന്റെ നിലവിലുള്ള വിപണി സംബന്ധമായ വിവരങ്ങൾ പട്ടിക 2 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2: ഡെസിക്കേറ്റഡ് കോക്കനട്ടിന്റെ നിലവിലുള്ള വിപണിയുടെ വ്യാപ്തി

| ക്രമ നമ്പർ | രാജ്യം | നിലവിലുള്ള വിപണി (ലക്ഷം മെ.ടണ്ണിൽ) |
|---|---|---|
| 1. | അമേരിക്ക | 0.50 |
| 2. | ബ്രസീൽ | 0.25 |
| 3. | സിംഗപ്പൂർ | 0.25 |
| 4. | ജർമ്മനി | 0.10 |
| 5. | തുർക്കി | 0.15 |
| 6. | ബ്രിട്ടൻ | 0.15 |
| 7. | റഷ്യ | 0.15 |
| 8. | ബെൽജിയം | 0.10 |
| 9. | നെതർലാൻഡ് | 0.10 |
| 10. | ഹോളണ്ട് | 0.10 |
| 11. | സ്പെയിൻ | 0.10 |
| 12. | കാനഡ | 0.10 |
| 13. | ഓസ്ട്രേലിയ | 0.10 |
| 14. | പാകിസ്ഥാൻ | 0.10 |
| 15. | യു.എ.ഇ | 0.10 |
| 16. | ഈജിപ്ത് | 0.10 |
| 17. | ഇറാൻ | 0.10 |
| 18. | മറ്റു രാജ്യങ്ങൾ | 1.80 |
| | | 4.40 |

ഇന്ത്യയിൽ നിലവിൽ 150 ഓളം ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഉത്പാദക യൂണിറ്റുകളുണ്ട്. ഇവയിൽ 100 ലേറെ യൂണിറ്റുകൾ കർണ്ണാടകത്തിലാണ്. ഇന്ത്യയിലെ ഡെസിക്കേറ്റഡ് പൗഡർ യൂണിറ്റുകളുടെ മൊത്തത്തിലുള്ള സ്ഥാപിതശേഷി പ്രതിവർഷം ഒരു ലക്ഷം മെട്രിക് ടണ്ണിലേറെയാണ്. ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന് മികച്ച ആഭ്യന്തര വിപണിയും ഉയർന്ന വിലയും നിലനിന്നിരുന്നതിനാൽ ഉത്പാദകർ അടുത്ത കാലം വരെ കയറ്റുമതിയെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിരുന്നില്ല. ഇതാണ് പ്രധാനമായും നമ്മുടെ കയറ്റുമതി ഉയരാഞ്ഞതിന്റെ പ്രധാനകാരണം. കഴിഞ്ഞ ഏതാനും വർഷത്തെ രാജ്യത്തിന്റെ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ മേഖല പരിശോധിക്കുമ്പോൾ 2015 – 16 വരെയുള്ള വർഷങ്ങളിൽ നമ്മുടെ കയറ്റുമതി 5000 മെട്രിക് ടണ്ണിൽ താഴെ മാത്രമായിരുന്നുവെന്ന് കാണുവാൻ കഴിയും. എന്നാൽ 2016– 17 വർഷം എത്തിയപ്പോൾ ഇന്ത്യയുടെ കയറ്റുമതി 2015 –16 ലെ കയറ്റുമതിയുടെ (5000 മെ.ടൺ) നാലു മടങ്ങിലേറെ വർദ്ധിച്ച് 20000 മെട്രിക് ടണ്ണിനു മുകളിൽ എത്തിയിരിക്കുന്നതായി കാണുന്നു.

> **ഇന്ത്യയിൽ നിലവിൽ 150 ഓളം ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഉത്പാദക യൂണിറ്റുകളുണ്ട്. ഇവയിൽ 100 ലേറെ യൂണിറ്റുകൾ കർണ്ണാടകത്തിലാണ്. ഇന്ത്യയിലെ ഡെസിക്കേറ്റഡ് പൗഡർ യൂണിറ്റുകളുടെ മൊത്തത്തിലുള്ള സ്ഥാപിതശേഷി പ്രതിവർഷം ഒരു ലക്ഷം മെട്രിക് ടണ്ണിലേറെയാണ്.**

ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന്റെ ലോകത്തിലെ ഏറ്റവും വലിയ ആഭ്യന്തര വിപണി ഇന്ത്യയാണ്. നിലവിൽ ഏറ്റവും കൂടുതൽ ഈ ഉൽപന്നം ഉപഭോഗം ചെയ്യുന്നതും ഇന്ത്യയിലാണ്. ഇന്ത്യയിൽ പച്ചത്തേങ്ങ സുലഭമല്ലാത്ത എല്ലാ പ്രദേശങ്ങളിലും, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലും വടക്ക് കിഴക്കേ ഇന്ത്യയിലും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന്റെ ഉപഭോഗം കൂടുതലായുണ്ട്.

ആഭ്യന്തര വിപണിയിൽ ഗുണനിലവാരത്തേക്കാൾ വിലയിലെ മത്സരക്ഷമത കൂടുതൽ പരിഗണിക്കപ്പെട്ടിരുന്നതിൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഉത്പാദകരിൽ ബഹുഭൂരിപക്ഷവും അടുത്ത കാലം വരെ ഉത്പന്നത്തിന്റെ ഗുണനിലവാരത്തിൽ ശ്രദ്ധിച്ചിരുന്നില്ല എന്നത് പരമാർത്ഥമാണ്. ഇന്ത്യൻ ഉത്പന്നം അന്താരാഷ്ട്ര ഗുണനിലവാരം പുലർത്തുന്നില്ല എന്നുള്ള ധാരണയിൽ മറ്റു രാജ്യങ്ങളിൽ നിന്നുള്ള വ്യാപാരാന്വേഷണങ്ങളും കാര്യമായി നമുക്ക് ലഭിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ മാറ്റത്തിന്റെ കാറ്റ് ഈ മേഖലയിൽ രൂപപ്പെട്ടുവരുന്നതായി കാണുന്നു. ഇത് പ്രധാനമായും അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് സ്ഥാപിച്ച ഒരു ഡസനോളം ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകൾ തങ്ങളുടെ ഉത്പന്നത്തിന്റെ ഗുണനിലവാരത്തിൽ കാണിച്ച ശ്രദ്ധയുടെ പ്രതിഫലനം കൂടിയാണ്. ഈ അടുത്ത കാലം വരെ നമുക്ക് ഇതേവരെ അപ്രാപ്യമായിരുന്ന അമേരിക്കൻ, യൂറോപ്യൻ വിപണികളിലേക്ക് 2016 –2017 മുതൽ നമ്മുടെ ഉൽപന്നം കൂടുതലായി കയറ്റുമതി ചെയ്യപ്പെടുന്നു. ഇന്ത്യയിൽ നിന്നും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ 2016–17 ൽ ഇറക്കുമതി ചെയ്ത രാജ്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക –3 ൽ കൊടുത്തിരിക്കുന്നു.





| പട്ടിക 3 : ഇന്ത്യയിൽ നിന്നും 2016 – 2017 സാമ്പത്തിക വർഷം ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | രാജ്യം | അളവ് (മെട്രിക് ടണ്ണിൽ) |
| 1. | യു.എ.ഇ | 5600 |
| 2. | ഈജിപ്ത് | 2300 |
| 3. | ഇറാൻ | 2000 |
| 4. | ബ്രസീൽ | 1900 |
| 5. | സൗദി അറേബ്യ | 1700 |
| 6. | അമേരിക്ക | 1150 |
| 7. | സ്പെയിൻ | 1050 |
| 8. | കുവൈറ്റ് | 700 |
| 9. | പോളണ്ട് | 600 |
| 10. | ഖത്തർ | 550 |
| 11. | യെമൻ | 300 |
| 12. | സൗത്ത് ആഫ്രിക്ക | 300 |
| 13. | ഫ്രാൻസ് | 200 |
| 14. | യുക്രൈൻ | 200 |
| 15. | മൊറോക്കൊ | 200 |
| 16. | ബഹറിൻ | 200 |
| 17. | നേപ്പാൾ | 150 |
| 18. | അൾജീരിയ | 150 |
| 19. | ടർക്കി | 100 |
| 20. | ഇസ്രായേൽ | 100 |
| 21. | ബെൽജിയം | 1200 |
| 22. | മറ്റു രാജ്യങ്ങൾ | 21000 |

**ഇന്ത്യയിൽ നിന്നും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ കയറ്റുമതി ചെയ്യുന്ന പ്രധാന സ്ഥാപനങ്ങൾ ഇവയാണ്.**

- വിറ്റൽ അഗ്രോ ഇൻഡസ്ട്രീസ്, കാഞ്ഞങ്ങാട്, കാസർഗോഡ്, കേരള.
- ശ്രീഹരി ഇൻഡസ്ട്രീസ്, ബിക്കാനീർ, രാജസ്ഥാൻ
- പി. എസ്. എസ്. വരദരാജനാടാർ ആന്റ് സൺസ്, തൃപ്പൂണിത്തുറ, എറണാകുളം, കേരള.
- സൗത്ത് ഇന്ത്യൻ ഇൻഡസ്ട്രീസ്, കോഴിക്കോട്,
- ശ്രീകൃഷ്ണ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, ഡിൻഡിഗൽ, തമിഴ്നാട്
- സൂപ്പർ കോക്കോ കമ്പനി, പൊള്ളാച്ചി, തമിഴ്നാട്
- ട്രൈഡൻട് ക്രിയേഷൻ, അന്ധേരി, മുംബൈ.

അസംസ്കൃത വസ്തുവിന്റെ ആഭ്യന്തര വിലയിൽ വലിയ കുതിച്ചു ചാട്ടമുണ്ടായില്ലെങ്കിൽ ഈ വർഷവും വരും വർഷങ്ങളിലും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന്റെ കയറ്റുമതിയിൽ ശ്രദ്ധേയമായ വളർച്ചയുണ്ടാകുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്.. 2020 – 21 വർഷം ആകുമ്പോൾ ഇന്ത്യയുടെ ഡെസിക്കേറ്റഡ് പൗഡർ കയറ്റുമതി പ്രതിവർഷം 50000 മെട്രിക് ടൺ എന്ന നിലയിലെത്തുമെന്ന് കരുതുന്നു. 2017 – 18 സാമ്പത്തിക വർഷം മുതൽ 2020–21 വരെ പ്രതീക്ഷിക്കുന്ന കയറ്റുമതി വളർച്ച പട്ടിക –4 ൽ കൊടുത്തിരിക്കുന്നു.

| ഇന്ത്യയിൽ നിന്നുമുള്ള ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ കയറ്റുമതിയിൽ പ്രതീക്ഷിക്കുന്ന വളർച്ച | |
|---|---|
| വർഷം | പ്രതീക്ഷിക്കുന്ന കയറ്റുമതി (മെ. ടണ്ണിൽ) |
| 2017 – 18 | 25,000 |
| 2018 – 19 | 31,000 |
| 2019 – 20 | 40,000 |
| 2020 – 21 | 50,000 |

കയറ്റുമതിയും ആഭ്യന്തര വിപണിയും ലക്ഷ്യമാക്കി അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന കൂടുതൽ യൂണിറ്റുകൾ രാജ്യത്ത് താമസം വിനാ ആരംഭിക്കാനുള്ള സാദ്ധ്യതകളും രൂപപ്പെട്ടു വരുന്നു. ടെക്നോളജി മിഷന്റെ സാമ്പത്തിക സഹായവും, കയറ്റുമതി ചെയ്യപ്പെടുന്ന ഉൽപന്നങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ മികച്ച പ്രോത്സാഹനവും, പുതിയ വിപണികൾ കണ്ടെത്താനുള്ള നാളികേര വികസന ബോർഡിന്റെ പരിശ്രമങ്ങളും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന്റെ നിർമാണ സംസ്ക്കരണ രംഗത്തേയ്ക്ക് കൂടുതൽ സംരംഭകരെ എത്തിക്കുമെന്നതിൽ സംശയമില്ല. ■ *ഫോൺ : 9446211460*




# വിറ്റൽ: വിശ്വാസ്യതയുടെ പര്യായം, ഗുണമേന്മയുടെയും

**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി

പോർച്ചുഗീസ് ആധിപത്യത്തിനു കീഴടങ്ങാൻ മനസില്ലാതെ 250 വർഷം മുമ്പ് ഗോവയിൽ നിന്ന് പാലായനം ചെയ്ത ദേശസ്നേഹികളായ ഒരു ജനസമൂഹം കർണാടകത്തിന്റെയും കേരളത്തിന്റെയും തീരപ്രദേശങ്ങളിൽ കുടിയേറി. സമാധാന കാംക്ഷികളായ അവർ ചുറ്റുപാടുകൾ കേന്ദ്രീകരിച്ച് കച്ചവടം നടത്തി ജീവിതം കരുപ്പിടിപ്പിച്ചു. പിന്നീട് കേരളത്തിന്റെ വാണിജ്യ വ്യവസായ രംഗത്ത് ഉജ്വലമായ സംഭാവനകൾ നല്കിയ ഗൗഡ സാരസ്വത സമൂഹമാണ് ഇവർ. ഇവരിൽ ഒരു വിഭാഗം അന്ന് ഹോസ്ദുർഗ്ഗിൽ ആണ് താമസം ഉറപ്പിച്ചത്. ആ സമൂഹത്തിന്റെ പിൻതലമുറയിൽപ്പെട്ട എച്ച് വിറ്റൽ കമ്മത്ത് വാണിജ്യ - സഹകരണ - സാമൂഹ്യസേവന മേഖലകളിൽ അതുല്യമായ സംഭാവനകൾ അർപ്പിച്ച വ്യക്തിയായിരുന്നു. ദീർഘനാൾ ഹോസ്ദുർഗ് സഹകരണ ബാങ്ക് പ്രസിഡന്റും കാന്തദർശിയുമായ ആ വ്യവസായിയുടെ നാമധേയത്തിൽ ആരംഭിച്ച നാളികേര സംസ്കരണ യൂണിറ്റാണ് വിറ്റൽ അഗ്രോ ഇൻഡസ്ട്രീസ്. ഗജാനന വ്യവസായ ഗ്രൂപ്പിന്റെ സ്ഥാപകനായ അദ്ദേഹം കാസർഗോഡ് മേഖലയിലെ സാമൂഹിക പ്രവർത്തകൻ കൂടിയായിരുന്നു.

ഇന്ത്യയിലെ തൂൾതേങ്ങാ (ഡെസിക്കേറ്റഡ് കോക്കനട്ട്) വ്യവസായത്തിനു തുടക്കം കുറിച്ച സ്ഥാപനമാണ് കാഞ്ഞങ്ങാട് കേന്ദ്രമായി പ്രവർത്തിക്കുന്ന വിറ്റൽ അഗ്രോ ഇൻഡസ്ട്രീസ്. ഇന്ത്യയിലെ തൂൾ തേങ്ങാ വ്യവസായത്തിനും ഈ മേഖലയിലെ അന്താരാഷ്ട്ര ഭീമന്മാരോട് മത്സരിക്കാൻ സാധിക്കുമെന്നു തെളിയിച്ചത് വിറ്റൽ അഗ്രോ ഇൻഡസ്ട്രീസിന്റെ രംഗപ്രവേശത്തോടെയാണ്. വിറ്റലിലൂടെയാണ് അന്താരാഷ്ട്ര വ്യാപാരികൾ ഇന്ത്യൻ നിർമ്മിത തൂൾതേങ്ങയുടെ മികച്ച ഗുണനിലവാരം അനുഭവിച്ചതും അതിൽ ആകൃഷ്ടരായതും. ഇന്ന് ലോകത്തിലെ ഏതു മേഖലയിൽ നിന്നും അന്താരാഷ്ട്ര വിപണിയിൽ എത്തുന്ന മികച്ച നിലവാരമുള്ള ഏതു ബ്രാൻഡ് തൂൾതേങ്ങയോടും കിടപിടിക്കുന്നതാണ് വിറ്റലിന്റെ ബാലാജി ട്രേഡ് മാർക്കിലുള്ള തൂൾതേങ്ങ. തൂൾ തേങ്ങാ ഉത്പാദന മേഖലയിൽ വിറ്റൽ അടിസ്ഥാനമിട്ട നിലവാരമാനദണ്ഡം മൂലം വിദേശ വിപണികളിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഇന്ത്യൻ നാളികേര ഉത്പ്പന്നമായി ഇന്നു തൂൾ തേങ്ങ സ്ഥാനം പിടിച്ചിരിക്കുന്നു.

> **"ഇന്ന് ലോകത്തിലെ ഏതു മേഖലയിൽ നിന്നും അന്താരാഷ്ട്ര വിപണിയിൽ എത്തുന്ന മികച്ച നിലവാരമുള്ള ഏതു ബ്രാൻഡ് തൂൾതേങ്ങയോടും കിടപിടിക്കുന്നതാണ് വിറ്റലിന്റെ ബാലാജി ട്രേഡ് മാർക്കിലുള്ള തൂൾതേങ്ങ."**

ഉപഭോക്താവിന് ഏറ്റവും മികച്ച ഉത്പ്പന്നം നല്കുക എന്ന നയമാണ് വിറ്റലിന്റെ വ്യാപാര താല്പര്യം. വിറ്റൽ അഗ്രോ ഇൻഡസ്ട്രീ എന്ന ആശയത്തിന്റെയും, ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഡസിക്കേറ്റഡ് കോക്കനട്ട് നിർമാണ യൂണിറ്റ് സ്ഥാപിച്ചതിന്റെ പിന്നിലെ പ്രചോദനം ഇതാണ്. ഈ സംരംഭത്തിന് നാളികേര വികസന ബോർഡിൽ നിന്ന് വലിയ

പിന്തുണയും ടെക്നോളജി മിഷന്റെ സബ്സിഡിയും ലഭിച്ചിട്ടുണ്ട്. ഇതുവരെ തേങ്ങ സംസ്കരണ സാങ്കേതിക വിദ്യയിൽ ഇന്ത്യ വളരെ പിന്നിലായിരുന്നു. അതെ സമയം ഇതര നാളികേര ഉത്പാദന രാജ്യങ്ങളായ ശ്രീലങ്കയും, ഫിലിപ്പീൻസും മറ്റും നൂതന സാങ്കേതിക വിദ്യയിലും സംസ്കരണത്തിലും വൻ മുന്നേറ്റങ്ങൾ നടത്തുകയും ചെയ്തു.

ഏറ്റവും അത്യാധുനിക പ്ലാന്റ് സ്ഥാപിച്ചുകൊണ്ട് ഇന്ത്യൻ ഡസിക്കേറ്റഡ് കോക്കനട്ട് നിർമ്മാണ മേഖലയിൽ വിറ്റൽ അഗ്രോ ഇൻഡസ്ട്രീസ് പുത്തൻ സങ്കല്പങ്ങൾ തന്നെ കൊണ്ടുവന്നു. ഗ്യാസിഫയർ, സ്റ്റെയിൻലസ് സ്റ്റീൽ സ്ക്രൂ കൺവെയറുകൾ, വിബ്രോ ഫ്ളൂയിഡൈസ്ഡ് ബെഡ് ഡ്രയർ , സ്റ്റീം ബ്ലാൻഞ്ചർ, പരിസ്ഥിതി സൗഹൃദ ടർബൈൻ വെന്റിലേറ്ററുകൾ, മെറ്റൽ ഡിറ്റക്ടർ, മലിനജല ശുദ്ധീകരണ പ്ലാന്റ്, കോൾഡ് സ്റ്റോറേജ്, നാളികേര വെള്ളം ഉപയോഗിച്ച് ലഘുപാനീയം നിർമ്മാണം, ഗുണനിലവാര പരിശോധനയ്ക്കായി സ്വന്തം പരിശോധനാ ശാല, ക്രെയ്റ്റ് വാഷറുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങളെല്ലാം വിറ്റൽ സ്ഥാപിച്ചിട്ടുണ്ട്.

വിറ്റൽ ഏറ്റവുമധികം പ്രാധാന്യം നല്കുന്ന മേഖല തൊഴിലാളികളുടെ പരിശീലനത്തിനാണ്. ഒപ്പം വൃത്തിയ്ക്കും ശുചിത്വത്തിനും. ഗുണനിലവാരം മാത്രം മനസിൽ സങ്കല്പിച്ചു കൊണ്ടാണ് പ്ലാന്റിന്റെ ഓരോ ഭാഗവും രൂപകല്പന ചെയ്തിരിക്കുന്നത്. ഐഎസ്ഒ 22000 നിലവാരത്തിലുള്ള ഭക്ഷ്യസുരക്ഷാ മാനദണ്ഡൾ ഇവിടെ പാലിക്കുന്നു. ബ്യൂറോ ഓഫ് വേരിത്താസ് സർട്ടിഫിക്കേഷനിൽ നിന്ന് ഇന്ത്യയിൽ ആദ്യമായി,





ഭക്ഷ്യസുരക്ഷാ മാനേജ്മെന്റിൽ ഐഎസ്ഒ 22000 സാക്ഷ്യപത്രം ലഭിച്ച തൂൾതേങ്ങ സംസ്കരണ യൂണിറ്റ് വിറ്റൽ അഗ്രോ ഇൻഡസ്ട്രീസാണ്.

ഇന്ന് ഇന്ത്യയിൽ നിന്ന് ഏറ്റവുമധികം തൂൾതേങ്ങാ കയറ്റുമതി ചെയ്യുന്ന സ്ഥാപനം വിറ്റൽ തന്നെ. ഗുണനിലവാരത്തിലും വിശ്വാസ്യതയിലും വിറ്റലിന്റെ ബ്രാൻഡിലുള്ള തൂൾതേങ്ങ ലോകമെമ്പാടും വൻ പ്രശസ്തിയാണ് നേടിയിട്ടുള്ളത്. ഇന്നത്തെ ലോകത്തിൽ മൂല്യത്തെ പണവുമായിട്ടാണ് എല്ലാവരും താരതമ്യം ചെയ്യുന്നത്. വ്യവസായത്തിൽ പരമ്പരാഗത മൂല്യങ്ങളും ആദർശങ്ങളും മുറുകെ പിടിക്കുന്ന വിറ്റൽ അഗ്രോ ഇൻഡസ്ട്രിക്ക് തുടങ്ങിവച്ച എല്ലാ സംരംഭങ്ങളിലും സൽപേര് നേടാൻ സാധിച്ചിട്ടുണ്ട്. ഉത്പ്പന്നത്തിൽ നിലനിർത്തുന്ന മികച്ച ഗുണനിലവാരമാണ് വിറ്റലിനെ ഉപഭോക്താക്കൾക്കും ഇടപാടുകാർക്കുമിടയിൽ പ്രിയമുള്ളതാക്കി മാറ്റിയിരിക്കുന്നത്. വിറ്റലിന്റെ ഉത്പ്പന്നങ്ങൾ ഒരിക്കൽ വാങ്ങിയവർ അതു തന്നെ വീണ്ടും വീണ്ടും വാങ്ങുന്നതും ആ ബന്ധം ആജീവനാന്തം തുടരുന്നതും ഇതുകൊണ്ടാണ്. ഇത്തരത്തിൽ സമ്പന്നമായ ഒരു ഉപഭോക്തൃ ശൃംഖല തന്നെ വിറ്റലിന് ഉണ്ട്. വിശ്വാസമാണല്ലോ എല്ലാം.

തൂൾ തേങ്ങയുടെ ഓരോ ബാച്ചും കർശനമായ ഗുണനിലവാര പരിശോധനയ്ക്കു വിധേയമാക്കിയ ശേഷമാണ് വിറ്റൽ വിപണിയിലേയ്ക്കു അയക്കുന്നത്. ഉൽപ്പന്നത്തിൽ അണുബാധയോ രാസപദാർത്ഥങ്ങളുടെ സൂക്ഷ്മാംശങ്ങളോ പോലും ഇല്ലെന്ന് ഈ പരിശോധന ഉറപ്പുവരുത്തുന്നു. ഇതിനായി കമ്പനിയുടെ വളപ്പിൽ തന്നെ ആധുനിക സൗകര്യങ്ങളും സാമഗ്രികളും വിദഗ്ധ പരിശീലനം നേടിയ പരിശോധകരും ഉള്ള പരിശോധന ശാല പ്രവർത്തിക്കുന്നു. ഗുണമേന്മയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ച്ചയ്ക്കും വിറ്റൽ തയാറല്ല എന്നതാണ് ഇതു ചൂണ്ടിക്കാണിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ കാഞ്ഞാങ്ങാടിനടുത്തുള്ള തട്ടുമ്മേൽ എന്ന മനോഹരമായ ഗ്രാമീണ മേഖലയിലാണ് വിറ്റലിന്റെ ഉത്പാദന യൂണിറ്റ് പ്രവർത്തിക്കുന്നത്. തട്ടുമ്മേലിലും പരിസര പ്രദേശങ്ങളിലുമുള്ള നാളികേര കർഷകരിൽ നിന്നാണ് തൂൾതേങ്ങ നിർമ്മാണത്തിനാവശ്യമായ തേങ്ങ വിറ്റൽ സംഭരിക്കുന്നത്. ചുറ്റുവട്ടത്തുള്ള കൃഷിക്കാർ നേരിട്ടും നാളികേരം ഫാക്ടറിയിൽ കൊണ്ടുവരാറുണ്ട് എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇടനിലക്കാരെ ഒഴിവാക്കി കൃഷിക്കാരിൽ നിന്ന് നേരിട്ട് ഉത്പ്പന്നം ശേഖരിക്കുന്നതാണ് കമ്പനിക്കു താല്പര്യം. ഇക്കാരണത്താൽ ഈ മേഖലയിലെ കൃഷിക്കാർക്കും






ഫാക്ടറി വലിയ അനുഗ്രഹമാണ്. ഇടനിലക്കാരില്ലാതെ വ്യാപാരം നടക്കുന്നു, നാളികേരത്തിന് നല്ല വില ലഭിക്കുന്നു. അതുംരൊക്കം ലഭിക്കുന്നു തുടങ്ങിയ പ്രയോജനങ്ങളാണ് ഈ ഫാക്ടറി ഉള്ളതുകൊണ്ട് പ്രദേശത്തെ കർഷകർ അനുഭവിക്കുന്നത്. വിറ്റലിനെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ട അസംസ്കൃത വസ്തു കൃഷിക്കാരിൽ നിന്നു നേരിട്ടു ലഭിക്കുന്നു എന്നത് വലിയ കാര്യം തന്നെ. മാത്രവുമല്ല, ഇവിടുത്തെ നാളികേരത്തിന് പ്രകൃതിദത്തമായ രുചി കുറച്ചു കൂടുതലുണ്ട്. വിറ്റലിന്റെ തൂൾതേങ്ങയ്ക്ക് വിശ്വസ്തമായ ഉപഭോഗ അടിസ്ഥാനം കൂടി ഇതു നല്കുന്നു.

ഐഎസ്ഒ 22000 മാനദണ്ഡമനുസരിച്ചാണ് ഫാക്ടറി നിർമ്മിച്ചിരിക്കുന്നത്. 20,000 ചതുരശ്ര അടിയാണ് ഫാക്ടറിയുടെ വിസ്തീർണം. എച്ച്എസിസിപി മാനദണ്ഡങ്ങളും ഇതിന്റെ ഭാഗമായി പാലിച്ചിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കാൻ ഓരോ ഘട്ടം ഘട്ടമായാണ് സംസ്കരണ പ്രക്രിയകൾ നടത്തുന്നത്.

ചിരട്ട,ചിരട്ടയുടെയും കാമ്പിന്റെയും മധ്യത്തിലുള്ള ടെസ്റ്റ, തേങ്ങ വെള്ളം എന്നിവയാണ് തൂൾതേങ്ങാ നിർമ്മാണ പ്രക്രിയയിലെ ഉപോത്പ്പന്നങ്ങൾ. ഇവയെല്ലാം മൂല്യ വർധിത ഉത്പ്പന്നങ്ങളാക്കി മാറ്റാനുള്ള സൗകര്യം ഫാക്ടറിയിൽ ഉണ്ട്. മികച്ച സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉപോത്പ്പന്നങ്ങളിൽ നിന്ന് ശീതീകരിച്ച തേങ്ങാവെള്ളം, നാളികേര ചിപ്സ്, ചിരട്ടയിൽ നിന്ന് കരി തുടങ്ങിയ മൂല്യവർധിത ഉത്പ്പന്നങ്ങളാണ് ഫാക്ടറി നിർമ്മിക്കുന്നത്.

എച്ച് വിറ്റൽ കമ്മത്തിന്റെ ഓർമ്മയ്ക്കായി 2009 ൽ ആണ് വിറ്റൽ അഗ്രോ ഇൻഡസ്ട്രീസ് തുടങ്ങിയത്. ഇന്ന് ഈ കുടുംബ ബിസിനസ് മുന്നോട്ടു നയ്ക്കുന്നത് ദീർഘവീക്ഷണം പുലർത്തുന്ന പിൻതലമുറയിലെ സതീഷ് കമ്മത്ത്, ഗോകുൽ ദാസ് കമ്മത്ത് എന്നീ സഹോദരന്മാരാണ്. കുടുംബത്തിലെ അടുത്ത തലമുറ ഇവരുടെ പ്രവർത്തനങ്ങൾക്കു ഊർജ്ജം പകർന്ന് ഇവർക്കൊപ്പമുണ്ട്. കഴിഞ്ഞ നാലു പതിറ്റാണ്ടായി കാർഷിക മേഖലയിൽ പ്രവർത്തിച്ച അനുഭവ സമ്പത്തുണ്ട് സതീഷിന്. ഗോകുൽദാസാണ് വ്യവസായ ഗ്രൂപ്പിനെ ഇതര മേഖലകളിലേയ്ക്ക് വികസിപ്പിച്ചത്. അദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് ഗജാനന ഗ്രൂപ്പ് ഒരു വടവൃക്ഷം പോലെ പടർന്ന് പന്തലിച്ചത്. സതീഷ് കമ്മത്തിന്റെ പുത്രന്മാരായ ഗുരുപ്രസാദ് കമ്മത്ത് സംസ്കരണ യൂണിറ്റിന് മേൽ നോട്ടം വഹിക്കുന്നു. ഗണേഷ് കമ്മത്താണ് വിപണന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കൂടുതലായും ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് വിറ്റലിന്റെ ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്. സന്തോഷ് കമ്മത്ത് സാങ്കേതിക വിഭാഗം കൈകാര്യം ചെയ്യുന്നു. പൂർണമായും കുടുംബ ബിസിനസ് എന്നു വിശേഷിപ്പിക്കാവുന്ന ഈ സ്ഥാപനത്തിൽ 250 തൊഴിലാളികൾ ജോലി ചെയ്യുന്നു.

**പ്രതിദിനം 50000 നാളികേരം സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൂൾതേങ്ങാ ഫാക്ടറിയിൽ ഇപ്പോൾ 12,0000 നാളികേരമാണ് സംസ്കരിക്കുന്നത്. ആഗോള ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കുന്ന സംസ്കരണ പ്ലാന്റാണ് വിറ്റലിന്റെ ഉടൻ പൂർത്തിയാകുന്ന പദ്ധതി. രണ്ടര ലക്ഷം നാളികേരമാണ് പ്രതിദിനം ഇവിടെ സംസ്കരിക്കുക. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പദ്ധതി പൂർണമാകും.**

തൂൾ തേങ്ങയും അനുബന്ധ ഉത്പ്പന്നങ്ങളും കൂടാതെ കശുവണ്ടി, ആൽമോഡ്, വാൾനട്ട് തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം വിപണനം എന്നീ മേഖലകളിലും ഗജാനന ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ മുഖ്യ കാർഷിക ഉത്പ്പന്നങ്ങളുടെയും നാളികേരം കശുവണ്ടി എന്നിവയുടെയും വ്യാപാര- സംസ്കരണ രംഗത്ത് പുതിയ കാൽവയ്പ്പുകൾക്ക് ഒരുങ്ങുകയാണ് ഗജാനന ഗ്രൂപ്പ് ഓഫ് കമ്പനീസ്.

പ്രതിദിനം 50000 നാളികേരം സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൂൾതേങ്ങാ ഫാക്ടറിയിൽ ഇപ്പോൾ 12,0000 നാളികേരമാണ് സംസ്കരിക്കുന്നത്. ആഗോള ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കുന്ന സംസ്കരണ പ്ലാന്റാണ് വിറ്റലിന്റെ ഉടൻ പൂർത്തിയാകുന്ന പദ്ധതി. രണ്ടര ലക്ഷം നാളികേരമാണ് പ്രതിദിനം ഇവിടെ സംസ്കരിക്കുക. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പദ്ധതി പൂർണമാകും. ഇതിലൂടെ ഗുണമേന്മയിലും സംസ്കരണത്തിലും ലോകനിലവാരമുള്ള ഉത്പ്പന്നങ്ങൾ, അവയ്ക്ക് വേണ്ട യന്ത്രസാമഗ്രികൾ, എന്നിവയാണ് വിറ്റലിന്റെ കാഴ്ച്ചപ്പാട്.

നാളികേര വികസന ബോർഡിന്റെ ഏറ്റവും മികച്ച സംസ്കരണ യൂണിറ്റിനുള്ള കഴിഞ്ഞ വർഷത്തെ പുരസ്കാരം വിറ്റലിനായിരുന്നു. ഭുവനേശ്വറിൽ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷി കർഷക ക്ഷേമമന്ത്രി ശ്രീ രാധാമോഹൻ സിങ്ങ് പുരസ്കാരം വിറ്റലിനു സമ്മാനിക്കുകയുണ്ടായി. ■

*ഫോൺ : 0484 2377267*



# വളം ചേർക്കാം

## കിട്ടുന്നതും കിട്ടാവുന്നതും തമ്മിലുള്ള വിടവു നികത്താം

**ആർ ജ്ഞാനദേവൻ**
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

തെങ്ങിന്റെ ഉത്പാദനക്ഷമത അഥവാ വിളവിനെ നേരിട്ടു ബാധിക്കുന്ന പ്രധാന ഘടകമാണ് വളപ്രയോഗം. വർഷം തോറും 80 മുതൽ 100 തേങ്ങ വിളവു തരുന്ന തെങ്ങ് 450 ഗ്രാം നൈട്രജൻ, (1കി.ഗ്രാം യൂറിയക്ക് തുല്യം) 320 ഗ്രാം ഫോസ്ഫറസ്, 1200 ഗ്രാം പൊട്ടാഷ് (2.5 കിഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് വളത്തിന് തുല്യം) 180 ഗ്രാം മഗ്നീഷ്യം (1.0 കി.ഗ്രാം മഗ്നീഷ്യം സൾഫേറ്റിനു തുല്യം) തുടങ്ങിയ പോഷക മൂലകങ്ങൾ മണ്ണിൽ നിന്നും വർഷം തോറും വലിച്ചെടുക്കുന്നു. കൂടാതെ മണ്ണിലുള്ള പോഷക മൂലകങ്ങൾ മണ്ണിലും, മണ്ണിലൂടെ ഒലിച്ചു പോയും, ഊർന്നിറങ്ങിയും കളകൾ വലിച്ചെടുത്തും നഷ്ടപ്പെട്ടു പോകുന്നു. ഈ പ്രക്രിയകൾ വഴി മണ്ണിൽ തെങ്ങിന് ആവശ്യം വേണ്ട പോഷക മൂലകങ്ങളുടെ കുറവ് ഉണ്ടാകുന്നു. ചിട്ടയായി വർഷം തോറുമുള്ള വളപ്രയോഗം കൊണ്ട് പരിഹരിച്ചില്ലെങ്കിൽ തെങ്ങിന്റെ വിളവ് ക്രമേണ കുറയും. അതുകൊണ്ട് തെങ്ങിൻ തോട്ടത്തിലെ ക്രമമായ വളപ്രയോഗം കൊണ്ട് ഈ പ്രധാന പോഷകങ്ങളുടെ മണ്ണിൽ ഉണ്ടാകുന്ന കുറവ് നികത്തേണ്ടത് അനിവാര്യമാണ്. അതായത് തെങ്ങു കൃഷി ലാഭകരമാക്കുന്ന മുഖ്യ ഘടകം വളപ്രയോഗമാണെന്ന് കർഷകർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. തെങ്ങിൽ നിന്ന് കിട്ടുന്ന നാളികേരം തമ്മിലുള്ള വിടവ് നികത്താൻ വളപ്രയോഗം കൂടിയേ തീരൂ.

തെങ്ങിന് നൽകേണ്ട വളങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം. ജൈവവളങ്ങളും, രാസവളങ്ങളും തെങ്ങിന് നൽകേണ്ട ജൈവവളങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. എന്നാൽ രാസ വളങ്ങളെക്കുറിച്ച് മിക്കവാറും കർഷകർക്കും വിശദമായ അറിവ് ഇല്ല എന്നതാണ് വാസ്തവം. അതിനാൽ തെങ്ങിന് നൽകേണ്ട രാസവളങ്ങളെക്കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

തുടർച്ചയായ രാസവള പ്രയോഗം മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടി നശിപ്പിക്കുമെന്നും ഒടുവിൽ ഉൽപാദനം കുറയുമെന്നും ചില കർഷകർ സംശയിക്കുന്നു. എന്നാൽ ശരിയായ രീതിയിൽ മണ്ണിൽ വേണ്ട ജൈവാംശം ചേർത്ത് ശുപാർശ ചെയ്തിരിക്കുന്ന അളവിൽ യഥാ സമയം രാസവളവും ചേർത്തുകൊടുത്താൽ ഉൽപാദന ക്ഷമത പരമാവധി വർദ്ധിപ്പിക്കാമെന്നും ഇതുകൊണ്ട് തെങ്ങിന് ദോഷമൊന്നും സംഭവിക്കില്ല എന്നും ഗവേഷണങ്ങൾ തെളിയിക്കുന്നു.

തെങ്ങിന് ചേർത്തു കൊടുക്കേണ്ട രാസവളത്തിന്റെ അളവ് തെങ്ങിന്റെ പ്രായവും തരുന്ന തേങ്ങായുടെ എണ്ണത്തിനുമനുസരിച്ചായിരിക്കണം. കൂടാതെ മണ്ണു പരിശോധനയിലൂടെ കൃഷിയിടത്തിൽ അടങ്ങിയിരിക്കുന്ന പോഷക മൂലകങ്ങളുടെ അളവ് മനസ്സിലാക്കിയും വളം ചെയ്യാം. അതായത് കായ്ക്കാൻ തുടങ്ങിയ വലിയ തെങ്ങിനും കായ്ക്കാൻ തുടങ്ങാത്ത് തൈതെങ്ങിനും നൽകേണ്ട വളത്തിന്റെ അളവ് വ്യത്യസ്തമാണ്.

തെങ്ങിന് വളർച്ചയ്ക്കും ഉൽപാദനത്തിനും ആവശ്യമായി വരുന്ന ഏറ്റവും പ്രധാനപ്പെട്ട മൂന്നു പോഷക മൂലകങ്ങളാണ്, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവയെ യഥാക്രമം എൻ.പി.കെ(NPK). എന്നീ മൂന്ന് ഇംഗ്ലീഷ് അക്ഷരങ്ങൾ കൊണ്ട് രേഖപ്പെടുത്തുന്നു.

മുകളിൽ പറഞ്ഞ മൂലകങ്ങൾ തെങ്ങിന് ലഭിക്കുന്നതിന് വളപ്രയോഗം ശുപാർശ ചെയ്തിട്ടുണ്ട്. ഈ നേർവളങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | വളത്തിന്റെ പേര് | വളത്തിൽ അടങ്ങിയിരിക്കുന്ന പോഷക മൂലകത്തിന്റെ തോത് |
|---|---|---|
| 1. | യൂറിയ | 46% നൈട്രജൻ |
| 2. | സൂപ്പർ ഫോസ്ഫേറ്റ് | 16% ഫോസ്ഫറസ് |
| | അല്ലെങ്കിൽ | |
| 3. | മസൂറി ഫോസ് | 18-20% ഫോസ്ഫറസ് |
| | അല്ലെങ്കിൽ | |
| 4. | രാജ്ഫോസ് | 18-20% ഫോസ്ഫറസ് |
| 5. | മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 50-60% പൊട്ടാഷ് |
| 6. | ഡോളോ മൈറ്റ് | 18-20% മഗ്നീഷ്യം |
| 7. | മഗ്നീഷ്യം സൾഫേറ്റ് | 16-18% മഗ്നീഷ്യം |

നമ്മുടെ നാട്ടിലെ വർഷങ്ങളായി ചിട്ടയായ വളപ്രയോഗം നടത്താത്ത തെങ്ങിൻ തോപ്പുകളിൽ രാസവളങ്ങൾ ഒഴിവാക്കിക്കൊണ്ട് വമ്പിച്ച വിളവ് പ്രതീക്ഷിക്കേണ്ട. ആണ്ടിൽ 40-50 രൂപയുടെ രാസവളങ്ങൾ ചേർക്കുമ്പോൾ മൂന്നാം വർഷം മുതൽ തെങ്ങിന്റെ പാരമ്പര്യ കഴിവനുസരിച്ച് 50 മുതൽ 100 വരെ തേങ്ങ വരെ കൂടുതലായി ലഭിക്കുമെന്ന് കണ്ടിട്ടുണ്ട്. തിരഞ്ഞെടുത്ത് നട്ട ഉത്തമ ഗുണമുള്ള തൈകൾ വളർന്നുണ്ടായ തെങ്ങുകളിൽ നിന്ന് രാസവള പ്രയോഗത്തിലൂടെ വർദ്ധിച്ച വിളവ് ലഭിക്കുമെന്നത് തീർച്ചയാണ്.

തടത്തിൽ നിന്ന് അരമീറ്റർ വിട്ട് തടത്തിന്റെ പുറം പകുതിയിലാണ് രാസവളം വിതറേണ്ടത്. മുകളിൽ പറഞ്ഞ പട്ടികയിലെ നേർവളങ്ങൾ ഇടുന്നതിനു മുമ്പ് കൂട്ടികലർത്തി വേണം രാസവളം നൽകാൻ, രാസവളം വിതറിയതിനുശേഷം തടത്തിന്റെ അരികിൽ നിന്ന് മണ്ണ് അരിഞ്ഞിട്ട് രാസവളം വെയിൽ ലഭിക്കാത്ത വിധം മൂടണം.

രാസവളവും, ജൈവവളവും ഏകോപിപ്പിച്ചു കൊണ്ടുള്ള വള പ്രയോഗമാണ് തെങ്ങിന് ഏറ്റവും യോജിച്ചത്. മണ്ണിൽ നിന്ന് ഇത്രയേറെ കൂടിയ അളവിൽ പോഷക മൂലകങ്ങൾ വലിച്ചെടുത്ത് നിരവധി ഊർജ്ജദായക വസ്തുക്കൾ നമുക്ക് നൽകുന്ന തെങ്ങിന് ചിട്ടയായ വളപ്രയോഗത്തിലൂടെ മണ്ണിൽ നിന്ന് വലിച്ചെടുക്കുന്നതിനു പകരം പോഷക മൂലകങ്ങൾ വളമായി തെങ്ങിൻ ചുവട്ടിൽ ചേർത്ത് കൊടുത്തെങ്കിൽ മാത്രമേ തെങ്ങിന്റെ ആരോഗ്യം മെച്ചപ്പെടുത്തുവാനും ഉത്പാദനക്ഷമത പരമാവധി ഉയർത്തുവാനും കഴിയൂ. വളപ്രയോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നാളികേര വികസന ബോർഡ് ശാസ്ത്രീയമായ സംയോജിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശന തെങ്ങിൻ തോട്ടങ്ങൾ, തെങ്ങു പുനരുദ്ധാരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഊന്നൽ നൽകുന്ന ഒരു പ്രധാന ഘടകമാണ് സംയോജിത വളപ്രയോഗം.

തെങ്ങിൽ നിന്ന് വരുമാനം പരമാവധി വർദ്ധിപ്പിക്കാൻ വളപ്രയോഗത്തിന്റെ പ്രാധാന്യം മേൽപറഞ്ഞ ശാസ്ത്രീയ വളപ്രയോഗം അവലംബിക്കുക.

വർഷം തോറും തെങ്ങിന് നൽകേണ്ട വളത്തിന്റെ ഏറ്റവും കുറഞ്ഞ തോത് താഴെ കൊടുക്കുന്ന പട്ടിക പ്രകാരമാണ്.

| ക്രമ നമ്പർ | വളത്തിന്റെ പേര് | തെങ്ങിന്റെ പ്രായം | | | | |
|---|---|---|---|---|---|---|
| | | നട്ട് 3 മാസം കഴിഞ്ഞ് | 1-ാം വർഷം | 2-ാം വർഷം | 3 വർഷം | 4വർഷം മുതൽ |
| 1. | യൂറിയ | 75 ഗ്രാം | 240 ഗ്രാം | 490 ഗ്രാം | 750 ഗ്രാം | 750 ഗ്രാം |
| 2. | മസൂറി ഫോസ് | 100ഗ്രാം | 300 ഗ്രാം | 690 ഗ്രാം | 1000 ഗ്രാം | 1000 ഗ്രാം |
| | അല്ലെങ്കിൽ | | | | | |
| | സൂപ്പർ ഫോസ്ഫോറ്റ് | 110ഗ്രാം | 360ഗ്രാം | 740ഗ്രാം | 1100ഗ്രാം | 1100ഗ്രാം |
| 3. | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 110 ഗ്രാം | 360 ഗ്രാം | 740 ഗ്രാം | 1100 ഗ്രാം | 1100 ഗ്രാം |
| 4. | മഗ്നീഷ്യം | | | | 500ഗ്രാം | 500ഗ്രാം |
| | കുമ്മായം/ ഡോളോമൈറ്റ് | | | | 1000ഗ്രാം | 1000ഗ്രാം |
| | കറിയുപ്പ് കരപ്രദേശങ്ങളിൽ | | | | 1000ഗ്രാം | 1000ഗ്രാം |

**വളം ചേർക്കേണ്ട വിധം**

മണ്ണിൽ ഈർപ്പമുള്ളപ്പോൾ മാത്രം വളം ചെയ്യുക. അതായത് മഴക്കാലത്ത് തെങ്ങിനു തടമെടുത്ത് ജൈവ വളങ്ങൾ തടത്തിൽ നിക്ഷേപിച്ചതിനു ശേഷം ശുപാർശ ചെയ്ത അളവിൽ രാസവളം നൽകാം. മഴയുടെ കാഠിന്യം കുറഞ്ഞിരിക്കുന്ന സമയമാണ് വളം ചെയ്യാൻ പറ്റിയത്. കോരിച്ചൊരിയുന്ന മഴയുള്ള ദിവസങ്ങളിലും ആഴ്ചകളിലും രാസവളപ്രയോഗം പാടില്ല. മിക്കവാറും എല്ലാ ആഴ്ചകളിലും രാസവളപ്രയോഗം പാടില്ല. മിക്കവാറും എല്ലാ രാസവളങ്ങളും വെള്ളത്തിൽ അലിഞ്ഞു ചേരുന്നതിനാൽ ഒലിച്ചു പോകാനുള്ള സാധ്യത കൂടുതലാണ്.

കുമ്മായ വസ്തുക്കൾ രാസവളത്തോടൊപ്പം ചേർക്കാൻ പാടില്ല. രാസവളം ചേർക്കുന്നതിന് രണ്ടാഴ്ച മുമ്പായി കുമ്മായമോ ഡോളോമൈറ്റോ ചേർത്ത് കൊടുക്കേണ്ടതാണ്.

ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ മൊത്തം ശുപാർശ ചെയ്ത വളം നാലു തുല്യ ഗഡുക്കളായി നൽകുന്നതാണ് ഉത്തമം.

തെങ്ങിൻ തൈകൾ നട്ട് മൂന്ന് മാസത്തിനുശേഷം വളം ചെയ്തു തുടങ്ങണം. തെങ്ങു വളരുന്നതിനനുസരിച്ച് തെങ്ങിനു ചുറ്റും തടമെടുത്ത് വേണം വളം നൽകാൻ. തടത്തിന്റെ വലിപ്പം തെങ്ങ് തടിവച്ച് കായ്ക്കാൻ തുടങ്ങുമ്പോൾ 1.8 മീറ്റർ മുതൽ 2 മീറ്റർ വരെ വ്യാസത്തിലായിരിക്കണം. ■ *ഫോൺ: 9446054597*

# ഈ സാമ്പത്തിക വർഷം നാളികേര വികസന ബോർഡ് നടത്തുന്ന നൈപുണ്യ വികസന പരിശീലന പരിപാടികൾ

**മിനി മാത്യു,**
പബ്ലിസിറ്റി ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി

കൗശൽ വികാസ് യോജന പദ്ധതിയുടെ മാതൃകയനുസരിച്ച് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള നാളികേര വികസന ബോർഡ് വിവിധ നൈപുണ്യ വികസന പരിപാടികൾ ഏറ്റെടുത്തു നടത്തിവരികയും ഇതു സംബന്ധിച്ച റിപ്പോർട്ട് അതാതു വർഷം കന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു വരുന്നു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലുള്ള തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കേര മേഖലയിൽ ഒട്ടനവധി തൊഴിൽ സാധ്യതകളാണ് നൈപുണ്യ വികസന പദ്ധതിയിലൂടെ സാധ്യമാകുന്നത്.

നാളികേര വികസന ബോർഡ് ഈ സാമ്പത്തിക വർഷം വിവിധ സംസ്ഥാനങ്ങളിലായി നടപ്പാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം / നീര ടെക്നീഷ്യൻസ് പരിശീലന പരിപാടി/കേരകരകൗശല പരിശീലന പരിപാടി എന്നിവ.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം**

നാളികേര വിളവെടുപ്പ് നടത്തുന്നതിനും രോഗ കീട നിയന്ത്രണ പരിപാലന മുറകൾ നടത്തുന്നതിനും തൊഴിലാളികൾ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ആരംഭിച്ചതാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി. വർഷങ്ങൾക്കകം കേരളത്തിലും മറ്റു കേരോത്പാദക സംസ്ഥാനങ്ങളിലുമായി 57647 ൽപരം ചങ്ങാതിമാർക്ക് പരിശീലനം നൽകി കഴിഞ്ഞു. കേരളത്തിൽ ചങ്ങാതിക്കൂട്ടം തെങ്ങ് കയറ്റ തൊഴിലാളികളുടെ സംഘടന തന്നെ രൂപീകരിച്ചു കഴിഞ്ഞു. ഇവരിൽ ചിലർ 1500 മുതൽ 2000 രൂപ വരെ ദിവസ വരുമാനം നേടുന്നുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിൽ രഹിതരായ പല കുടുംബനാഥന്മാരും ഈ തൊഴിലിൽ ഏർപ്പെടുകയും അവരുടെ ജീവിത നിലവാരം ഉയരുകയും ചെയ്തു. വ്യക്തിഗതമായും, ത്രിതല കൂട്ടായ്മകൾ വഴിയും പഞ്ചായത്തുകളിലും മറ്റും രൂപീകരിച്ചിട്ടുള്ള കർമ്മസേനകൾ വഴിയും ചങ്ങാതിക്കൂട്ടം ഇന്ന് തൊഴിലിലേർപ്പെടുന്നു.

ചങ്ങാതി കൂട്ടത്തിന്റെ ഭാഗമായി പരിശീലനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരകൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും, പരിപാലന രീതിയെക്കുറിച്ചും വിദഗ്ദ്ധർ ക്ളാസുകൾ എടുക്കും. ആറു ദിവസത്തെ പരിശീലനത്തിൽ തെങ്ങു കയറ്റം, തെങ്ങു കയറ്റ യന്ത്ര പരിചയം, വിത്ത് തേങ്ങാ സംഭരണം, ആശയ വിനിമയം, സമ്പാദ്യ ശീലം, കൃത്രിമ പരാഗണം, മരുന്നു തളിക്കൽ, സങ്കരണ വിദ്യ, കേര സംരക്ഷണം, കേരകൃഷിയുടെ ശാസ്ത്രീയ വശങ്ങൾ, പരിപാലന രീതി എന്നിവയാണ് പാഠ്യ വിഷയങ്ങൾ. പരിശീലന കാലയളവിൽ



ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പിക്കുവാൻ ജോഗിംഗും, വ്യായാമവും, ശ്വസന പരിശീലനവും, യോഗാ ക്ളാസുകളും നടത്തുന്നുണ്ട്.

ഈ സാമ്പത്തിക വർഷം 195 ബാച്ചുകളിലായി ഏകദേശം നാലായിരത്തോളം ചങ്ങാതിമാർക്ക് ഇന്ത്യയൊട്ടാകെ പരിശീലനം നൽകുകയാണ് ലക്ഷ്യം. ഈ പരിശീലന പരിപാടിയെ ഗൗരവപൂർവ്വം കണക്കിലെടുത്ത് കുറഞ്ഞത് 1 വർഷം ഈ രംഗത്ത് ഉറച്ചു നിൽക്കുമെന്ന് ഉറപ്പുള്ള പരിശീലനാർത്ഥികൾക്ക് മാത്രമാണ് ഈ വർഷം ബോർഡ് പരിശീലനം നൽകുന്നത്. ആയതിനാൽ പരിശീലനാർത്ഥികൾ പരിശീലന കേന്ദ്രങ്ങളുമായി കുറഞ്ഞത് 1 വർഷത്തെ കരാറിൽ ഏർപ്പെടേണ്ടതുണ്ട്.അതത് സംസ്ഥാനങ്ങളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കേരോത്പാദക കമ്പനികൾ, പ്രമുഖ സർക്കാരേതര സ്ഥാപനങ്ങൾ എന്നിവർ വഴിയാണ് പരിശീലനം നൽകുന്നത്. കേരളത്തിൽ മാത്രം ഈ സാമ്പത്തിക വർഷം 30 ബാച്ചുകളുടെ പരിശീലനമാണ് നടത്താനുദ്ദേശിക്കുന്നത്. 20- 25 പേരടങ്ങുന്നതാണ് ഒരു ബാച്ച്. പരിശീലനത്തിൽ പങ്കെടുക്കുന്ന യുവാക്കൾക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി വിതരണം ചെയ്യുന്നു.

സ്ഥിര വരുമാനം ആഗ്രഹിക്കുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള പൂർണ്ണ ആരോഗ്യമുള്ള യുവതീയുവാക്കളെയാണ് പരിശീലനത്തിലേക്ക് ക്ഷണിക്കുന്നത്. അപേക്ഷകർ കുറഞ്ഞത് ഏഴാം ക്ളാസ് പാസായിരിക്കണം. ഒരു ബാച്ചിൽ ഇരുപത്പേർക്ക് താമസ സൗകര്യം ഏർപ്പെടുത്തി കൊണ്ടുള്ള പരിശീലനമാണ് നൽകുന്നത്. പരിശീലനം പൂർത്തിയാക്കിയ ചങ്ങാതിമാരുടെ സേവനം കമ്പനികളും ഫെഡറേഷനുകളും വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.




### നീര ടെക്നീഷ്യൻപരിശീലന പരിപാടി

തെങ്ങിന്റെ വിടരാത്ത പൂങ്കുല ചെത്തിയെടുക്കുമ്പോൾ ലഭിക്കുന്ന പ്രകൃതിദത്ത ആരോഗ്യ പാനീയമാണ് നീര. പ്രകൃതിയുടെ അമൃതും ആബാലവൃദ്ധ ജനങ്ങൾക്ക് അനുയോജ്യവും പോഷകദായകവുമായ നീര പരമാവധി വിപണിയിൽ എത്തിക്കണമെങ്കിൽ നീര ടെക്നീഷ്യന്മാരുടെ സേവനവും ഇതു സംബന്ധിച്ച തൊഴിൽ മേഖലയുടെ വിപുലീകരണവും അനിവാര്യമാണ്. വൃത്തിയും വെടിപ്പുമുള്ള സാഹചര്യത്തിൽ നീര ടാപ്പ് ചെയ്തെടുക്കുന്നതിനായി പരിശീലനം നേടിയവരാണ് നീര ടെക്നീഷ്യന്മാർ. പ്രത്യേകം തയ്യാറാക്കിയ കോഴ്സ് കരിക്കുലം അനുസരിച്ച് നീര ടെക്നീഷ്യന്മാർക്ക് ബോർഡ് പരിശീലനം നൽകുന്നു. കുറഞ്ഞത് 20000 രൂപ വരെ മാസവരുമാനം ഒരു നീര ടെക്നീഷ്യന് ലഭിക്കും. ബോർഡിന്റെ നേതൃത്വത്തിൽ ത്രിതല കൂട്ടായ്മയിലെ കേരോത്പാദക കമ്പനികളും ഫെഡറേഷനുകളുമാണ് 20 പേരടങ്ങുന്ന ഒരു ബാച്ചിന് ആറാഴ്ചത്തെ പരിശീലനവും ഇതോടൊപ്പം രണ്ടാഴ്ച നീണ്ടു നിൽക്കുന്ന ഓൺ ദ ജോബ് ട്രെയിനിംഗും നൽകുന്നത്. ഇതിനോടകം 2613 നീര ടെക്നീഷ്യൻസിനാണ് ബോർഡ് പരിശീലനം നൽകിയിട്ടുള്ളത്. ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നവരുടെ യോഗ്യത തന്നെയാണ് നീര ടെക്നീഷ്യൻസിനും മാനദണ്ഡമാക്കിയിട്ടുള്ളത്. വനിതകൾക്കും അപേക്ഷിക്കാവുന്നതാണ്. സ്വന്തം പുരയിടത്തിലെ കുറഞ്ഞത് 10 തെങ്ങുകളെങ്കിലും ടാപ്പ് ചെയ്യാൻ സന്നദ്ധരായ **ത്രിതല കൂട്ടായ്മയിൽ അംഗമായ കേരകർഷകന് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് മുൻഗണന നൽകും.** തോട്ടമുടമയും കർഷകനുമായ കണ്ണൂരിലെ നീര ടെക്നീഷ്യന് ഈ കഴിഞ്ഞ വർഷം പ്രതിദിനം 2500 രൂപ വീതം വരുമാനമാണ് ലഭിച്ചത് കർഷകർക്കൊരു മാതൃകയാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് 2 വർഷമെങ്കില്ലും ഈ രംഗത്ത് ഉറച്ചുനിൽക്കുമെന്ന് ഉത്പാദക കമ്പനികളുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ട്. നീര ടാപ്പിംഗ് പരിശീലനാർത്ഥികളെ ഈ തൊഴിൽ മേഖലയിൽ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പുള്ള കമ്പനികൾക്കും ഇതുവരെ പരിശീലന പരിപാടിയിലേക്ക് കടന്നിട്ടില്ലാത്ത കമ്പനികൾക്കും ഫെഡറേഷനുകൾക്കും ഓരോ ബാച്ച് വീതം പരിശീലനം നൽകും. കേരളത്തിന് പുറമെ അബ്കാരി റൂൾ ഭേദഗതി ചെയ്ത് നീര ടാപ്പിംഗിന് ലൈസൻസ് നേടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലും നീര ടെക്നീഷ്യൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. ■

### കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി

1. നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം, നീര ടെക്നീഷ്യൻസ് എന്നീ പരിശീലനങ്ങളിൽ പങ്കെടുത്തവർക്കും പരിശീലനത്തിൽ പങ്കെടുക്കാതെ തന്നെ തെങ്ങു കയറ്റം തൊഴിലായി സ്വീകരിച്ച മറ്റ് തൊഴിലാളികൾക്കും ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡുമായി ചേർന്ന് സമഗ്രമായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം ഈ വർഷവും തുടരുന്നതാണ്.
2. ഇൻഷ്വർ ചെയ്യാവുന്ന തുക 2 ലക്ഷവും വാർഷിക വരിസംഖ്യ 92 രൂപയുമാണ്.
3. ഉപഭോക്താവിനുണ്ടാകുന്ന ഏതു തരത്തിലുള്ള അപകടവും 24 മണിക്കൂറിന്റെ മുഴുവൻ സമയ ഇൻഷുറൻസ് പരിരക്ഷയോടെ ലഭ്യമാക്കാവുന്നതാണ്.
4. ബോർഡു നൽകുന്ന പരിശീലനം പൂർത്തിയാക്കിയവരുടെ ആദ്യ വർഷത്തെ പ്രീമിയം ബോർഡു തന്നെ നൽകുന്നതാണ്.
5. ഇൻഷുറൻസ് പുതുക്കലിനായി 92 രൂപയിൽ 23 രൂപ ഗുണഭോക്താവും ബാക്കി തുകയായ 69 രൂപ ബോർഡും നൽകുന്നതായിരിക്കും.
6. പരമ്പരാഗത തെങ്ങുകയറ്റക്കാർക്കും ഈ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാവുന്നതാണ്.

| ഇൻഷുറൻസ് | തെങ്ങിന്റെ ചങ്ങാതി /നീര ടെക്നീഷ്യൻ | പരമ്പരാഗത തെങ്ങു കയറ്റക്കാരൻ ഇൻഷുറൻസ് പുതുക്കൽ |
|---|---|---|
| ആകെ പ്രീമിയം | 92 | 92 |
| സിഡിബി സബ്സിഡി | 92 | 69 |
| ഈടാക്കേണ്ട തുക | 0 | 23 |



### കേര കരകൗശല രംഗത്തെ പരിശീലനം

ഈ സാമ്പത്തിക വർഷം വിവിധ സംസ്ഥാനങ്ങളിൽ 20 ബാച്ചുകളിലായി 300 പേർക്ക് കേര കരകൗശല പരിശീലനം നൽകാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. ഡിമാൻഡ് അനുസരിച്ച് കേര കരകൗശല വസ്തുക്കൾ വിപണിയിൽ എത്തിക്കുകയാണ് ലക്ഷ്യം. ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയിൽ 15 പേരടങ്ങുന്ന ബാച്ചിനാണ് പരിശീലനം നൽകുന്നത്. കേരളത്തിൽ 2 ബാച്ച് പരിശീലന പരിപാടി നടത്തും. കേര കരകൗശല രംഗത്തോട് താൽപര്യവും അഭിരുചിയും ഉള്ള തൊഴിൽ രഹിതരായ യുവാക്കൾക്കാണ് ഈ പരിശീലനം നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ പബ്ലിസിറ്റി വിഭാഗവുമായി ബന്ധപ്പെടുക. ഫോൺ: 0484 2377266





| ചെറുകിട നാളികേര സംരംഭകർക്ക് സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സിഐടി), സൗത്ത് വാഴക്കുളം ആലുവയിൽ നടത്തുന്ന പരിശീലന പരിപാടികൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പരിശീലനം | കാലയളവ് | ഫീസ് | അപേക്ഷകർ/ ബാച്ചൊന്നിന് |
| 1. | നാളികേര ഭക്ഷ്യോത്പന്നങ്ങളുടെ (കോക്കനട്ട് ചിപ്സ്, ബിസ്ക്കറ്റ്, കോക്കനട്ട് അച്ചാറുകൾ, സ്ക്വാഷ് ) നിർമ്മാണ പരിശീലന പരിപാടി (ലഘുഭക്ഷണവും ഊണും ഉൾപ്പെടെ) | 1 ദിവസം | 250 രൂപ | 20 |
| 2. | നാളികേര ഭക്ഷ്യോത്പന്നങ്ങൾ (കോക്കനട്ട് ചിപ്സ്, ബിസ്ക്കറ്റ്, കോക്കനട്ട് അച്ചാറുകൾ, ചമ്മന്തിപ്പൊടി, സ്പൈസി കുക്കീസ്, കോക്കനട്ട് ബോൾസ്) നിർമ്മാണ പരിശീലന പരിപാടി (ലഘുഭക്ഷണവും ഊണും ഉൾപ്പെടെ | 4 ദിവസം | 1000 രൂപ | 20 |
| 3. | നാളികേര വിനാഗിരി (ലഘുഭക്ഷണവും ഊണും ഉൾപ്പെടെ) | 1 ദിവസം | 1500 രൂപ | 20 |
| 4. | ഓറിയന്റേഷൻ പ്രോഗ്രാം | 1 ദിവസം | | |
| 5. | വിദ്യാർത്ഥികൾക്കുള്ള പാഠ്യ പദ്ധതി (ബി.എസ്.സി., എം.എസ്.സി./ ബി. ടെക്/ എം. ടെക് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി, ഫുഡ് പ്രൊസസ്സിംഗ്, ഫുഡ് കെമിസ്ട്രി, ഫുഡ് മൈക്രോബയോളജി) | 1 മാസം | 5000 രൂപ | |
| 6. | കെമിക്കൽ ആന്റ് മൈക്രോബയോളജിക്കൽ ടെസ്റ്റിംഗ് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ പ്രോഡക്ട്സ് | 1/2 ആഴ്ച | 5000 രൂപ (ആഴ്ചയിൽ) | |

*പരിശീലന പരിപാടിയുടെ ഫീസ് പുതുക്കാൻ സാധ്യതയുണ്ട്.*
*കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക, ഫോൺ: 0484-2679680,*

ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ പുതിയ പഠന റിപ്പോർട്ടിൽ 2050 ആവുമ്പോഴേക്കും യുവതലമുറയിലെ വലിയ വിഭാഗം കൃഷി - കാർഷികാനുബന്ധ വൃത്തികളിൽ നിന്നും പിന്മാറുമെന്നും അതോടെ ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ ലോകം വലിയ വെല്ലുവിളികൾ നേരിടേണ്ടി വരുമെന്നും ചൂണ്ടിക്കാട്ടുന്നു.

വിലയിടിവും പ്രകൃതിക്ഷോഭങ്ങളും വിളനഷ്ടവും രോഗങ്ങളുമെല്ലാം കാർഷിക വൃത്തിയിൽ നിന്നും യുവതലമുറയെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്. നമുക്കു ചുറ്റും സമൂഹത്തിൽ നടക്കുന്നതും മറിച്ചല്ല. വലിയ വിഭാഗം യുവാക്കൾ കാർഷിക വൃത്തിയെ കൈയൊഴിയുക തന്നെ ചെയ്തിരിക്കുന്നു. കൃഷിയിൽ തത്പരരായവരാവട്ടെ, ഭക്ഷ്യ വിളകളിൽ ശ്രദ്ധ ചെലുത്തുന്നതേയില്ല. ഭൂരിഭാഗം കൃഷിയിടങ്ങളും നാണ്യവിളകളുടെ ഉത്പാദനത്തിനു മാത്രമായി മാറ്റപ്പെടുന്നു.

ഇവിടെയാണ് കാർഷിക വൃത്തിയിലേക്ക്, പ്രത്യേകിച്ചും ഭക്ഷ്യ വിള കൃഷിയിലേക്ക് പുതിയ തലമുറയെ എങ്ങനെയാകർഷിക്കാം എന്ന ചോദ്യം വീണ്ടും പ്രസക്തമാവുന്നത്.

അധിക വിലയും ഉറപ്പുമുള്ള വിപണിയും കൃഷിക്ക് ഊർജ്ജം പകരും. ഇവ രണ്ടും ഒരേ സമയം കർഷകന് ലഭ്യമാക്കാൻ ഉത്തരവാദിത്ത ടൂറിസത്തേയും കൃഷിയേയും ബന്ധിപ്പിക്കുന്നതിലൂടെ സാധിക്കും.

> **"നാളികേര കൃഷയിടങ്ങളോടനുബന്ധിച്ചുള്ള മത്സ്യം വളർത്തൽ, പ്രാദേശിക പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടേയും കൃഷി, വിളവെടുപ്പ്, മൂല്യവർദ്ധനവ്, തെങ്ങിൻ തോപ്പിൽ നിന്ന് നേരിട്ട് നീര നുകരാനുള്ള അവസരം, കമ്പനിയിൽ നിന്നുള്ള മുഴുവൻ ഉത്പന്നങ്ങൾക്കും ലോകോത്തര വിപണി തുടങ്ങിയവയെല്ലാം എളുപ്പത്തിൽ നടപ്പിലാക്കാനും വിജയിക്കാനും കഴിയും. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും ഇന്റേൺഷിപ്പിനും, കൃഷിയുൾപ്പെടെയുള്ള മേഖലകളിലെ പ്രാദേശിക– പാരമ്പര്യ– അറിവുകൾ പങ്കു വയ്ക്കുന്ന സർവ്വകലാശാലയായും തേജസ്വിനി മാറും."**

**അബ്ദുൾ റസാക്ക്**
എക്സിക്യൂട്ടീവ് ഓഫീസർ, തേജസ്വിനി, കണ്ണൂർ.

# സഞ്ചാരികളെ കാത്ത് തേജസ്വിനി





സംസ്ഥാന സർക്കാർ നവ കേരള മിഷന്റെ ഭാഗമായി ഉത്തര മലബാറിലെ ടൂറിസം പദ്ധതികൾക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. കർഷകരുടെ ഉത്പാദക കമ്പനിയായ തേജസ്വിനിയുടെ നേതൃത്വത്തിൽ കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ കൃഷി, പ്രകൃതി വിഭവ സംരക്ഷണം, വിനോദ സഞ്ചാരം എന്നിവ സംയോജിപ്പിച്ച് കൊണ്ടുള്ള ഉത്പന്ന വിപണനം ലക്ഷ്യമിടുന്നു. ഇതിനായി ഉത്തരവാദിത്ത ടൂറിസവുമായി ചേർന്നുള്ള ബൃഹത് പദ്ധതിയുടെ അവസാന ഘട്ട ചർച്ചകൾ പൂർത്തിയായി കഴിഞ്ഞു. ഇതിലൂടെ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ ഗുണഭോക്താക്കളായ കർഷകരിലേക്കും നേരിട്ടെത്തുകയാണ്.

നാളികേര വികസന ബോർഡിന്റെ കീഴിൽ രാജ്യത്തെ ആദ്യത്തെ നാളികേര കർഷക ഉത്പാദക കമ്പനിയായി പ്രവർത്തനമാരംഭിച്ച തേജസ്വിനി ഇന്ന് ലോകമുറ്റുനോക്കുന്ന മാതൃകയായി വളർന്നിരിക്കുന്നു. നബാർഡിന്റെ സ്കീമിലുൾപ്പെടുത്തിയുള്ള സാമ്പത്തിക സ്രോതസ്സാണ് കമ്പനിയെ മുന്നോട്ട് നയിക്കുന്നത്. വിവിധ മാനേജ്മെന്റ്, സാങ്കേതിക പരിശീലനങ്ങളും നബാർഡ് നൽകുന്നു.

ഉത്തരവാദിത്ത ടൂറിസവുമായി കൈ കോർക്കുന്നതിനായി ടൂറിസം വകുപ്പ്, ഉത്തരവാദിത്ത ടൂറിസം സെൽ, കിറ്റ്സ് എന്നിവ ചേർന്ന് കണ്ണൂരിൽ സംഘടിപ്പിച്ച ഏകദിന ശിൽപശാലയിൽ തേജസ്വിനിയുടെ ഇരുപതിലധികം പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. സമൂഹത്തിലെ എല്ലാവർക്കും ഗുണഫലമുണ്ടാവുന്ന ടൂറിസമാണ് ഭാവിയുടേത് എന്ന് ശിൽപശാല ഉത്ഘാടനം ചെയ്ത സംസ്ഥാന ടൂറിസം മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. മന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. കണ്ണൂർ എം. പി. പി. കെ. ശ്രീമതി ടീച്ചർ, എം.എൽ.എ മാർ, ജില്ലയിലെ വിവിധ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ തുടങ്ങിയവരും ശിൽപശാലയിൽ പങ്കെടുത്തു. പരിപാടിയിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ സംബന്ധിച്ച് തേജസ്വിനിയുടെ ആശയങ്ങൾ അവതരിപ്പിക്കുകയുണ്ടായി. കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ 14 പഞ്ചായത്തുകളിലായി 30000 ത്തിലധികം വരുന്ന കർഷ കുടുംബങ്ങളെ ഏകോപിപ്പിച്ച് ടൂറിസവുമായി ബന്ധിപ്പിക്കുന്നതിലൂടെ ഈ മേഖലയിൽ തേജസ്വിനി ലോകോത്തര മാതൃകയാവും.

തേജസ്വിനിക്കു കീഴിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, കർഷക കൂട്ടായ്മകൾ, വിവിധ കാർഷിക പ്രവർത്തനങ്ങൾ, കൃഷിയറിവുകൾ, കൃഷിയിടങ്ങൾ തുടങ്ങിയവ നേരിട്ടു സന്ദർശിക്കാനും വിലയിരുത്താനുമായി ഉത്തരവാദിത്ത ടൂറിസം സംസ്ഥാന ഫീൽഡ് കോർഡിനേറ്ററായ ശ്രീ. രൂപേഷ് കുമാർ രണ്ട് ദിവസം തേജസ്വിനിയിൽ ക്യാമ്പ് ചെയ്യുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച ജൈവ കർഷകനുള്ള പുരസ്ക്കാരം നേടിയ ജോയ് പെരുമാട്ടിക്കുന്നേലിന്റെ കൃഷിയിടമടക്കം അദ്ദേഹം സന്ദർശിച്ചു. ജൈവസാക്ഷ്യ പത്രമുള്ള ഇത്തരം, ആയിരത്തിലധികം കർഷകർ തേജസ്വിനിക്കു കീഴിലുണ്ട്.

ഉത്തരവാദിത്ത ടൂറിസത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഉത്പാദക സംഘങ്ങളും അതാത് പ്രദേശത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും പ്രത്യേകതകളെയും സഞ്ചാരികൾക്കായി ഒരുക്കി വയ്ക്കും. ഇതിനായുള്ള പ്രാഥമിക സർവ്വേ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നാളികേര കൃഷി, മൂല്യ വർദ്ധനവ്, തുടങ്ങിയവയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സഞ്ചാരികളെ ആകർഷിക്കും. തെങ്ങു കയറ്റം, നീര ടാപ്പിംങ്, ഓലമെടയൽ തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം.

നാളികേര കൃഷയിടങ്ങളോടനുബന്ധിച്ചുള്ള മത്സ്യം വളർത്തൽ, പ്രാദേശിക പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടേയും കൃഷി, വിളവെടുപ്പ്, മൂല്യവർദ്ധനവ്, തെങ്ങിൻ തോപ്പിൽ നിന്ന് നേരിട്ട് നീര നുകരാനുള്ള അവസരം, കമ്പനിയിൽ നിന്നുള്ള മുഴുവൻ ഉത്പന്നങ്ങൾക്കും ലോകോത്തര വിപണി തുടങ്ങിയവയെല്ലാം എളുപ്പത്തിൽ നടപ്പിലാക്കാനും വിജയിക്കാനും കഴിയും. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും മറ്റ് അഭ്യുദയ കാംക്ഷികൾക്കും ഇന്റേൺഷിപ്പിനും, കൃഷിയുൾപ്പെടെയുള്ള മേഖലകളിലെ പ്രാദേശിക- പാരമ്പര്യ- അറിവുകൾ പങ്കുവയ്ക്കുന്ന സർവ്വകലാശാലയായും തേജസ്വിനി മാറും.








ഓരോ കർഷക കൂട്ടായ്മകൾക്കും കീഴിലുള്ള വിനോദ സഞ്ചാര പ്രത്യേകതകളെ തേജസ്വിനിയുടെ ഔദ്യോഗിക വെബ് സൈറ്റായ *www.tejaswinicfpc.com* ൽ നിന്നും സഞ്ചാരികൾക്ക് വിശദമായി മനസ്സിലാക്കാൻ സാധിക്കും. തെരഞ്ഞെടുക്കപ്പെടുന്ന വയ്ക്കുള്ള സേവന നിരക്ക് അതാത് കർഷക കൂട്ടായ്മകളിലേക്കും അതിലൂടെ കർഷകരിലേക്കുമെത്തും. പുരോഗമന പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തിഗത കർഷകരും പദ്ധതിയിലംഗമാകും. ദക്ഷണേന്ത്യയിലെ തന്നെ ഏറ്റവും മികച്ച വൈറ്റ് വാട്ടർ റാഫ്റ്റിംഗ് കേന്ദ്രമായ തേജസ്വിനി എക്സ്ട്രീം അഡ്വഞ്ചേഴ്സ് അടക്കം പദ്ധതിയിൽ തേജസ്വിനിയുമായി കൈകോർക്കും.

കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ ഇത്തരം കർഷക കൂട്ടായ്മകളെ കൂട്ടിയിണക്കുന്ന കേന്ദ്ര സ്ഥാപനമായിരിക്കും തേജസ്വിനി. സഞ്ചാരികളെ കണ്ടെത്തുകയും അവർക്കായി ഓൺലൈൻ ബുക്കിംഗ്, ടൂറിസ്റ്റ് ഗൈഡ്, ട്രാവലിംഗ് സർവ്വീസ്, മറ്റനുബന്ധ സേവനങ്ങൾ എന്നിവ തേജസ്വിനി നൽകും. ഏറ്റവും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കൂട്ടായ്മകൾക്ക് തേജസ്വിനിയുടെ വക പ്രത്യേക പുരസ്ക്കാരവുമുണ്ടാകും.

സ്വദേശികളും വിദേശികളുമടക്കമുള്ള വിനോദസഞ്ചാരികൾ വിദ്യാർത്ഥികൾ, ഗവേഷകർ കോർപ്പറേറ്റുകൾ, സാഹിത്യകാരന്മാർ, ഷൂട്ടിംഗ് ക്രൂ, കല്യാണപ്പാർട്ടികൾ, ആരോഗ്യ പ്രവർത്തകർ തുടങ്ങി മുഴുവൻ ആളുകളേയും തേജസ്വിനി ലക്ഷ്യം വയ്ക്കുന്നു. വലിയ സാമൂഹിക മാറ്റത്തിന് നാന്ദി കുറിക്കുന്ന പദ്ധതിക്ക് ഇതിനകം തന്നെ വിവിധ ഇടങ്ങളിൽ നിന്ന് പ്രോത്സാഹനങ്ങളും അന്വേഷണങ്ങളും ലഭിച്ചു കഴിഞ്ഞു.

പ്രകൃതിയും, സാഹസികതയും, നാടൻ വിഭവങ്ങളും, കൃഷിയറിവുകളും, വേറിട്ട കാഴ്ചകളും അനുഭവിച്ചറിയാനാഗ്രഹിക്കുന്ന, അതിലുപരി സാമൂഹിക മാറ്റത്തിൽ പങ്കാളികളാകാനാഗ്രഹിക്കുന്ന സഞ്ചാരികളെയാണ് തേജസ്വിനി കാത്തിരിക്കുന്നത്. ■ ഫോൺ: 9495492600


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 രൂ. | 1600 രൂ. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 രൂ. | 5000 രൂ. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 രൂ. | 1000 രൂ. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 രൂ. | 1000 രൂ. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 രൂ. | 1000 രൂ. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 രൂ. | 1000 രൂ. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.
**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**



# കരുതിയിരിക്കുക, തെങ്ങിലെ മഴക്കാല രോഗങ്ങളെ

**ദീപ്തി. ആർ**, ടെക്നിക്കൽ ഓഫീസർ,
നാളികേര വികസന ബോർഡ്, കൊച്ചി - 11

തെങ്ങിലെ രോഗ നിയന്ത്രണം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. പ്രത്യേകിച്ചും മഴക്കാലത്ത്. കർക്കിട മഴയോടൊപ്പം തെങ്ങിന്റെ ശത്രുക്കളും രോഗങ്ങളും അധികരിക്കാൻ സാദ്ധ്യതകളേറെയാണ്. തുടരെ പെയ്യുന്ന മഴയിൽ അന്തരീക്ഷത്തിലെ ഈർപ്പം കൂടുന്നതും ചൂട് കുറയുന്നതും രോഗങ്ങളുടെ രൂക്ഷമായ ആക്രമണത്തിനു വഴി തെളിക്കും. അതിനാൽ തന്നെ മഴക്കാല രോഗ പ്രതിരോധം ഏറെ ശ്രദ്ധയാകർഷിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന ചില പ്രധാന രോഗങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങളും എന്താണെന്ന് നോക്കാം.





**1. കൂമ്പു ചീയൽ** : മഴക്കാലമെത്തുന്നതോടെ ശക്തി പ്രാപിക്കുന്ന കൂമ്പു ചീയൽ രോഗം ഫൈറ്റോഫ്‌ത്തോറ എന്ന കുമിൾ മൂലമാണ് ഉണ്ടാകുന്നത്. മിക്ക തെങ്ങിൻ തോട്ടങ്ങളിലും കാണുന്ന ഈ രോഗം നാമ്പോലയിൽ മഞ്ഞ നിറമായാണ് ആദ്യം കാണുക. പിന്നീട് നാമ്പോല ഒടിഞ്ഞു തൂങ്ങുകയോ ഉണങ്ങി വാടുകയോ ചെയ്യും. നാമ്പോലയുടെ അടി വശം ചീഞ്ഞ് ദുർഗന്ധം വമിക്കും. ചീഞ്ഞു തുടങ്ങിയ നാമ്പോലകൾ എളുപ്പത്തിൽ വലിച്ചൂരിയെടുക്കാം. തെങ്ങിന്റെ മണ്ട മുഴുവൻ നശിച്ചു പോകും. എല്ലാ പ്രായത്തിലുള്ള തെങ്ങിലും ഈ രോഗം ബാധിക്കും. എന്നിരുന്നാലും ഇളം പ്രായത്തിലുള്ള തെങ്ങിലും ഈ രോഗം ബാധിക്കും എന്നിരുന്നാലും ഇളം പ്രായത്തിലുള്ള തെങ്ങുകളിലാണ് കൂടുതലായി കാണുക.

**നിയന്ത്രണം :** മഴക്കാല രോഗമായതിനാൽ തന്നെ മഴ ശക്തി പ്രാപിക്കുന്നതിന് മുമ്പ് തന്നെ കരുതൽ നടപടികൾ ചെയ്യേണ്ടതാണ്. പറമ്പിലെ എല്ലാ തെങ്ങുകളുടേയും മണ്ട വൃത്തിയാക്കി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുന്നത് ഈ രോഗത്തെ അകറ്റി നിർത്തും. മഴവെള്ളവും ഒച്ചുകളും ഈ രോഗം പടരാൻ സഹായിക്കുന്നത് കൊണ്ട് തന്നെ മഴയ്ക്ക് മുമ്പുള്ള മണ്ട വൃത്തിയാക്കൽ ഏറെ നിർബന്ധമാണ്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാസർഗോഡിൽ വികസിപ്പിച്ചെടുത്ത "ട്രൈക്കോഡർമ്മ ചകിരിച്ചോർ കേക്കുകൾ" രണ്ടെണ്ണം തെങ്ങിന്റെ മണ്ടയിലെ ഉള്ളിലായുള്ള ഓല മടക്കുകളിൽ നിക്ഷേപിക്കുന്നതും ഈ രോഗത്തെ നിയന്ത്രിക്കും.

രോഗത്തിന്റെ ആരംഭ ദശയിൽ രോഗ ബാധിതമായ ഓലക്കാലുകളും നാമ്പോലയുടെ ഭാഗങ്ങളും വെട്ടി മാറ്റി അവിടെ ബോർഡോ കുഴമ്പ് പുരട്ടണം. 100 ഗ്രാം തുരിശും 100 ഗ്രാം ചുണ്ണാമ്പും, വെവ്വേറെ 500 മില്ലി. വീതം വെള്ളത്തിൽ കലക്കി ലയിപ്പിച്ച് ഒരു ലിറ്റർ കുഴമ്പാക്കിയെടുക്കണം. കുഴമ്പ് പുരട്ടിക്കഴിഞ്ഞ് ഈ ഭാഗം പ്ലാസ്റ്റിക് കടലാസുപയോഗിച്ച് വെള്ളം കടക്കാത്ത വിധം വായു സഞ്ചാരം ലഭിക്കും വിധം പൊതിഞ്ഞു വയ്ക്കണം.

**ഓല ചീയൽ :** മഴയുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്ന മറ്റൊരു രോഗമാണ് ഓലചീയൽ. പലയിനത്തിലുള്ള കുമിൾ മൂലമാണ് ഓലചീയൽ ഉണ്ടാകുന്നത്. തുടക്കത്തിൽ നാമ്പോലകളിൽ പച്ച നിറത്തിൽ പൊള്ളലേറ്റ പോലെ കാണുന്ന ചെറിയ പുള്ളികൾ പ്രത്യക്ഷമാകും ക്രമേണ ഈ പുള്ളികൾ നിറം മാറി ചീഞ്ഞ് വലുതാകുകയും ഓലക്കാലുകളുടെ അരികും മൂലയുമെല്ലാം കറുത്ത് കരിഞ്ഞുണങ്ങും . തുടരെയുള്ള രോഗബാധ തെങ്ങിന്റെ മണ്ടയിലെ എല്ലാ ഓലകളെയും ബാധിക്കും. ഈ രോഗം വന്ന തെങ്ങുകളുടെ ഉൽപാദന ക്ഷമത സാവധാനം കുറഞ്ഞു വരുന്നു. ചിലപ്പോൾ രോഗം ബാധിച്ച തെങ്ങിലെ ഓലകൾ ഒട്ടി വിടരാതെ നിൽക്കും.



**നിയന്ത്രണം**

ഗുരുതര രോഗം ബാധിച്ച തെങ്ങിലെ ചീഞ്ഞ ഭാഗങ്ങൾ വെട്ടി മാറ്റി 2 മിലി, ഹെക്സാകോണാസോൾ എന്ന കുമിൾ നാശിനി കലർന്ന 300 മി.ലി. മിശ്രിതം തെങ്ങിന്റെ മണ്ടയിൽ ഒഴിക്കണം. മഴയ്ക്കു മുമ്പേ വർഷത്തിൽ രണ്ട് തവണ (ഏപ്രിൽ - മെയ്), ഒക്ടോബർ - നവംബർ) ഇതേ കുമിൾ നാശിനി 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെങ്ങിന്റെ മണ്ടയിൽ തളിക്കുന്നത് ഈ രോഗത്തിന്റെ ആക്രമണം തടയും.



**ചെന്നീരൊലിപ്പ്**

തെങ്ങിൻ തടയിലുണ്ടാകുന്ന വിള്ളലുകളിലൂടെ തവിട്ടു കലർന്ന ചുവന്ന നിറത്തിലുള്ള ദ്രാവകം ഊറി വരുന്നതാണ് പ്രധാന ലക്ഷണം. കറ ഊറി വരുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റിയാൽ ഉൾ വശം ചീഞ്ഞിരിക്കുന്നത് കാണാം. തുടക്കത്തിൽ വലിയ നഷ്ടമുണ്ടാകില്ലെങ്കിലും ഈ രോഗം തെങ്ങിന്റെ ഉൽപാദനത്തെ ബാധിക്കും. ഒരു തേങ്ങ പോലും ഉൽപാദനമില്ലാത്ത ഒരു അവസ്ഥയിലേക്ക് വരെ ഈ രോഗം തെങ്ങിനെ എത്തിച്ചേക്കാം. അതിനാൽ രോഗ ബാധ കാണുമ്പോൾ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ ചെയ്യേണ്ടതാണ്. മണ്ണിൽ കാണുന്ന രോഗാണു മഴ വെള്ളത്തിൽ തെറിച്ച് തെങ്ങിൻ തടിയിൽ എത്തിയാണ് രോഗം ആരംഭിക്കുന്നത്. അതുകൊണ്ട് തന്നെ മഴക്കാലത്ത് നീർവാർച്ച സൗകര്യം ഏർപ്പെടുത്തണം.

**നിയന്ത്രണം**

രോഗബാധ കാണുന്ന ഭാഗത്തെ കറ വരുന്ന പുറം തൊലി നല്ല മൂർച്ചയുള്ള ഉളി/ കത്തി വച്ച് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5% വീര്യമുള്ള കാർബെൻഡാനിസം 50 WP എന്ന കുമിൾ നാശിനി പുരട്ടണം. 0.1% വീര്യമുള്ള കാർബെൻഡാനിസം 50 WP , 40 ലിറ്റർ തെങ്ങിൻ ചുവട്ടിൽ ഒഴിച്ചു കൊടുത്താലും മതിയാകും.

**മഹാളി**

തെങ്ങിലും മഹാളി രോഗമോ? എന്ന് അതിശയിക്കേണ്ട. തെങ്ങിലെ ഇളം പ്രായത്തിലെ തേങ്ങകളും മച്ചിങ്ങകളും പൊഴിഞ്ഞു പോകുന്നതാണ് രോഗ ലക്ഷണം. ഇളം തേങ്ങകളിലും മച്ചിങ്ങകളിലും ഞെട്ടിൻ ഭാഗത്തായി ചീഞ്ഞ പോലുള്ള പാടുകൾ പ്രത്യക്ഷപ്പെടും.

പിന്നീട് ഇത് മച്ചിങ്ങ മുഴുവനായും തേങ്ങകളുടെ ഉള്ളിലേക്കും വ്യാപിക്കുന്നു. പ്രായമാകാത്ത ഇത്തരം തേങ്ങകൾ കുലയിൽ നിന്ന് അടർന്ന് വീണ് പോവുന്നു. മഴക്കാലം ശക്തമാകുമ്പോൾ ഇത്തരം കായ് ചീയലും തുടർന്നുള്ള കായ് പൊഴിയലും കൂടുന്നതാണ്.

**നിയന്ത്രണം :** 1% വീര്യമുള്ള ബോർഡോ മിശ്രിതമോ 0.2% വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡോ

(കുമിൾ നാശിനി) മഴയ്ക്ക് മുമ്പും മഴതുടങ്ങി 40-45 ദിവസത്തെ ഇടവേളകളിലും തെങ്ങിന്റെ മണ്ടയിൽ തളിക്കേണ്ടതാണ്. ജൈവ കൃഷി തോട്ടങ്ങളിൽ 10% വീര്യത്തിലുള്ള വെളുത്തുള്ളി മിശ്രിതവും പ്രയോഗിക്കാവുന്നതാണ്.



ഏതു രോഗവും വരാതിരിക്കാനായുള്ള പ്രതിരോധ മാർഗ്ഗങ്ങളാണ് പ്രധാനമായും ചെയ്യേണ്ടത്. കൃത്യമായുള്ള മണ്ട വൃത്തിയാക്കലും ബോർഡോ മിശ്രിത പ്രയോഗവും മറ്റും രോഗങ്ങളെ തടയുവാൻ സഹായിക്കും. എന്നിരുന്നാലും മഴക്കാല രോഗങ്ങൾ വരാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. കൃത്യമായ നോട്ടവും പരിചരണവും നൽകി മഴക്കാല രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തി തെങ്ങുകളുടെ ആരോഗ്യം കാത്തു സൂക്ഷിക്കുക. *ഫോൺ : 9488261382*

# ആരാണീ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ? എന്താണവരുടെ പരിപാടി?

**ആബെ ജേക്കബ്**
ഡപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി -11

> **വെളിച്ചെണ്ണയ്ക്കെതിരെ ദുഷ്ടലാക്കോടെയുള്ള ആരോപണവുമായി രംഗത്തിറങ്ങിയിരിക്കുന്ന അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ പിന്നിൽ ആരാണ്. അവർ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്ക് ശാസ്ത്രീയ അടിത്തറയുണ്ടോ.**

പൂരിത കൊഴുപ്പമ്ലത്തിന്റെ പേരിൽ വെളിച്ചെണ്ണ ആരോഗ്യത്തിന് ഹാനികരമാണെന്നും അത് ഹൃദ്രോഗ സാധ്യത വർധിപ്പിക്കുമെന്നും മറ്റും ആരോപണങ്ങളുമായി 1970 ൽ രംഗത്തെത്തിയ അമേരിക്കൻ ഹാർട്ട് അസോസിയേഷനെ കുറിച്ച് അന്നുമുതലാണ് മലയാളികൾ, പ്രത്യേകിച്ച് ഇവിടുത്തെ നാളികേര കൃഷിക്കാർ കേട്ടു തുടങ്ങിയത്. യഥാർത്ഥത്തിൽ ആരാണീ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ?, എന്താണ് അവരുടെ പിരിപാടി?.

അമേരിക്കൻ ജനങ്ങൾക്കിടയിലുള്ള ഹൃദ്രോഗാനുബന്ധ രോഗങ്ങളും മരണവും വർധിച്ചു വന്ന സാഹചര്യത്തിൽ ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി കുറെ ഡോക്ടർമാർ ചേർന്ന് അസോസിയേഷൻ ഫോർ പ്രിവെൻഷൻ ആൻഡ് റലീഫ് ഓഫ് ഹാർട്ട് ഡിസീസ് എന്ന പേരിൽ 1914 ൽ ന്യൂയോർക്കിൽ ഒരു സംഘടന ആരംഭിച്ചു. ഏതാണ്ട് ഇതെ കാലഘട്ടത്തിൽ ബൂസ്റ്റൺ, ഫിലഡൽഫിയ, ചിക്കാഗോ തുടങ്ങിയ നഗരങ്ങളിലും സമാന ആശയവുമായി ചെറിയ ചെറിയ ഗ്രൂപ്പുകൾ രൂപം കൊണ്ടു. ദേശീയ തലത്തിൽ ഇത്തരം ബോധവത്ക്കരണത്തിന്റെ ആവശ്യകത മനസിലാക്കി 1924 ൽ ചെറിയ ഗ്രൂപ്പുകളിൽ നിന്നുള്ള പ്രതിനിധികളായ ആറ് ഹൃദ്രോഗ വിദഗ്ധർ ചേർന്ന് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ എന്ന സംഘടനയ്ക്ക് രൂപം നല്കുകയായിരുന്നു. 1940 വരെ ഈ സംഘടന കാര്യമായ പ്രവർത്തനങ്ങൾ ഒന്നുമില്ലാതെ നിശബ്ദമായി തുടർന്നു. പ്രവർത്തനത്തിനുള്ള പണം ഇല്ലായിരുന്നു എന്നതാണ് സത്യം.

എന്നാൽ 1940 ൽ ബഹുരാഷ്ട്ര കമ്പനിയായ പ്രോക്ടർ ആൻഡ് ഗാമ്പിൾ 1.5 ദശലക്ഷം ഡോളർ സംഭാവനയായി നല്കി ഇവരെ സാമ്പത്തികമായി സഹായിച്ചു. പണം കിട്ടിയതോടെ അസോസിയേഷൻ ഉഷാറായി. 1950 ൽ അസോസിയേഷൻ കൊഴുപ്പും ഹൃദ്രോഗവുമായി ബന്ധപ്പെട്ട ഗവേഷണം ആരംഭിച്ചു. പക്ഷെ അവരുടെ ഗവേഷണം എപ്പോഴും സംശയത്തിന്റെ നിഴലിൽ ആയിരുന്നു. ഹൃദ്രോഗനിരക്ക് ലഘൂകരിക്കുന്നതിനായി പൂരിത കൊഴുപ്പിനു പകരം അവർ നിരന്തരം ശക്തമായി ശിപാർശ ചെയ്തത് ഒമേഗ 6 അടങ്ങിയ അപൂരിത കൊഴുപ്പിനെയാണ്. പക്ഷെ ഇതിന് ആധുനിക ഗവേഷണത്തിന്റെ പിൻബലം ഇല്ല. അസോസിയേഷൻ വെളിച്ചെണ്ണയ്ക്ക് എതിരെ തിരിയുന്നത് 1970 ലാണ്. ഇത് ലോകമെമ്പാടുമുള്ള ചെറുകിട നാളികേര കൃഷിക്കാരുടെ ഭാവി ഇരുളിലാഴ്ത്തി. വെളിച്ചെണ്ണയ്ക്ക് എതിരെ അസോസിയേഷൻ ഉന്നയിച്ച ആരോപണങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നിലവാരം കുറഞ്ഞ മറ്റ് ഭക്ഷ്യഎണ്ണ ലോബികൾ അന്താരാഷ്ട്ര മാർക്കറ്റിൽ ഇടം പിടിച്ചു. ഏറ്റവും കൂടുതൽ വിപണി പിടിച്ചത് അമേരിക്കൻ ഉത്പ്പന്നമായ സോയബീൻ എണ്ണ തന്നെ. പാമോയിൽ ലോബിക്കും ഇത് ഗുണകരമായി. വെളിച്ചെണ്ണയുടെയും അതിൽ നിന്നുള്ള മറ്റ് ഉത്പ്പന്നങ്ങളുടെയും വിപണി ഇതോടെ ഇടിഞ്ഞു.

അമേരിക്കൻ ലോബിയുടെ ആരോപണങ്ങളെ ചെറുക്കാനുള്ള ശക്തവും ശാസ്ത്രീയവുമായ ഗവേഷണഫലങ്ങൾ അസംഘടിതരായ നാളികേര കൃഷിക്കാരുടെ പക്കൽ അന്ന് ഉണ്ടായിരുന്നില്ല. ഈ സമയത്താണ് നളികേരത്തിനും വെളിച്ചെണ്ണയ്ക്കും എതിരെ നടന്നു വന്ന ഈ കുപ്രചരണങ്ങളെ നേരിടാൻ നാളികേര വികസന ബോർഡ് മുൻകൈയെടുത്ത് കേരള സർവകലാശാലയിലെ അന്നത്തെ ബയോകെമിസ്ട്രി വകുപ്പദ്ധ്യക്ഷൻ ഡോ.രാജ്മോഹനെ ചുമതലപ്പെടുത്തിയത്. നാലു വർഷം നീണ്ട ഗവേഷണത്തിനൊടുവിൽ അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ ആരോപണത്തിൽ കഴമ്പില്ല എന്നും, വെളിച്ചെണ്ണ യഥാർത്ഥത്തിൽ മനുഷ്യ ശരീരത്തിന്റെ ആരോഗ്യത്തിനും രോഗപ്രതിരോധ ശേഷിക്കും ഉത്തമമാണ്

എന്നും ഡോ. രാജ്മോഹൻ സ്ഥാപിച്ചു. ഈ ഗവേഷണ നിഗമനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ അംഗീകാരവും ലഭിച്ചു.

ഇതിനിടെ പച്ചത്തേങ്ങയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വെർജിൻ വെളിച്ചെണ്ണ എന്ന പരിശുദ്ധമായ ഉത്പ്പന്നവും വിപണിയിൽ ഇറക്കാൻ നാളികേര സമൂഹത്തിനായി. വെർജിൻ വെളിച്ചെണ്ണയുടെ ഔഷധഗുണങ്ങളും രോഗപ്രതിരോധ ശേഷിയും വളരെ വേഗത്തിൽ ലോകരാജ്യങ്ങളിൽ പ്രചരിച്ചു. വെളിച്ചെണ്ണയെ പടിക്കു പുറത്ത് നിർത്തിയിരുന്ന അമേരിക്കൻ ജനത പോലും സ്ഥിരം അത് ഉപയോഗിക്കുന്ന ശീലത്തിലേയ്ക്ക് വന്നത് സോയാബീൻ ലോബിയെയും മറ്റും കുറച്ചൊന്നുമല്ല പരിഭ്രാന്തരാക്കിയത്. അതിന്റെ പ്രതിഫലനമാണ് കഴിഞ്ഞ മാസം അസോസിയേഷൻ വെളിച്ചെണ്ണയ്ക്ക് എതിരെ പുറത്തിറക്കിയ ചുവപ്പ് കാർഡ്.

ആർക്കോ വേണ്ടി ബോധപൂർവം നടത്തിയിരിക്കുന്ന പ്രചാരണ പരിപാടിയാണിതെന്നു ഈ പത്രക്കുറിപ്പ് വിശകലനം ചെയ്യുമ്പോൾ വ്യക്തമാകും. അതായത്, വെളിച്ചെണ്ണയുടെയും അനുബന്ധ നാളികേര ഉത്പ്പന്നങ്ങളുടെയും വിശ്വാസ്യത തകർക്കുന്നതിനായി പണം വാങ്ങി നടത്തിയ ഗവേഷണത്തിന്റെ ബാക്കി പത്രം.... കാരണങ്ങൾ പലതാണ്.

ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സംഘടന എന്ന നിലയിൽ അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ നിലനില്പ്പിന് സ്പോൺസർമാരുടെ സംഭാവനകളാണ് അവലംബം. സബ്‌വെ, ഷീറിയോസ്, ബെയർ തുടങ്ങിയ ബഹുരാഷ്ട്ര ഭീമന്മാരാണ് അമേരിക്കൻ ഹാർട്ട് അസോസിയേഷനെ സാമ്പത്തികമായി സ്ഥിരം സഹായിക്കുന്ന കോർപ്പറേറ്റ് സ്പോൺസർമാർ. അവർ ചെലവഴിക്കുന്ന പണത്തിനു പകരമായി അസോസിയേഷന്റെ ഹൃദയപരിശോധനാ പരിപാടി കമ്പനികൾക്ക് സ്വന്തമാക്കാം. ഈ പരിപാടിയിൽ രോഗികൾക്കായി നിശ്ചിത ആഹാരക്രമം നിർദ്ദേശിക്കും. അതിൽ ഈ കോർപ്പറേറ്റ് കമ്പനികളുടെ ഹണിനട്ട് ,ഓറഞ്ച് ജൂസ്, വി 8 ഫ്യൂഷൻ തുടങ്ങിയ ഉത്പ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തി ചേതമില്ലാത്ത ഉപകാരം അസോസിയേഷൻ ചെയ്തുകൊടുക്കും. കമ്പനികൾക്ക് അതുവഴി ചെറുതല്ലാത്ത സാമ്പത്തിക നേട്ടം ലഭിക്കുകയും ചെയ്യും. ഇപ്രകാരം ഹൃദയ പരിശോധനയുടെ ചെലവുകൾ വഹിക്കാൻ ശേഷിയുള്ള കമ്പനികളുടെ ഉത്പ്പന്നങ്ങളിൻ മേൽ ഹൃദയ ആരോഗ്യത്തിന് യോജിച്ചത് എന്ന ലേബൽ ചേർക്കാനും അസോസിയേഷൻ അനുവദിക്കും. ഇവിടെയാണ് അസോസിയേഷന്റെ പ്രവർത്തനത്തിൽ സംശയം ഉയരുന്നത്.

ഇപ്പോൾ വെളിച്ചെണ്ണയിൽ അവർ നടത്തിയതായി പറയപ്പെടുന്ന ഗവേഷണത്തിന്റെ ആധികാരികതയും പരിശോധനാ വിധേയമാക്കണം. കാരണം ഈ ഗവേഷണത്തിനാവശ്യമായ സാമ്പത്തിക സഹായം നല്കിയിരിക്കുന്നത് കേർപ്പറേറ്റ് കമ്പനികളോ ഗവൺമെന്റ് സ്ഥാപനങ്ങളോ ആണ്. ഇതിന്റെ സ്വാധീനം ന്യായമായും ഗവേഷണത്തെ ബാധിക്കാം. മനുഷ്യരിലാണല്ലോ ഭക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണം നടക്കുക. കഴിക്കുന്ന ഭക്ഷണത്തെ കുറിച്ച് മനുഷ്യർ സാധാരണ നേരു പറയാറില്ല. അല്ലെങ്കിൽ അവരെ മുറിക്കുള്ളിൽ പൂട്ടിയിട്ട് നിർദ്ദിഷ്ട ഭക്ഷണം കൃത്യമായ അളവിൽ നിർബന്ധിച്ച് കഴിപ്പിക്കണം. അല്ലാത്ത പക്ഷം ഭക്ഷണം, അതിന്റെ ഇടവേളകൾ എന്നിവയെല്ലാം സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങൾ അർദ്ധസത്യവും അശാസ്ത്രീയവുമായിരിക്കും. മാത്രവുമല്ല പല നിഗമനങ്ങളും നിക്കോളാസ് കേജിന്റെ മുങ്ങിമരണ സിദ്ധാന്തവുമായി ബന്ധിതമാണ്. പ്രശസ്ത അമേരിക്കൻ സിനിമാ സംവിധായകനും നടനുമായ കേജിന്റെ പല കഥാപാത്രങ്ങളും സിനിമയിൽ നീന്തൽ കുളത്തിൽ മുങ്ങി മരിക്കുന്നുണ്ട്. അതു



കൊണ്ട് അക്കാലത്തെ മിക്ക മുങ്ങിമരണങ്ങളും കേജിന്റെ സ്വാധീനം മൂലമാണെന്നു പറഞ്ഞാൽ അതിൽ എന്തു യുക്തിയാണ് ഉള്ളത്. അടുത്തനാളിൽ അമേരിക്കയിൽ ഹൃദ്രോഗികളിൽ നടത്തിയ പല അഗ്രഗ്രഥനങ്ങളിൽ നിന്നു ലഭിച്ച ഫലത്തിന് പൂരിത കൊഴുപ്പുമായി വിദൂര ബന്ധം പോലും ഇല്ലായിരുന്നു. അസോസിയേഷൻ 1960 കളിൽ നടത്തിയ ചില അപഗ്രഥനങ്ങളുടെ ചുവടു പിടിച്ചാണ് ഇപ്പോൾ പുതിയ നിഗമനങ്ങളിൽ എത്തിയിരിക്കുന്നത്. ഈ നാലു പഠനങ്ങളും ഉൾപ്പെടുത്താൻ യോഗ്യതയുള്ളവയാണെന്ന് അവർ അവരുടെ പ്രബന്ധത്തിൽ പരാമർശിക്കുന്നുമുണ്ട്. ഇതിലെ ഏറ്റവും പ്രശസ്തമായത് ഫർമിങ്ഹാം പഠനമാണ്. ഇതിൽ പൂരിത കൊഴുപ്പും ഹൃദയരോഗവും തമ്മിൽ ബന്ധമുണ്ടെന്നുള്ളതിനു ശക്തമായ ഒരു തെളിവും ഇല്ല.

ഹൃദ്രോഗ സാധ്യത വർധിപ്പിക്കാനുള്ള കൊളസ്ട്രോളിന്റെ പ്രധാന കാരണം പൂരിത കൊഴുപ്പാണ്. വെളിച്ചെണ്ണയിൽ ഉയർന്ന അളവിൽ പൂരിത കൊഴുപ്പുകൾ അടങ്ങിയിട്ടുമുണ്ട്. ഒലിവ് എണ്ണയിൽ ഉള്ളതിനെക്കാൾ അത് കൂടുതലാണ്. ഏകദേശം 82 ശതമാനം. പന്നിയിറച്ചിയിൽ ഇത് 39 ശതമാനമാണ്. പോത്തിറച്ചിയിൽ 50 ഉം ബട്ടറിൽ 63 ഉം ആണ് പൂരിത കൊഴുപ്പിന്റെ അളവ്. എന്നാൽ വെളിച്ചെണ്ണയിലെ പൂരിത കൊഴുപ്പ് രക്തത്തിൽ നല്ല കൊളസ്ട്രോൾ വർധിപ്പിക്കുകയും ചീത്ത കൊളസ്ട്രോൾ കുറയ്ക്കുകയും ചെയ്യുന്നു എന്നതാണ് പരമാർത്ഥം. ബട്ടർ, ചീസ്, റെഡ്മീറ്റ്, മാംസം എന്നിവയുടെ ഉപയോഗം ചീത്ത കൊളസ്ട്രോളിന്റെ അളവ് വർധിപ്പിക്കും. ചീത്ത കൊളസ്ട്രോൾ കൂടുന്നത് രക്തധമനികളിൽ പ്ലേക്ക് അടിഞ്ഞുകൂടാൻ കാരണമാകും. ഇത് ഹൃദ് രോഗത്തിലേയ്ക്കും പക്ഷാഘാതത്തി( സ്ട്രോക്ക്) ലേയ്ക്കും നയിക്കും. അതിനാൽ ഇത്തരം ഭക്ഷണസാധനങ്ങൾ പരമാവധി ഒഴിവാക്കിയാൽ ഹൃദ്രോഗ സാധ്യതയിൽ നിന്നു രക്ഷപ്പെടാം എന്നാണ് വിദഗ്ധർ നിർദ്ദേശിക്കുന്നത്. നിർഭാഗ്യവശാൽ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ വെളിച്ചെണ്ണയെയും ഈ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശാസ്ത്രീയമായി പറഞ്ഞാൽ എണ്ണയിൽ ഉള്ളത് കൊളസ്ട്രോൾ അല്ല, ഫാറ്റി ആസിഡുകളാണ്. ഇവ പൂരിതവും അപൂരിതവും ഉണ്ട്. ഇതിൽ പൂരിത കൊഴുപ്പമ്ലങ്ങളാണ് ശരീരത്തിലെത്തിയാൽ ചീത്ത കൊളസ്ട്രോളായി മാറുന്നത്. അപൂരിത കൊഴുപ്പമ്ലങ്ങളാണ് ഉള്ളിൽ ചെല്ലുന്നതെങ്കിൽ നല്ല കൊളസ്ട്രോളായി മാറ്റപ്പെടും. ബാക്കി ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനായി ഉപയോഗിക്കും. മിച്ചം വരുന്നത് ശരീരത്തിൽ കൊഴുപ്പ് രൂപത്തിൽ സൂക്ഷിക്കും. ഇതാണ് അപകടകാരി. അതിനാൽ പൂരിതമോ അപൂരിതമോ എന്തായാലും കൊഴുപ്പ് ഒരു പരിധി കഴിഞ്ഞാൽ പ്രശ്നമാണ്. അതിനാൽ വെളിച്ചെണ്ണയെ മാത്രം പ്രതിക്കൂട്ടിൽ നിറുത്തേണ്ട ആവശ്യവുമില്ല. ■

*ഫോൺ : 94470426972*

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

## സംഘടിത ശക്തിയാകുന്നു




**രാജീവ് തുരുത്തിപ്പിള്ളി**

**ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാനുള്ള തത്രപ്പാടിൽ കടക്കെണിയിൽപ്പെട്ടുപോയ എത്രയെത്ര വ്യക്തികളാണിന്ന് നാളികേര വികസന ബോർഡ് സമ്മാനിച്ച കോക്കനട്ട് ക്ലൈംബറിലൂടെ ജീവിതം തിരിച്ചു പിടിച്ചിട്ടുള്ളത്. ഇതിനൊരു സാക്ഷ്യപത്രമാണ് ഈ ലേഖകനും.**

പഴയകാല തെങ്ങു കയറ്റ തൊഴിൽ മേഖലകളേയും അതിന്റെ പാരമ്പര്യ ശീലങ്ങളെയും മാറ്റി മറിച്ച് പുതിയ തൊഴിൽ സംസ്ക്കാരവും, അതിജീവനവുമായി മാറിയിരിക്കുന്നു ഇന്ന് തെങ്ങ് കയറ്റ തൊഴിൽ മേഖല. കേര കർഷകന് താങ്ങാൻ കഴിയുന്ന വിധത്തിൽ മിതമായ നിരക്കും തെങ്ങു കയറ്റ ചങ്ങാതിമാർക്ക് മതിയായ വേതനവും, സാമൂഹ്യ അന്തസ്സും ലഭ്യമാകുന്ന ഇടങ്ങളായി ഇന്ന് തെങ്ങ് കയറ്റ തൊഴിൽ മേഖല മാറിയിട്ടുണ്ട്. തെങ്ങ് സംരക്ഷണവും വിളവെടുപ്പും ആയാസരഹിതവും ആദായകരവുമാക്കി യന്ത്രം കൊണ്ട് തെങ്ങ് കയറുന്ന ചങ്ങാതിക്കൂട്ടം, കേര കാർഷികമേഖലയിൽ മാറ്റത്തിന് തുടക്കം കുറിച്ചു.

തെങ്ങിന്റെ ഉയരങ്ങൾ കീഴടക്കി കൊണ്ടുള്ള കോക്കനട്ട് ക്ലൈമ്പറിന്റെ ഓരോ കുതിപ്പും കേര കർഷിക മേഖലയുടെ സാമ്പത്തിക ചരിത്രത്തിൽ വൻ കുതിച്ചു ചാട്ടമായി മാറി എന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. ഇതിനെല്ലാം വഴി തെളിച്ചത് നാളികേര വികസന ബോർഡ് നടപ്പിലാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി ആണ്. ബോർഡിന്റെ കീഴിൽ തെങ്ങു കയറ്റം, വിളവെടുപ്പ്, മണ്ട വൃത്തിയാക്കൽ, വിത്തു തേങ്ങാ സംഭരണം, സസ്യ സംരക്ഷണം, നഴ്സറി പരിപാലനം, രോഗ പ്രതിരോധ മരുന്ന് പ്രയോഗങ്ങൾ, മറ്റ് ശാസ്ത്രീയമായ തെങ്ങു പരിപാലന മുറകൾ എന്നിവയിൽ പരിശീലനം നേടിയിട്ടുള്ള വരാണ് ഞാൻ ഉൾപ്പടെയുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം. ഈ ചങ്ങാതിക്കൂട്ടത്തിന്റെ കഠിനാദ്ധ്വാനം കൂടി കേര കാർഷിക മേഖല കൈവരിച്ച നേട്ടങ്ങളുടെ പിന്നിലുണ്ട് എന്നു പൊതു സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

ഇന്നിപ്പോൾ ഞങ്ങളുടെ സേവനങ്ങൾ കേരളത്തിലെ മുഴുവൻ കേര കർഷകർക്കും യഥാസമയം കൃത്യമായി ലഭ്യമാക്കുന്നതോടൊപ്പം തെങ്ങ് കയറ്റ തൊഴിലാളികളുടെ സമഗ്ര ക്ഷേമം ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ കോട്ടയം കേന്ദ്രമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഒരു സംഘടനയായി ഞങ്ങളുടെ സംഘം മാറി. 2015 ൽ സംഘടിതമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ഈ സംഘടനയിൽ സജീവരായിട്ടുള്ള നൂറോളം അംഗങ്ങൾ കോട്ടയം, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ച് കേര കർഷകർക്ക് വേണ്ടി ആത്മാർത്ഥമായി പണിയെടുക്കുന്നു. ദിനം പ്രതി 30 മുതൽ 50 വരെ തെങ്ങുകളിൽ കയറി തേങ്ങയിടുന്ന ചങ്ങാതിമാരാണ് ഇവരിൽ ഏറെയും. ചില തൊഴിൽ ദിനങ്ങളിൽ നൂറിനടുത്ത് തെങ്ങുകളിൽ കയറി മെച്ചപ്പെട്ട വരുമാനം നേടുന്നവരും ഈ കൂട്ടത്തിലുണ്ട്.

കേരളത്തിലെ പ്രശസ്ത സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും തോട്ടങ്ങളിൽ സ്ഥിരമായി തേങ്ങയിടുന്നുണ്ട് ഈ സംഘത്തിലെ അംഗങ്ങൾ. ഇതോടൊപ്പം മെയ്, ജൂൺ മാസങ്ങളിൽ മഴക്കാല രോഗങ്ങളെ അതിജീവിക്കുന്നതിന് തെങ്ങിന്റെ മണ്ട തെളിച്ച് കുമിൾ നാശിനി പ്രയോഗവും, മരുന്ന് തളിക്കലും അസോസിയേഷൻ ഊർജ്ജിതമായി നടത്തിവരുന്നു. കൂടാതെ ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നീ കീട രോഗ ബാധകളെ അകറ്റി നിർത്തി തെങ്ങ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. നാളികേര വികസന ബോർഡിന്റെ ബന്ധപ്പെട്ട ടെക്നിക്കൽ ഓഫീസർമാരും, നാളികേര ജേർണലും നിർദ്ദേശിക്കുന്ന കുമിൾ നാശിനികളും മരുന്നുകളും നിശ്ചിത അളവിൽ മാത്രമേ ഞങ്ങൾ ഉപയോഗിക്കാറുള്ളൂ. തെങ്ങ് പുനരുദ്ധാരണ പദ്ധതി പ്രകാരം തെങ്ങു വെട്ടി മാറ്റാനും, പുനർ നടീലിന്റെ ഭാഗമായി തൈ നടുന്നതിനു സംഘത്തിന്റെ കീഴിലുള്ള ചങ്ങാതിമാർ തയ്യാറാണ്. അടുത്ത ഘട്ടമായി 25 സെന്റ് സ്ഥലം പാട്ടത്തിനെടുത്തു സംഘത്തിന്റെ പേരിൽ കോക്കനട്ട് നഴ്സറി ആരംഭിക്കാൻ തയ്യാറെടുക്കുന്നു.

കേര കർഷക മേഖലയിൽ ചങ്ങാതികൂട്ടങ്ങളുടെ ഇടപെടലുകൾ ഉണ്ടായിട്ടുള്ള ഇടങ്ങളിൽ ഉൽപാദനത്തിലെ വർദ്ധനവു മാത്രമല്ല, മുൻ വർഷങ്ങളെ അപേക്ഷിച്ച് തെങ്ങുകളുടെ സമ്പൂർണ്ണ നാശത്തിന്റെ നിരക്ക് കുറയ്ക്കുവാനും കഴിഞ്ഞു എന്ന് കേര കർഷകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് കോട്ടയത്ത് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ച യന്ത്ര തെങ്ങു കയറ്റ തൊഴിലാളി സംഘത്തിന്റെ എറണാകുളം ജില്ലാ ഉപസമിതി രൂപീകരിക്കുവാനും അതിന്റെ ഒന്നാം വാർഷികം സംഘടിപ്പിക്കുവാനും ഞങ്ങൾക്കു കഴിഞ്ഞത്. നാളികേര വികസന ബോർഡും കേര കർഷകരും ഞങ്ങൾക്ക് പകർന്നു തന്ന പിൻതുണയാണ് ഇത് സാധ്യമാക്കിയത്. ഈ കഴിഞ്ഞ മെയ് 17ന് യന്ത്ര തെങ്ങ് കയറ്റ തൊഴിലാളി സംഘം എന്ന പേരിൽ രൂപീകരിച്ച ചങ്ങാതിക്കൂട്ടം സംഘത്തിന്റെ ജില്ലാ വാർഷിക പൊതു സമ്മേളനം അഡ്വ. അനൂപ് ജേക്കബ് എംഎൽഎ പാമ്പാക്കുടയിൽ ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം വിവിധതരം കലാപരിപാടികൾ, കേര കർഷകരെ ആദരിക്കൽ, തെങ്ങു കയറ്റ തൊഴിലാളികളെ ആദരിക്കൽ, തെങ്ങ് കയറ്റ മത്സരം എന്നിവയും സംഘടിപ്പിച്ചു.

**ചങ്ങാതിമാരുടെ ജീവിത നിലവാരം ഉയരുന്നു**

ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാനുള്ള തത്രപ്പാടിൽ കടക്കെണിയിൽപ്പെട്ടുപോയ എത്രയെത്ര വ്യക്തികളാണിന്ന് നാളികേര വികസന ബോർഡ് സമ്മാനിച്ച കോക്കനട്ട് ക്ലൈംബറിലൂടെ ജീവിതം തിരിച്ചു പിടിച്ചിട്ടുള്ളത്. ഇതിനൊരു സാക്ഷ്യപത്രമാണ് ഈ ലേഖകനും. ഞങ്ങളുടെ ജീവിത നിലവാരം ഉയരാൻ സാഹചര്യമൊരുക്കിയ നാളികേര വികസന ബോർഡിന്റെ നന്മയിൽ ഈ ചങ്ങാതിക്കൂട്ടത്തിന് മതിയായ കടപ്പാടുണ്ട്. കുടിലുകൾ കൊട്ടാരമായില്ലെങ്കിലും നാളികേര ബോർഡിന്റെ നന്മയിൽ വാർക്ക കെട്ടിടങ്ങളിലേക്ക് ചേക്കേറുന്ന യന്ത്ര തെങ്ങ് കയറ്റ തൊഴിലാളികളുടെ എണ്ണം കൂടി വരികയാണ്. തെങ്ങിന്റെ ചങ്ങാതിമാരിൽ ഞാൻ ഉൾപ്പടെ



*ചങ്ങാതിക്കൂട്ടം സംഘത്തിന്റെ ജില്ലാ വാർഷിക പൊതു സമ്മേളനം അഡ്വ. അനൂപ് ജേക്കബ് എംഎൽഎ പാമ്പാക്കുടയിൽ ഉദ്ഘാടനം ചെയ്യുന്നു.*



എന്റെ സുഹൃത്തുക്കളിൽ പലർക്കും ചെറുതല്ലാത്ത വീടു പണിയുവാൻ കഴിഞ്ഞതും തെങ്ങു കയറ്റ തൊഴിൽ നേടി തന്ന സ്ഥിര വരുമാനം ഒന്നുകൊണ്ടു മാത്രമാണ്.

തെങ്ങുകയറ്റവും മരുന്നു തളിയും മറ്റും പുരുഷന്മാരുടെ കുത്തകയാണെന്ന ധാരണ മാറ്റിയേ തീരൂ. കോട്ടയം ഉഴവൂരിൽ അംബികാമണി എന്ന വനിത തെങ്ങു കയറ്റ ചങ്ങാതി തന്റെ തെങ്ങു കയറ്റ തൊഴിൽ വേതനം ഒന്നു കൊണ്ടു മാത്രം അഞ്ച് സെന്റ് ഭൂമി സ്വന്തമായി വാങ്ങി എന്ന് അഭിമാനത്തോടെ സാക്ഷ്യപ്പെടുത്തുന്നു. ഇത് തെങ്ങു കയറ്റ തൊഴിൽ മേഖലയിൽ സ്ത്രീ ശാക്തീകരണത്തിന്റെ സ്വാധീനം മാത്രമല്ല അവർ ഈ തൊഴിലിലൂടെ ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളുടെ ഒരു നേർകാഴ്ച കൂടിയാണിത്. തന്റെ മകളെ വിവാഹം ചെയ്തു വിടുവാൻ കഴിഞ്ഞത് തെങ്ങ് കയറ്റം തൊഴിലായി നേടിയ വരുമാനം കൊണ്ടു മാത്രമാണെന്ന് തെങ്ങിന്റെ ചങ്ങാതിയായ എം. കെ. സജി സാക്ഷ്യപ്പെടുത്തുന്നു. തെങ്ങു കയറ്റ തൊഴിൽ മേഖലയിൽ വ്യക്തിഗത നേട്ടങ്ങൾക്കപ്പുറം അസ്തമിച്ചു കൊണ്ടിരുന്ന ഒരു തൊഴിൽ മേഖല പുനരുദ്ധരിക്കപ്പെട്ടു എന്ന് കൂടി നാം തിരിച്ചറിയേണ്ടതുണ്ട്.

കേര മേഖലയിൽ നടത്തിയ പരിഷ്ക്കരണ നടപടികളിലൂടെ തെങ്ങ് കയറ്റ തൊഴിൽ മേഖലയെ വികസിപ്പിക്കുവാനും ഒരു പുതിയ തൊഴിലാളി സമൂഹത്തെ രൂപപ്പെടുത്തുവാനും ബോർഡ് നടത്തിയ പരിശ്രമങ്ങൾക്കും അതിന് നേതൃത്വം കൊടുത്ത മുൻ ചെയർമാനായ ശ്രീ. ടി.കെ.ജോസ് ഐഎഎസിനോടുമുള്ള ആദരവും കടപ്പാടും ഞങ്ങൾ അറിയിക്കുന്നു.

നാശത്തിന്റെ വക്കിലെത്തിയ തെങ്ങ് കൃഷിയെ ചങ്ങാതിക്കൂട്ടം പദ്ധതി എന്ന ഫോർമുലയിലൂടെ പുനരുദ്ധരിക്കുകയും അസ്തമിച്ചു പോകുമായിരുന്ന തൊഴിൽ മേഖല വീണ്ടെടുക്കുകയും ചെയ്തതിൽ നാളികേര വികസന ബോർഡിനോട് ഞങ്ങളുടെ അസോസിയേഷന്റെ കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

*വിലാസം: രാജീവ് തുരുത്തിപ്പിള്ളി, സെക്രട്ടറി, യന്ത്ര തെങ്ങു കയറ്റ തൊഴിലാളി സംഘം, മുണ്ടകപ്പാടം, തെള്ളകം പി.ഒ, കോട്ടയം - 686016, ഫോൺ : 9745266858* ■


## ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെങ്ങൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെങ്ങൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | 3000 | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | 2000 | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | 1000 | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 15 ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*



# ലക്ഷാധിപതിയുടെ സലാഡ്

**സുരേഷ് മുതുകുളം**
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ (റിട്ട.)
ഫാം ഇൻഫർമേഷൻ ബ്യൂറോ

ജീവന്റെ വൃക്ഷമായ തെങ്ങിനുമുണ്ട് ഒരു ഹൃദയം, അതാണ് ഹാർട്ട് ഓഫ് പാം എന്നറിയപ്പെടുന്ന തെങ്ങിൻ മണ്ട. അതിവിശിഷ്ടവും മധുരതരവുമാണിത്. ഇതിന് പാം കാബേജ് എന്നും പറയും. തെങ്ങിന്റെ ഏറ്റവും ഇളയതും മൃദുലവുമായ മണ്ടയാണ് പാം കാബേജ്. ഒരർത്ഥത്തിൽ തെങ്ങിന്റെ ഹൃദയം തന്നെ. കാരണം തെങ്ങ് എന്ന അത്ഭുത വൃക്ഷത്തിന്റെ വളർച്ചയുടെ കാമ്പും കാതലുമാണിത്. ഒറ്റത്തടിയായി നെടുകെ വളരുന്ന കേര വൃക്ഷത്തിന്റെ ഏക അഗ്ര മുകുളമാണ് പാം കാബേജ്. മാത്രവുമല്ല തെങ്ങിന്റെ ഒരേയൊരു വളർച്ചാ ബിന്ദുവും ഇതു തന്നെ.

പൂർണ്ണ വളർച്ചയെത്തിയ തെങ്ങിന്റെ മണ്ടയ്ക്ക് ഏകദേശം 12 കി.ഗ്രാം ഭാരം ഉണ്ടാകും. അത്യപൂർവ്വമായി മാത്രം ലഭിക്കുന്ന വിശിഷ്ട വിഭവമാണ് പാം കേബേജ് എന്ന് പറയേണ്ടതില്ലല്ലോ. കാരണം തെങ്ങ് വെട്ടിവീഴ്ത്താതെ ആർക്കും തെങ്ങിൻ മണ്ട മുറിച്ചെടുക്കാൻ സാധിക്കില്ല എന്നതു തന്നെ. എന്നാൽ മണ്ട കഴിക്കാനും ആസ്വദിക്കാനും മാത്രമായി തെങ്ങു വെട്ടിവീഴ്ത്താൻ ആരും സ്വമനസ്സാലെ തയ്യാറാവുകയുമില്ല. ലഭ്യമാകാനുള്ള ഈ വൈഷമ്യവും അതുകൊണ്ടു തന്നെ ഇതിനുള്ള ഉയർന്ന വിലയും നിമിത്തമാണ് തെങ്ങിൻ മണ്ടയ്ക്ക് അഥവാ പാം കാബേജിന് ലക്ഷാധിപതിയുടെ സലാഡ് എന്ന ഓമനപ്പേര് കിട്ടിയത്.

തെങ്ങിന്റെ മണ്ടയിൽ ഒത്ത നടുക്കായി ആകർഷകമായ ക്രീം നിറത്തിൽ വളർച്ചാമുകുളങ്ങളുടെ ഒരു കൂട്ടം തന്നെ കാണാം. ഇവിടെ നിന്നാണ് തെങ്ങിന്റെ പുത്തൻ നാമ്പോലകൾ ജനിക്കുന്നത്. ജീവൻ ത്രസിക്കുന്ന ഈ വളർച്ചാ മുകുള ശേഖരമാണ് പാം കാബേജ്. ഇത് നീക്കി കഴിഞ്ഞാൽ സ്വാഭാവികമായും തെങ്ങിന് പിന്നെ വളർച്ചയില്ല. 28 – 30 ദിവസം കൂടുമ്പോൾ ഇവിടെ നിന്ന് ഒരു മുകുളം പൊട്ടി ഓല വിരിയും. പാം കാബേജ് എടുക്കുക എന്നു പറഞ്ഞാൽ അക്ഷരാർത്ഥത്തിൽ തെങ്ങിനെ കൊല്ലുക എന്നാണർത്ഥം. ഈ വിശിഷ്ട ഭാഗത്തിന് നാളികേരത്തിന്റെ നൈസർഗീകമായ സ്വാദും സുഗന്ധവും കറുമുറെ കടിച്ചു തിന്നാനുള്ള ഘടനയുമാണുള്ളത്. തെങ്ങിന്റെ ചോറ് എന്നും നാട്ടു ഭാഷയിൽ ഇതിന് പറയും. ഇതാണ് തെങ്ങിനെ ആക്രമിക്കുന്ന ചെല്ലികളെ ആകർഷിക്കുന്ന വസ്തുവും.

പാം കാബേജ് പോഷക സമൃദ്ധമാണ്. ധാരാളം നാരും ഇതിലുണ്ട്. കൂടാതെ പൊട്ടാസ്യം, ഇരുമ്പു സത്ത്, സിങ്ക്, ഫോസ്ഫറസ്, കോപ്പർ, ജീവകങ്ങളായ ബി2, ബി6 ,സി എന്നിവയും ധാരാളം അടങ്ങിയിരിക്കുന്നു. നാര് സമൃദ്ധമായി അടങ്ങിയിരിക്കുന്നതുകൊണ്ട് തന്നെ ദഹനം ഉൾപ്പെടെ ഉദര സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും ആയാസരഹിതമാക്കാൻ ഇത് ഉത്തമമാണ്. മാത്രവുമല്ല ഊർജ്ജം (കലോറി) കുറവായതിനാൽ സന്തുലിതമായ ഭക്ഷ്യ പദാർത്ഥവുമാണിത്. കൊളസ്ട്രോൾ കുറവാണ്. നാക (സിങ്ക്) ത്തിന്റെ അളവ് കൂടുതലായതിനാൽ മുറിവുകൾ ഉണക്കാനുള്ള ശേഷിയും ഇതിനുണ്ട്. ജീവകം സി ആകട്ടെ ശരീരത്തിന്റെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിൽ മുതൽക്കൂട്ടാണ്. വിളർച്ചയും ക്ഷീണവും ഒഴിവാക്കാൻ ഇരുമ്പു സത്ത് സഹായിക്കും; ജീവകം ബി 2 ശരീരത്തിലെ അരുണ രക്താണുക്കളുടെ പ്രവർത്തനം ഊർജ്ജിതമാക്കും; ജീവകം എ കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കുകയും കാഴ്ച ശക്തി വർദ്ധിപ്പിക്കുകയും ചെയ്യും. ഗർഭസ്ഥശിശുവിന്റെ ആരോഗ്യം സംരക്ഷിക്കുവാനുതകുന്ന ജീവകം ബി 9 അഥവാ ഫോളിക് ആസിഡ് നൽകാനും പാം കാബേജിന് കഴിയും ; ഒരു കപ്പ് പാം കാബേജിൽ 3.94 ഗ്രാം മാംസ്യം, 0.29 ഗ്രാം കൊഴുപ്പ്, 37.39 ഗ്രാം കാർബോഹൈഡ്രേറ്റ്, 2.2 ഗ്രാം നാര്, 25.05 ഗ്രാം പ്രകൃതിദത്ത പഞ്ചസാര എന്നിവയുണ്ട് എന്ന് കണക്കാക്കിയിരിക്കുന്നു.

ലോകത്ത് ഏറ്റവുമധികം പാം കാബേജ് കഴിക്കുന്നത് ഫ്രഞ്ചുകാരാണ്. ഏറ്റവുമധികം പാം കാബേജ് ഇറക്കുമതി ചെയ്യുന്ന രാജ്യവും ഫ്രാൻസ് തന്നെ. കഴിഞ്ഞ വർഷം ഇവർ 13448 ടൺ പാം കാബേജ് ഇറക്കുമതി ചെയ്തു എന്നാണ് കണക്ക്. കോസ്റ്ററിക്കയിലാകട്ടെ എല്ലാ വർഷവും പാം കാബേജ്




ഉപയോഗിച്ച് തയ്യാറാക്കുന്ന വൈവിദ്ധ്യമാർന്ന നിരവധി ഭക്ഷ്യ വിഭവങ്ങളുടെ മേള തന്നെ നടത്താറുണ്ട്. കോസ്റ്ററിക്കയിൽ പാം കാബേജിന് പാമിറ്റോ എന്നാണ് പറയുക. പാം കാബേജ് ചെറിയ കഷണങ്ങളാക്കി ശീതീകരിച്ച് കാനുകളിലാക്കി സൂപ്പർമാർക്കറ്റുകളിൽ വിൽപനയ്ക്ക് വയ്ക്കുന്ന പതിവുണ്ട്. പാം കാബേജിൽ നാരങ്ങാ നീര്, വിനാഗിരി, സസ്യ എണ്ണ, ഉപ്പ്, കുരുമുളക് എന്നിവ ചേരുംപടി ചേർത്ത് തയ്യാറാക്കുന്ന പാം ഹാർട്ട് സലാഡ് എന്ന വിഭവത്തിന് വിദേശരാജ്യങ്ങളിൽ ആവശ്യക്കാരേറെ. സ്വാദിഷ്ടവും പോഷകോത്തരവുമായ പാം കാബേജ് ആസ്വദിച്ചു കഴിക്കാൻ എത്ര വിലകൊടുത്തും അത് വാങ്ങാൻ താത്പര്യമുള്ള സമ്പന്നന്മാരുമുണ്ട് എന്നതാണ് ഏറ്റവും രസകരമായ സംഗതി.

ജീവന്റെ വൃക്ഷം, സ്വർഗ്ഗീയ വൃക്ഷം എന്നെല്ലാമുള്ള അന്വർത്ഥമായ പേരുകളിലൂടെ മാനവരാശിക്ക് അടിമുടി ഉപകാരപ്രദമായ കേര വൃക്ഷത്തിന്റെ ഹൃദയസമാനമായ പാം കാബേജിന് ലോകമെമ്പാടും ആരാധകർ വർദ്ധിച്ചു വരുന്നു എന്നത് ഒരേ സമയം പ്രതീക്ഷക്കും ആശങ്കയ്ക്കും ഇടയാക്കുന്നു എന്നതാണ് പരമാർത്ഥം. ■ *ഫോൺ: 7356914141*

---

# നാഷണൽ അക്രഡിറ്റേഷനുമായി സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

ഭക്ഷ്യ സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കാൻ ദേശീയ നിലവാരത്തിലുള്ള ഒരു പരിശോധനശാല കേരളത്തിലുണ്ട്. നാളികേര വികസന ബോർഡിനു കീഴിൽ, ആലുവ സൗത്ത് വാഴക്കുളത്താണ് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസിന്റെ ഔദ്യോഗിക അംഗീകാരമുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഈ പരിശോധന ശാല പ്രവർത്തിക്കുന്നത്. ഭക്ഷ്യവസ്തുക്കളുടെ കെമിക്കൽ, ബയോളജിക്കൽ പരിശോധനകളാണ് ഇവിടെ നടത്തുന്നത്. 2016 - ലാണ് ഈ പരിശോധന ശാലയ്ക്ക് നാഷണൽ അക്രഡിറ്റേഷൻ ലഭിച്ചത്.

നാളികേരാധിഷ്ഠിത ഉത്പന്നങ്ങളുടെയും മറ്റു ഭക്ഷ്യോത്പന്നങ്ങളുടെയും ഗുണപരിശോധന നടത്തുന്നതിന് ഉന്നത നിലവാരമുള്ള ഉപകരണങ്ങൾ സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഉണ്ട്. ബിഐഎസ്, എഒഎസി, എഒസിഎസ് എന്നിവയുടെ ഗുണനിലവാര മാനദണ്ഡമനുസരിച്ചാണ് വെളിച്ചെണ്ണ, വെജിറ്റബിൾ ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട്, കൊപ്രാ, വിനാഗിരി, നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങൾ, നീര, നീര അധിഷ്ഠിത ഉത്പന്നങ്ങൾ, തോങ്ങാപ്പാൽ, തോങ്ങാപ്പാൽ കൊണ്ടുള്ള ഉത്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധനയും, പോഷണ വിശകലനവും ഇവിടെ നടത്തുന്നത്. നാളികേര ഭക്ഷ്യോത്പന്നങ്ങളുടെയും, ഡെസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാപാൽ, തേങ്ങാപാൽപ്പൊടി, ജാം, ലഘുപാനീയങ്ങൾ തുടങ്ങിയവയുടെ മൈക്രോബയോളജിക്കൽ നിലവാര പരിശോ



ധനാ സംവിധാനവും ഇവിടെ ഉണ്ട്. യുഎസ്എഫ്ഡിഎ, ബിഎഎം, ബിഐഎസ് മാനദണ്ഡമുള്ള ടോട്ടൽ പ്ലേറ്റ് കൗണ്ട്, ഈസ്റ്റ് ആന്റ് മോൾഡ്, ടോട്ടൽ കോളിഫോംസ്, എസ്ച്ചെരീസിയ കോളി (eschericia coli), സാൽമൊണെല്ലാ, സ്റ്റാഫൈലോ കോക്കസ് ഓറസ് എന്നിവയുടെ ഘടകവും ഈ ലാബിൽ പരിശോധിക്കുന്നു. ഏറ്റവും മികച്ച പരിശോധനാ മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളും പാലിക്കുന്ന എൻഎബിഎൽ നിലവാരത്തിന് ലോകവ്യാപകമായി അംഗീകാരമുണ്ട്.

*കൂടുതൽ വിവരങ്ങൾക്ക്:* ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറി, നാളികേര വികസന ബോർഡ്, സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കീൻപുരം, സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം, പിൻകോഡ്: 683105, ഫോൺ: 0484-2679680, ഇ മെയിൽ: citaluva@gmail.com.



# കരിക്കിൻ വെള്ളത്തിന് 5 ആരോഗ്യ ഗുണങ്ങൾ

**സിഡിബി ന്യൂസ് ബ്യൂറോ**

പ്രകൃതി ദത്തമായ മികച്ച ഔഷധങ്ങളിൽ ഒന്നാണ് നാളികേരത്തിന്റെ വെള്ളം. ആന്റി ഓക്സിഡന്റ്സും ധാതുക്കളും എല്ലാം അടങ്ങിയ ഈ പാനീയം പല രോഗങ്ങളും വേഗത്തിൽ ഭേദമാക്കാനും പല രോഗങ്ങളും ഒഴിവാക്കാനും ഡോക്ടർമാർ നിർദ്ദേശിക്കുന്ന കുറുക്കു വഴിയാണ്. ഏഴു ദിവസം തുടർച്ചയായി കരിക്കിൻ വെള്ളം കുടിക്കുന്നത് ശരീരത്തിൽ ആരോഗ്യകരമായ ഏറെ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് സഹായിക്കും. ചർമ്മത്തിന്റെ തിളക്കം വർധിക്കുന്നത് മുതൽ കരിക്കിൻ വെള്ളം കുടിച്ചാലുള്ള അഞ്ച് പ്രധാന ആരോഗ്യ ഗുണങ്ങൾ.

### 1. മാനസിക സമ്മർദ്ദം കുറയും

രാവിലെ കരിക്കിൻ വെള്ളമോ നാളികേരത്തിന്റെ വെള്ളമോ കുടിക്കുന്നത് ഇലക്ട്രോലൈറ്റുകൾ ധാരാളം ഉള്ളിൽ ചെല്ലുന്നതിന് സഹായിക്കും. ഇത് ശരീരത്തിന്റെ ഉന്മേഷം വീണ്ടെടുക്കും. ഇതു വഴി മനസ്സിന്റെ ഭാരം കുറയുകയും അനുദിന പ്രവർത്തനങ്ങൾ കൂടുതൽ ആയാസരഹിതമായി അനുഭവപ്പെടുകയും ചെയ്യും.

### 2. കിഡ്നി ശുദ്ധീകരിക്കും

മൂത്ര സംബന്ധമായ പ്രശ്നങ്ങൾ ഒഴിവാക്കും. വൃക്കയിൽ കല്ലുകൾ രൂപപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ അത് 7 ദിവസം കൊണ്ട് ഇല്ലാതാക്കും. ഒപ്പം മൂത്രം കടന്നു പോകുന്ന ധമനികളും ബ്ലാഡറുകളും ശുദ്ധീകരിക്കുന്നതിനും നാളികേര വെള്ളം വളരെ ഫലപ്രദമാണ്

### 3. പ്രതിരോധ ശക്തി വർദ്ധിപ്പിക്കും

മോണ സംബന്ധമായ അസുഖങ്ങൾ മുതൽ ടൈഫോയ്ഡ് പോലുള്ള രോഗങ്ങൾ പിടിപ്പെട്ടവർക്കും തുടർന്ന് ശരീരത്തിൽ ശേഷിക്കുന്ന രോഗാണുക്കളെ നശിപ്പിക്കാൻ കരിക്കിൻ വെള്ളം സഹായിക്കും.

### 4. തൈറോയ്ഡിന്റെ കുറവ്

തൈറോയ്ഡിന്റെ കുറവ് പരിഹരിക്കാൻ മികച്ചതാണ് കരിക്കിൻ വെള്ളം. തൈറോയ്ഡ് ഹോർമോണുകൾ വർദ്ധിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കരിക്കിൻ വെള്ളം ഉത്തമം.

### 5. ശരീരഭാരം കുറയ്ക്കും

കരിക്കിൻ വെള്ളത്തിൽ അടങ്ങിയിരിക്കുന്ന നാരുകൾ ശരീരഭാരം കുറയ്ക്കാൻ സഹായിക്കും. വിശപ്പ് കൃത്യമാകാനും അനാവശ്യ കൊഴുപ്പ് ഇല്ലാതാകാനും കരിക്കിൻ വെള്ളം ഗുണകരമാണ്. ഭക്ഷണത്തിലെ നല്ല അംശങ്ങൾ വേഗത്തിൽ ആഗിരണം ചെയ്യുന്നതിനും ദഹനക്കേട് പോലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കരിക്കിൻ വെള്ളം കുടിക്കുക. 40-50 മില്ലി വരെ കരിക്കിൻ വെള്ളം കഴിക്കുന്നത് ദഹനത്തിനും മറ്റ് കാര്യങ്ങൾക്കും സഹായിക്കുമ്പോൾ ഒരു കപ്പ് വരെ കുടിക്കുന്നത് ചർമ്മ കാന്തി വർദ്ധിക്കുന്നതിനും സഹായിക്കുന്നു.





## മുഖമൊഴി

കേരളത്തിലെ മഴയുടെ വസന്തമാണ് കർക്കിടകം. മഴയുടെ നവരസങ്ങളും സംഗീതവും ലാസ്യവുമൊക്കെ കാതോർത്താൽ, കാഴ്ച്ചയൂന്നിയാൽ അനുഭവിക്കാം. മൺസൂൺ കാണാൻ വിദേശ സഞ്ചാരികളും വരുന്നു. ആരോഗ്യ രക്ഷയ്ക്കും പ്രകൃതിയോടിണങ്ങിയുള്ള ജീവിതത്തിനും, രാമായണ പാരായണം പോലുള്ള ആചാര സവിശേഷതകൾക്കും ഈ മാസം പുകൾ കൊണ്ടിരിക്കുന്നു.


കർക്കിടകമാസ ആശംസകളോടെ

പായിപ്ര രാധാകൃഷ്ണൻ

### തേങ്ങയിടും യന്ത്രപ്പറവ

നാലു വർഷം മുമ്പ് കോഴിക്കോട്ട് നടന്ന സ്റ്റാർട്ടപ്പ് സംഗമത്തിൽ ഒരു യന്ത്രപ്പറവയുമായി അലിസിറ എന്ന യുവാവ് വന്നിരുന്നു. ആളുകൾ നോക്കി നില്ക്കെ, ആ യന്ത്രപ്പറവ പറന്നുയർന്ന് കൈകൾ വിടർത്തി അടുത്തു നിന്ന തെങ്ങിൽ നിന്ന് നാളികേരം അടർത്തിയിട്ടു. ഇതു കണ്ട് കാണികളെല്ലാം വിസ്മയഭരിതരായി. വിളഞ്ഞ തേങ്ങ തിരിച്ചറിയാൻ യന്തിരന് സാധിക്കുമോ, അയൽക്കാരന്റെ തെങ്ങിൽ നിന്നു തേങ്ങയിടുമോ തുടങ്ങിയ കുസൃതി ചോദ്യങ്ങളുമായി അവർ അലിറിസയെ വളഞ്ഞു.

വിവാഹ വിഡിയോക്കാർ ആകാശ ദൃശ്യങ്ങൾ പകർത്തുന്നതിന് ഉപയോഗിക്കുന്ന ഡ്രോൺ എന്ന ഹെലിക്യാമിന് കുറച്ചുകൂടി ബുദ്ധി സന്നിവേശിപ്പിച്ചാണ് അലിറിസ ഈ യന്ത്രം രൂപകല്പന ചെയ്തിരിക്കുന്നത്. ചാര നിരീക്ഷണങ്ങൾക്കു നിയോഗിച്ചിരുന്ന ഡ്രോണുകൾ ഇന്നു കാർഷിക രംഗത്തും ഉപയോഗപ്പെടുത്തുന്നുണ്ട്. തെങ്ങിന്റെ മണ്ടയിൽ പറന്നെത്തി ഈ റോബോട്ടുകൾ മടലുകൾക്കിടയിൽ സൗകര്യപൂർവം ലാൻഡ് ചെയ്യുകയും യന്ത്രക്കൈകളിലെ ക്യാമറ വഴി താഴെ നില്ക്കുന്ന ഉടമയുടെ സ്മാർട്ട് ഫോണിലേയ്ക്ക് നാളികേരക്കുലകളുടെ ദൃശ്യങ്ങൾ അയച്ചു തരികയും ചെയ്യും. ആവശ്യമുള്ള തേങ്ങയിൽ ഉടമ സ്പർശിച്ചാൽ യന്ത്രം കൈസൂചികൊണ്ട് അതിന്റെ മൂപ്പ് എത്രയെന്ന് നോക്കി അറിയിക്കും. തേങ്ങ പറിക്കാൻ നിർദ്ദേശം നല്കിയാൽ അതും ചെയ്യും. ഒരു ലക്ഷം രൂപ വില വരുന്ന ഈ തെങ്ങുകയറ്റ തൊഴിലാളി റോബോട്ട് ഗൾഫ് നാടുകളിലെ ഈന്തപ്പനതോട്ടങ്ങളിൽ പണി തുടങ്ങിക്കഴിഞ്ഞു.



പായിപ്ര രാധാകൃഷ്ണൻ

കഥ

# കൂപ്പുകൈകളോടെ എന്നെന്നും

കെ. എസ്. പുരുഷോത്തമൻ

അരുകിലൂടൊഴുകുന്ന പാലരുവിയിൽ മുഖം നോക്കി നിൽക്കുമ്പോൾ തൈത്തെങ്ങിൻ സുന്ദരിക്കു എന്തെന്നില്ലാത്ത അഭിമാനം തോന്നി. അരുവിക്കരയിലെ നല്ല ഉറച്ച മണ്ണിൽ വലിയ ചുവടുമായി പൂത്തുലഞ്ഞ്, കാണുന്ന കണ്ണുകളിൽ നിറയുന്ന നവോഢയെപ്പോലെ. ആറു നിറയെ താനും തന്റെ തലയുടെ നിഴലുമാണ്. അതിൽ പുതിയതായി വിരിഞ്ഞ പൂങ്കുലവരെ കാണാം.

അരുവിയാറ് മെല്ലെ സ്ഫടികം പോൽ തെളിഞ്ഞൊഴുകുമ്പോൾ അവളെയും കാണാൻ നല്ല ഭംഗിയാണ്. ഒഴുകുന്നുണ്ട് എന്നു പോലും അറിയാത്ത വിധം അവൾ ഒഴുകുമ്പോൾ മധുരമായ കുശലങ്ങൾ പറയാൻ തോന്നും. ഇളം കാറ്റിൽ അവൾ കുണുങ്ങി ചിരിക്കുന്നുണ്ടെന്നു തോന്നുന്നു.

വർഷത്തിൽ എന്തായിരുന്നു അവളുടെ തിമർപ്പ്? കലങ്ങി മറിഞ്ഞു തീരങ്ങൾ തകർത്ത് എന്റെ കടയും കൂടി ഇളക്കി മറിക്കും വിധം എല്ലാം നശിപ്പിക്കുമാറ് സംഹാര രുദ്രയെ പോലെ? ഓർക്കുമ്പോൾ ഇന്നും പേടിയാണ്. പോരാത്തതിനു കലി കയറിയ കാറ്റും....

ഇപ്പോൾ അതൊന്നുമില്ല. ആറ്റിൽ നിറഞ്ഞു പരന്ന ചരൽ മണ്ണിലൂടെ ചാരുതയോടെ ഒഴുകുന്ന മന്ദഗമനത്തിനു എന്തൊരഴകാണ്?....

നദിക്കരുകിൽ കുളിക്കാൻ വരുന്ന പെൺകൊടികൾ മൂളിപ്പോകും.

പൂന്തേനരുവീ....

പെട്ടെന്നു വിരിഞ്ഞു നിന്ന എന്റെ പൂങ്കുലയിൽ നിന്നും ഒരു വെള്ളയ്ക്ക അടർന്നു. അതു ഒഴുകുന്ന ആറ്റിലേക്കു വീണു. ങ്ങേ? അതെവിടെ ? എവിടെപ്പോയി?

കാണുന്നില്ല.

അതെന്നോടൊപ്പം താഴ്ന്നുരുണ്ട് ഒഴുകുന്നുണ്ടല്ലോ? അരുവി ആറു പറഞ്ഞു.

താണുരുണ്ട് ഒഴുകുകയോ? തൈ തെങ്ങിൻ മിടുക്കിക്കു പേടി തോന്നി. ആ കുലയിലെ പൂക്കൾ വിരിഞ്ഞു വളർന്നു തുടങ്ങുന്നതേയുള്ളൂ. കുലയിൽ വളരേണ്ട ഫലമാണ്, വിത്താണ്. അത് അകാലത്തിൽ കൊഴിഞ്ഞു വീണു. ആ സങ്കടം സഹിക്കാൻ വിഷമിക്കുമ്പോഴാണു, വെള്ളത്തിൽ വീണ മച്ചിങ്ങ മുങ്ങിപ്പോയെന്നു പറയുന്നത്.

ഈശ്വരാ കുരുത്തോല കൈകൾ മാനത്തേക്കു കൂപ്പി നീട്ടി മനമുരുകി വിളിച്ചു.

കുലയിൽ നാമ്പെടുത്ത വെള്ളയ്ക്ക ഒന്നുമായിട്ടില്ല. നിറം പോലും തിരിഞ്ഞിട്ടില്ല. ആ കായാണു വെള്ളത്തിൽ വീണു മുങ്ങിപ്പോയതെങ്കിൽ ഇനിയുള്ള കുഞ്ഞൻ മക്കളും താഴെ



വീണാൽ.... എല്ലാം കരയിൽ തന്നെ വീഴണമെന്നു പറയാൻ പറ്റില്ലല്ലോ?

എത്രയോ നാളുകളായി എന്നെ ആറ്റു നോറ്റു വളർത്തിയവർക്കു നൽകാനുള്ളതു വിളയുന്ന കൂലയാണ്. അതു വെള്ളത്തിൽ പതിച്ചാൽ മുങ്ങി താഴ്ന്നുരുണ്ടു പോകുമെങ്കിൽ നദിയിലെ പാറക്കല്ലും എന്റെ വിത്തും തമ്മിലെന്ത് ഭേദം?

തൈ തെങ്ങിൻ സുന്ദരിക്കു കരച്ചിൽ വന്നു. ഓർക്കുന്തോറും സഹിക്കാവുന്നതിലും വലുതാണു തന്റെ നഷ്ടം എന്നവൾ വേദനിച്ചു. കരച്ചിലോടെ അരുവിയിലേക്കു നോക്കി.

അരുവിയാറു കരുണാമയിയായി.

എന്താണു നിന്റെ സങ്കടം? നിനക്കെന്താണു വേണ്ടത്?

നിന്റെ നനവും നീരും കൊണ്ടാണു ഞാൻ വളർന്നതും നിലനിൽക്കുന്നതും. നിന്റെ കരുതലും സാമീപ്യവും ഇല്ലാതായാൽ എന്റെ ജീവിതം തന്നെ ക്ലേശകരമാകും. വെള്ളത്തിൽ വീഴുന്ന വിത്തുകൾ മുങ്ങി താണാൽ ഞങ്ങളുടെ ഭാവി തന്നെ വഴി മുട്ടും. തൈ തെങ്ങിൻ സുന്ദരി സങ്കടമറിയിച്ചു.

ആറ്റിൻകരയിൽ സ്ഥിരമായി നിന്ന തൈ തെങ്ങിൻ സുന്ദരിയുടെ സങ്കടം ഒഴുകുന്ന ആറിനോടു പറഞ്ഞിട്ടെന്തെന്നൊന്നും ആലോചിക്കാൻ കൂടി അപ്പോൾ തോന്നിയില്ല. വന്ന സങ്കടം മുമ്പിൽകണ്ട ആറിനോടു പറയാൻ കഴിഞ്ഞ ആശ്വാസം.

നിൽക്കാൻ നേരമില്ലാത്ത പുഴയെപ്പറ്റി ഓർത്തപ്പോൾ തൈ തെങ്ങിൻ സുന്ദരി തലയ്ക്കു മുകളിൽ പരന്നു വിരിഞ്ഞ നീലാകാശത്തേയ്ക്കു നോക്കി. സങ്കടം വിട്ടു പോകുന്നില്ല.

ഭയപ്പെടേണ്ട.... ആരോ ഉള്ളിൽ പറഞ്ഞതുപോലെ

പരിഹാരം ഉണ്ടാകും...

വെള്ളയ്ക്കയുടെ കുരുന്നിലെയുള്ള കനം കുറയും. വലുതാകുമ്പോൾ വ്യാസം കൂടും. അപ്പോൾ, വെള്ളത്തിൽ പൊങ്ങിക്കിടക്കാനുള്ള പ്ലവഗ ബലം കൂടും. വിത്തിനെ പൊതിയുന്ന ചകിരിയിൽ വായുവിന്റെ അറകൾ ഉണ്ടാകും. ഓരോ സൃഷ്ടിയിലും സൃഷ്ടാവിന്റെ കയ്യൊപ്പു പതിഞ്ഞിട്ടുണ്ട്. തൈ തെങ്ങിൻ സുന്ദരീ, നീ വെറുതെ ആകുലപ്പെടേണ്ടതില്ല.

ആശ്വാസം തോന്നി. വലിയ മരമാണെന്നു പറഞ്ഞിട്ടെന്ത് ? പ്രശ്നങ്ങൾ നേരിടുമ്പോൾ പേടിയാണ്. പേടിച്ചിട്ടെന്ത് എന്നറിഞ്ഞു കൂടാ. ഭീതിതമാണു ഈ ലോക ജീവിതം....

പേടിപ്പെടുന്നെങ്കിലും ജീവിക്കാതിരിക്കാനാകില്ലല്ലോ? അങ്ങനെ ഓർത്തു മനസ്സു മരവിച്ചു മരമായി മാറുകയാണു ഞാൻ.... വലിയ തെങ്ങായി...

പാഞ്ഞലഞ്ഞു വരുന്ന ആറിനെ പേടിക്കാതെ. ഇപ്പോൾ കളകളാരവത്തോടെ ലോഹ്യം പറഞ്ഞു മന്ദമായൊഴുകുന്ന പുഴയുടെ ചില നേരത്തെ പാച്ചിൽ കണ്ടാൽ, എന്നെയും എടുത്തു മറിച്ചു കൊണ്ടൊഴുകുമെന്നു തോന്നിപ്പോകും. ഇപ്പോൾ ഓലക്കൈകൾ താളത്തിലാടുന്ന കാറ്റ് താണ്ഡവമായാടുന്നതു കാണുമ്പോൾ ഹൊ! എല്ലാം തച്ചുതകർത്തു എന്നെ പൊക്കി ദൂരെ വലിച്ചെറിയുമെന്നു തോന്നും.... അടിമുടി കൊത്തിക്കീറി പിളർത്തി കത്തിക്കരിച്ചു കളയുന്ന വിധമല്ലേ മിന്നൽപ്പിണരുകൾ ഇടി മുഴക്കി വരുന്നത്. പകലോന്റെ കൊടും താപവും മഴയുടെ പെയ്ത്തും മഞ്ഞിന്റെ തണുപ്പും....

ആകെ പേടിപ്പെടുത്തുമ്പോൾ.

എല്ലാ ഈടുമേടുകളിൽ നിന്നും രക്ഷപ്പെട്ടു മരമായി ഇങ്ങനെ നിൽക്കാൻ കരുത്തുണ്ടാകുക! അതിനു വേണ്ടിയാണ് എന്റെ കൈകൾ എന്നെന്നും കൂപ്പുന്നത്.

കരുതലോടെ... എന്നെന്നും കാത്തുകൊള്ളേണമേ.

കരുണാമയാ... ദേവാ... ■

# ഏകാകിനി

**ബിനോജ് കാലായിൽ**

വെട്ടില്ല, കിളയില്ല കളയാർത്തു കയറുന്ന
പുരയിട മൂലയിൽ ഒരു തെങ്ങു നിൽപൂ
ഗതകാല സ്മരണകൾ ആർത്തിരമ്പുമ്പോഴും
ഏകാകിനി അവൾ കാതോർക്കുന്നു

തണ്ടാൻ തലോടലാൽ പുളകങ്ങൾ പൂവിട്ട
ഇന്നലെകൾ ഹാ മാഞ്ഞ നല്ല കാലം
കോരന്റെ കൈക്കോട്ട് തീർത്ത തടത്തിൽ
മഴവെള്ളം പൊങ്ങിയ മധുരകാലം

പൂക്കൾ പൊഴിയും പോൽ കാലം കടന്നു പോയ്
നവോഢയാം കന്യതൻ ലാവണ്യവും.
മരതക പട്ടിനു പകരം എവിടെന്നോ
ഒരു മഞ്ഞ ഉടയാട, അവൾക്കു കിട്ടി -

വറ്റിയൊരകിടുപോൽ മണ്ടയും ശൂന്യമായ്
പൂമേനിയാകെ ചുളിവ് വീണു
കുലമാകെ വിടവാങ്ങി, കൂട്ടുകാർ വീണുപോയ്
ഇളനീരിൻ പുഞ്ചിരി മാഞ്ഞു പോയി.

കാട്ടുവള്ളിച്ചേല ചുറ്റി അവൾ നിൽപ്പൂ
സ്മൃതികൾ നശിച്ച കിഴവി പോലെ
വേനൽ ഗ്രസിച്ച കിണർ പോലെ, യേതോ
കാൻവാസിൽ വിളറിയ ചിത്രം പോലെ

ദാഹമകറ്റിയോൾ ദീനമകറ്റിയോൾ
കീശ നിറയ്ക്കുവാൻ പിന്തുണച്ചോൾ
പ്രൗഢിയിൽ ജീവിച്ച ഭൂതകാലമവൾക്കുണ്ട്
നന്ദി കെട്ടോർ നാം മറന്നു പോയി

അവൾക്കുമുണ്ടർഹത ചെല്ലിക്കുത്തേൽക്കാതെ
പാശുദണ്ഡനത്താലൊരു മാന്യ മൃത്യു
അതിനുള്ള കാരുണ്യം നമ്മുടെ കർത്തവ്യം
വിസ്മരിക്കരുതുനാം പൈതൃകങ്ങൾ!





# തെങ്ങ് – നാട്ടറിവുകൾ

**ജോഷി മുഞ്ഞനാട്ട്**

1. വിത്ത് തേങ്ങ ശേഖരിക്കുമ്പോൾ അടിവശം ഉരുണ്ട തേങ്ങ നോക്കിയെടുക്കുക. വർഷം തോറും 100 നാളികേരത്തിൽ കൂടുതൽ ഉൽപാദനമുള്ളതും 10 മുതൽ 30 വർഷത്തിനിടയിൽ പ്രായമുള്ളതുമായ തെങ്ങിൽ നിന്നും വേണം വിത്ത് തേങ്ങ ശേഖരിക്കുവാൻ.

2. തെങ്ങിൻ തൈ വയ്ക്കുന്ന അവസരത്തിൽ കുഴിയിൽ ഒരു കൂവക്കിഴങ്ങു കൂടി നടുക. തോട്ടത്തിൽ ഇടവിളയായും കൂവകൃഷി അനുയോജ്യമാണ്. വേരു തിന്നുന്ന പുഴുക്കളുടെ ശല്യം മാറാൻ ഇത് ഉപകരിക്കും.

3. വിത്തു തേങ്ങ നന്നായി നനച്ചശേഷം (ഒരാഴ്ചയോളം വെള്ളത്തിൽ കുതിർത്ത ശേഷം) പാകിയാൽ മുള വേഗം വരുമെന്ന് ഒരു വിശ്വാസമുണ്ട്.

4. വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം തെങ്ങിൽ തോപ്പിൽ പുകയിടൽ നടത്തുന്നത് നല്ലതാണ്.

5. പഴകിയ കഞ്ഞിവെള്ളം ഒഴിച്ചു കൊടുത്താൽ തെങ്ങിൽ നന്നായി കായ്പിടുത്തം ഉണ്ടാകും.

6. ഗോമൂത്രം പത്തിരട്ടി വെള്ളത്തിൽ ലയിപ്പിച്ച് തെങ്ങിൻ തടത്തിൽ ഒഴിച്ചാൽ മച്ചിങ്ങാ പൊഴിച്ചിൽ കുറയുമെന്ന് കർഷക അനുഭവം.

7. തെങ്ങിൻ തൈകൾ നടന്ന കുഴിയിൽ ഉലുവ കൂടി ചതച്ചിട്ടാൽ ചിതൽകേട് വരില്ലായെന്ന് കർഷകർ പറയുന്നു.

8. തെങ്ങിൻ തോപ്പുകളിൽ മഞ്ഞൾകൂടി നട്ടു വളർത്തിയാൽ തെങ്ങിന് കീടബാധ നന്നേ കുറവായിരിക്കും.

9. മഞ്ഞൾ വെന്ത ശേഷമുള്ള വെള്ളം നന്നായി ചൂട് ആറിയ ശേഷം തെങ്ങിൻ തടത്തിൽ ഒഴിക്കാവുന്നതാണ്. കീടശല്യം കുറയുവാൻ ഉപകരിക്കും.

10. തെങ്ങിൻ തോട്ടത്തിൽ വൈകുന്നേരങ്ങളിൽ ചപ്പിലകൾ കൂട്ടി തീയിട്ട് പുകച്ചാൽ ചെല്ലിവരില്ല, മണ്ഡരി ശല്യം കുറയ്ക്കുവാനും പുകയ്ക്കൽ നല്ലതാണ്.

11. വേനൽക്കാലങ്ങളിൽ ചപ്പു ചവറുകൾ ഓലകൾ എന്നിവ ഇട്ട് തെങ്ങിൻ തടത്തിൽ പുതയിടണം. ഇത് ഉണക്കിനെ തടയാനും. മണ്ണിൽ ഈർപ്പം നിലനിർത്തുവാനും ഉത്തമം.

12. വിത്തു തേങ്ങയുടെ കണ്ണു ഭാഗത്തെ ചകിരി ഭാഗികമായി ചെത്തി കളഞ്ഞ് പാകിയാൽ വേഗത്തിൽ മുളയ്ക്കുകയും കരുത്തുറ്റ തൈകൾ ലഭിക്കുകയും ചെയ്യും.

13. തെങ്ങിന്റെ കേടു ബാധിച്ച ഭാഗങ്ങൾ വെട്ടുമ്പോൾ ചെറിയ കഷണങ്ങൾ വരെ പെറുക്കിയെടുത്ത് തീയിലിട്ടു കത്തിച്ചു കളയുക. മറ്റുള്ളവയ്ക്കു രോഗം ബാധിക്കുന്നതു തടയാനാണിത്.

14. തെങ്ങിൻ തോപ്പിലെ തേനീച്ച വളർത്തൽ പരാഗണത്തെ സഹായിക്കും. ഇതിനായി തെങ്ങിൻ തോപ്പിൽ തേനീച്ച പ്പെട്ടികൾ വച്ചാൽ മതിയാകും.

15. ചാണക വെള്ളം കലക്കി തെങ്ങിൻ തടത്തിൽ ഒഴിക്കുന്നത് കൂടുതൽ കായ്പിടുത്തത്തിന് ഉപകരിക്കും.

16. തെങ്ങിൻ തോപ്പിൽ മരച്ചീനി കൃഷി ചെയ്യുന്ന അവസരത്തിൽ മരച്ചീനിക്കൊപ്പം മഞ്ഞൾ, ചെത്തിക്കൊടുവേലി, കൂവ എന്നിവ കൂടി നട്ടാൽ എലി ശല്യം കുറയും.

17. മണ്ഡരി നിയന്ത്രണത്തിന് വേപ്പെണ്ണ, വെളുത്തുള്ളി സോപ്പ് മിശ്രിതം ഉപയോഗിക്കാവുന്നതാണ്.

18. തെങ്ങിൽ നിന്നുള്ള പട്ടയും, കോഞ്ഞാട്ടയും, മറ്റും ചുവട്ടിൽ നിന്നു മാറ്റി തടത്തിലിട്ടു കത്തിച്ചാൽ കൂടുതൽ മച്ചിങ്ങയുണ്ടാകാനും കീടശല്യം കുറയ്ക്കാനും സഹായിക്കും.

19. കുളത്തിലെ അടിച്ചേറ് വേനലിൽ കോരി ഉണക്കിയെടുക്കുക. . ഇത് തെങ്ങിനു നല്ല വളമാണ്. മഴയ്ക്കു മുൻപ് തടങ്ങലിൽ വളമായി ഇടാം.

20. വിത്തു തേങ്ങയുടെ ചുവട് ഉരുണ്ടിരുന്നാൽ നല്ല വണ്ണത്തിൽ തൈ വളരും. കൂടുതൽ കാമ്പു കാണുകയും ചെയ്യും.

21. രണ്ടു തെങ്ങുകൾക്കിടയിൽ ഒരു മീറ്റർ നീളവും രണ്ടടി വീതം താഴ്ചയും വീതിയുമുള്ള കുഴി കുത്തി തൊണ്ടും ചാണകവും ഇട്ടു മൂടുക. തെങ്ങുകൾക്കു നല്ല വളർച്ച കിട്ടും.

22. മൺകുടത്തിൽ വെള്ളം നിറച്ച് നൂൽ കമ്പി വലിപ്പത്തിൽ ദ്വാരമിട്ട് തെങ്ങിൻ ചുവട്ടിൽ വച്ച ശേഷം വെള്ളം തീരുന്നതനുസരിച്ച് കുടം നിറയ്ക്കുക. ഏറ്റവും ചെലവു കുറഞ്ഞ തുള്ളിനന രീതിയാണിത്.

23. വർഷകാലത്തു മഴയിൽപ്പെട്ടു ചീഞ്ഞു പോകുന്ന വൈക്കോൽ തെങ്ങിനു ചുറ്റും ഒന്നര മീറ്റർ വൃത്താകൃതിയിൽ ഇടുക. ഇതു വർഷം തോറും ആവർത്തിക്കുക. തെങ്ങു നല്ലതുപോലെ കായ്ക്കും. വേനൽ വരൾച്ചയും ബാധിക്കുകയില്ല.

24. തെങ്ങിൻ തോപ്പുകളിൽ തകര കൂടി നട്ടു വളർത്തിയാൽ നിമാവിരശല്യം കുറയുവാൻ സഹായിക്കും

25. തെങ്ങിന് വളമായി ചാണകപ്പൊടി, കമ്പോസ്റ്റ്, എന്നിവക്കൊപ്പം വേപ്പിൻ പിണ്ണാക്കും നൽകാം. ഇത് കീട രോഗ ബാധ കുറയ്ക്കുവാൻ സഹായിക്കും. കൂടാതെ മികച്ച വിളവിനും ഉപകരിക്കും.

26. നേരത്തേ കണയോല വിരിയുന്ന തെങ്ങിൻ തൈകൾ മറ്റു തൈകളെ അപേക്ഷിച്ച് പെട്ടെന്ന് കായ്ഫലം തരും.

27. കേടു ബാധിച്ച തെങ്ങിന്റെ തേങ്ങ വിത്ത് തേങ്ങയായി ഉപയോഗിക്കരുത്.

28. തുടർച്ചയായി പേട് കായ്ക്കുന്ന തെങ്ങിന്റെ തടിയിൽ തേങ്ങയുടെ തൊണ്ട് കെട്ടിവച്ചാൽ പേട് കായ്ക്കുന്ന സ്വഭാവം മാറിക്കിട്ടുമെന്ന് വിശ്വാസം.

29. തെങ്ങിൻ തോപ്പ് ശുചിയായി സൂക്ഷിക്കുന്നത് പലവിധ രോഗങ്ങളെ തടഞ്ഞു നിർത്തുവാൻ ഉപകരിക്കും.

30. തെങ്ങിൻ തോപ്പുകളിൽ കഴിവതും ഇടവിള കൃഷി കൂടി നടത്തുക. കൂടുതൽ ആദായം ലഭിക്കുവാൻ ഇതുപകരിക്കും.

31. തെങ്ങിൻ തോപ്പിൽ, മഞ്ഞൾ, കൂവ, കച്ചോലം, കസ്തൂരി മഞ്ഞൾ, തുടങ്ങിയവ ഇടവിളയായി കൃഷി ചെയ്താൽ മണ്ണിന് പുഷ്ടി വർധിക്കും. കൂടാതെ കീടരോഗ ബാധ കുറയ്ക്കുവാനും ഉപകരിക്കും.

# കോട്ടയം കമ്പനിയുടെ വെളിച്ചെണ്ണ വിപണിയിൽ



*കോട്ടയം നാളികേര ഉത്പാദക കമ്പനിയുടെ ഉടമസ്ഥതയിൽ പാലാ കൊടുമ്പിടിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന കോക്കനട്ട് ഓയിൽ മില്ലിന്റെയു ഉദ്ഘാടനം സംസ്ഥാന കൃഷി മന്ത്രി ശ്രീ. വിഎസ് സുനിൽകുമാർ നിർവഹിക്കുന്നു. നാളികേര വികസന ബോർഡ് അംഗം കെ മുരളീധരൻ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, ഫിലിപ്പ് കുഴികുളം, സികെ ശശിധരൻ, നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് സെബാസ്റ്റ്യൻ, നബാർഡ് ജില്ലാ മാനേജർ ദിവ്യ കെബി, അഡ്വ പിസി മാത്യു, ജോയി കോലത്ത്, തങ്കച്ചൻ കെസി, പ്രിൻസിപ്പൽ കൃഷി ഓഫീസർ സുമ ഫിലിപ്പ്, പെണ്ണമ്മ ജോസഫ്, ജിജി തമ്പി, മത്തച്ചൻ ഉറുമ്പുകാട്ട്, ബേബി സെബാസ്റ്റ്യൻ ഉറുമ്പുകാട്ട്, തോമസ് ഉഴുന്നാലിൽ, അജിത് മുതിരമല, ജി.ഗോപിനാഥക്കുറുപ്പ്, ജോണി ഇടക്കര, ജോസ് ജോസഫ് വെള്ളിമൂഴയിൽ ടോമിച്ചൻ സ്കറിയ, ജിൻസ് ഇളയാനിത്തോട്ടത്തിൽ എന്നിവർ സമീപം.*

കോട്ടയം നാളികേര ഉത്പാദക കമ്പനിയുടെ ഉടമസ്ഥതയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന കോക്കനട്ട് ഓയിൽ മില്ലിന്റെയും കൊപ്ര ഡ്രയറിന്റെയും ഉദ്ഘാടനം 2017 ജൂൺ 26 ന് സംസ്ഥാന കൃഷി മന്ത്രി ശ്രീ. വിഎസ് സുനിൽകുമാർ നിർവഹിച്ചു. കേരളത്തിൽ രൂപീകൃതമായിട്ടുള്ള കർഷക കൂട്ടായ്മകളെ ശക്തിപ്പെടുത്താൻ കൃഷി വകുപ്പ് എല്ലാ പിന്തുണയും നല്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. കർഷകരുടെ ഉത്പാദക കമ്പനികൾക്കും എല്ലാ സഹായവും നല്കും. മായം കലരാത്ത വെളിച്ചെണ്ണയുൾപ്പെടുള്ള എല്ലാ ഉത്പ്പന്നങ്ങൾക്കും വിപണിയുണ്ടാക്കുവാൻ സർക്കാർ നേതൃത്വം നല്കുമെന്നും മന്ത്രി അറിയിച്ചു.

കടനാട്, കൊടുമ്പിടി വിസിബ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജോസ് കെ മാണി എംപി അധ്യക്ഷനായിരുന്നു.നാളികേര വികസന ബോർഡ് അംഗം കെ മുരളീധരൻ വെളിച്ചെണ്ണ വിപണനം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി മേരി സെബാസ്റ്റ്യൻ സർട്ടിഫിക്കറ്റുകളുടെ വിതരണം നിർവഹിച്ചു. ഫിലിപ്പ് കുഴികുളം, സികെ ശശിധരൻ, നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് സെബാസ്റ്റ്യൻ, നബാർഡ് ജില്ലാ മാനേജർ ശ്രീമതി ദിവ്യ കെബി, അഡ്വ പിസി മാത്യു, ജോയി കോലത്ത്, തങ്കച്ചൻ കെസി, പ്രിൻസിപ്പൽ കൃഷി ഓഫീസർ സുമ ഫിലിപ്പ്, പെണ്ണമ്മ ജോസഫ്, ജിജി തമ്പി, മത്തച്ചൻ ഉറുമ്പുകാട്ട്, ബേബി സെബാസ്റ്റ്യൻ ഉറുമ്പുകാട്ട്, തോമസ് ഉഴുന്നാലിൽ, അജിത് മുതിരമല, ജി.ഗോപിനാഥക്കുറുപ്പ്, ജോണി ഇടക്കര, ജോസ് ജോസഫ് വെള്ളിമൂഴയിൽ ടോമിച്ചൻ സ്കറിയ, ജിൻസ് ഇളയാനിത്തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു.



ഒരേ സമയം 5000 നാളികേരം വീതം സംസ്കരിക്കാൻ ശേഷിയുള്ള രണ്ടു ഡ്രയറുകളാണ് കമ്പനി സ്ഥാപിച്ചിരിക്കുന്നത്. ഇതു കൂടാതെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വേറെയും ഡ്രയറുകൾ കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## വടകരയിൽ ഓണക്കാലത്ത് ഡി കൊക്കോസ് പ്രദർശനം

വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 3 വരെ വടകര ടൗൺഹാളിൽ ഡി കൊക്കോസ് കാർഷിക വ്യാവസായിക പ്രദർശന വില്പന മേള നടത്തും. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സ്റ്റാളുകൾ ഉൾപ്പെടെ 50 സ്റ്റാളുകൾ മേളയിൽ പങ്കെടുക്കും.

# ഉജ്ജയിനിയിൽ കലിയൻ ആഘോഷം നടത്തി








സ്നേഹ സ്വയം സഹായ സംഘവും, ഉജ്ജയിനി സാംസ്കാരിക കേന്ദ്രവും (കൊയിലാണ്ടി) സംയുക്തമായി പെരുവട്ടൂരിൽ ജൂലൈ 16 ന് കലിയൻ ആഘോഷം നടത്തി. ഉജ്ജയിനിയിൽ അന്ന് പകൽ കരിന്തലക്കൂട്ടം മാളയുടെ കുരുത്തോല കലാരൂപങ്ങളുടെ നിർമ്മാണവും പ്രദർശനവും ഉണ്ടായിരുന്നു. വൈകുന്നേരം കുന്നത്താൻ കണ്ടി മുക്കിൽ നടന്ന യോഗത്തിൽ ഡോ. കെ.വി.രാമകൃഷ്ണൻ കിടാവ് പ്രകൃതി ജീവനത്തെപ്പറ്റി ക്ലാസ്സെടുത്തു. വടകര നാളികേര പ്രൊഡ്യൂസസ് കമ്പനി ചെയർമാൻ, പ്രൊഫ. ഇ. ശശിധരൻ ആശംസകൾ നേർന്നു. കല്ലായി പുഴ സംരക്ഷണ ഏകോപന സമിതിയുടെ പുഴ, കടൽ ഗീതാലാപനങ്ങൾ ഉണ്ടായി. തുടർന്ന് തെയ്യം, കുരുത്തോല കരകൗശല വസ്തുക്കൾ എന്നിവയുടെ സാന്നിദ്ധ്യത്തിൽ ഉജ്ജയിനിയിലേക്ക് ചൂട്ടിന്റെ വെളിച്ചത്തിൽ പ്രാർത്ഥനാ യാത്ര നടന്നു. ഉജ്ജയിനിയിൽ പ്ലാവിനെ പ്രദക്ഷിണം ചെയ്യുക എന്ന പരമ്പരാഗത ചടങ്ങും നടന്നു. തുടർന്ന് തേങ്ങയും ചക്കക്കുരുവും ചേർത്തുണ്ടാക്കിയ ചക്കക്കുരു പ്രഥമൻ വിതരണവും നടന്നു. ഉജ്ജയിനി ഡയറക്ടർ വേണുപറമ്പത്ത് നന്ദി പ്രകാശിപ്പിച്ചു.







*കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനി ഉത്പാദിപ്പിച്ച തെങ്ങിൻ തൈകളുടെ വിതരണം നാളികേര വികസന ബോർഡ് മെംബർ പി.ആർ.മുരളീധരൻ നിർവ്വഹിക്കുന്നു.*

# ആഗസ്റ്റ് മാസത്തിലെ കൃഷിപ്പണികൾ

●ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11



**കേരളം / ലക്ഷദ്വീപ്**

### മണ്ട വൃത്തിയാക്കാം കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കാം

തെങ്ങിൻ മണ്ട വൃത്തിയാക്കുക. മച്ചിങ്ങ പൊഴിയാതിരിക്കാൻ കുലകൾ ഒടിഞ്ഞു പോകാതെ കെട്ടി നിർത്തുകയോ, താങ്ങി നിർത്തുകയോ വേണം. കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, ഓലചീയൽ എന്നിവയ്ക്കെതിരെ മുൻ കരുതൽ നടപടി സ്വീകരിക്കുക.

തോട്ടത്തിൽ പയറുവർഗ്ഗത്തിൽപ്പെട്ട പച്ചില വളച്ചെടികൾ നട്ടിട്ടുണ്ടെങ്കിൽ അവ പിഴുത് തെങ്ങിൻ തടത്തിൽ ചേർക്കുക. കുമ്മായം നൽകാത്ത തെങ്ങുകൾക്ക് ഒരു കി. ഗ്രാം വീതം കുമ്മായം ഇട്ടുകൊടുക്കുക.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്.

മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ



750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

### ഓലചീയൽ നിയന്ത്രിക്കുക കാറ്റുവീഴ്ച്ച തടയുക

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കോൺടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 എന്നിവയിലൊന്ന് മൂന്നുഗ്രാം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. ഒരു ശതമാനം ബോർഡോമിശ്രിതമോ 0.5 ശതമാനം കോപ്പർ ഓക്സി ക്ലോറൈഡ് ലായനിയോ തെങ്ങിൻ മണ്ടയിലും കൂമ്പോലകളിലും ജനുവരി, ഏപ്രിൽ-മെയ്, സെപ്തംബർ മാസങ്ങളിൽ തളിക്കുക.

### ചെന്നീരൊലിപ്പു രോഗം നിയന്ത്രിക്കാം



ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം.

ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

**ആൻഡമാൻ / നിക്കോബാർ ദ്വീപുകൾ**

കൂമ്പുചീയലോ, ചെല്ലിയുടെ ആക്രമണമോ ഉണ്ടോയെന്ന് പരിശോധിച്ച് വേണ്ട നിയന്ത്രണ നടപടികൾ കൈക്കൊള്ളുക. തെങ്ങിൻ നിരകൾക്കിടയിൽ 50 സെ. മീറ്റർ വീതിയും 50-60 സെ. മീറ്റർ ആഴവുമുള്ള ചാലുകൾ എടുത്ത് ഉണങ്ങിയ തൊണ്ട് തെങ്ങൊന്നിന് 200-300 വരെ എന്ന തോതിൽ നിരകളായി അടുക്കി മണ്ണിട്ടു മൂടുക. തെങ്ങിൻ തൈകളുടെ തടം വൃത്തിയാക്കുക.

**കർണ്ണാടകം**

തോട്ടത്തിൽ പച്ചിലവളച്ചെടികൾ വളർത്തിയിട്ടുണ്ടെങ്കിൽ അവ പൂവിടുന്നതിനു മുമ്പ് വെട്ടി തെങ്ങിൻ തടത്തിൽ ഇട്ടുകൊടുക്കുക.

തെങ്ങുകളുടെ മണ്ട വെടിപ്പാക്കുകയും കുലകൾ ഇടിഞ്ഞു പോകാതെ കെട്ടിനിർത്തുകയും ചെയ്യുക. തെങ്ങുകൾക്ക് കൂമ്പുചീയൽ രോഗം ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക. കൂമ്പുചീയൽ രോഗം ബാധിച്ചിട്ടുള്ള പക്ഷം രോഗം ബാധിച്ച എല്ലാഭാഗങ്ങളും വെട്ടിനീക്കി ബോർഡോക്കുഴമ്പു പുരട്ടുകയും വെള്ളം കയറാതിരിക്കാൻ പോളിത്തീൻ ഉറകൊണ്ട് മൂടുകയും ചെയ്യുക.



*ഫിറമോൺ കെണി*



*കെണിയിൽ കുടുങ്ങിയ ചെല്ലികൾ*

കൊമ്പൻ ചെല്ലിയുടേയോ ചെമ്പൻ ചെല്ലിയുടേയോ ആക്രമണം ഉണ്ടോയെന്ന് പരിശോധിക്കുക. കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റ ഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20 ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.



**തമിഴ്നാട് / പോണ്ടിച്ചേരി**

തോട്ടത്തിൽ പച്ചിലവളച്ചെടികൾ വളർത്തിയിട്ടുണ്ടെങ്കിൽ തെങ്ങിനുചുറ്റുമെടുത്തിട്ടുള്ള തടങ്ങളിൽ ഉഴുതുചേർക്കുക. തെങ്ങിൻ മണ്ട വൃത്തിയാക്കുകയും കുലകൾ ഇടിഞ്ഞുപോകാതെ കെട്ടിനിർത്തുകയും ചെയ്യുക.

നന ലഭിക്കുന്ന തോട്ടങ്ങളിൽ ശുപാർശ ചെയ്തിട്ടുള്ള രാസവളത്തിന്റെ കാൽഭാഗം അതായത് തെങ്ങൊന്നിന് 300 ഗ്രാം യൂറിയ, 500 ഗ്രാം സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, 500 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർത്തു കൊടുക്കുക.

# കമ്പോള അവലോകനം - ജൂൺ 2017

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ :** കൊച്ചി, കോഴിക്കോട്, ആലപ്പുഴ വിപണികളിൽ ജൂൺ മാസത്തിൽ വെളിച്ചെണ്ണയുടെ വില നേരിയ മാന്ദ്യം രേഖപ്പെടുത്തി. കൊച്ചിയിലും ആലപ്പുഴയിലും 13500 രൂപയിലും കോഴിക്കോട്ട് 14600 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. മാസത്തിന്റെ ആദ്യ ആഴ്ച്ചയിൽ മൂന്നു വിപണികളിലും വില മാന്ദ്യമാണ് കണ്ടത്. കൊച്ചിയിലും ആലപ്പുഴയിലും 13100 രൂപയ്ക്കും കോഴിക്കോട് മാർക്കറ്റിൽ 14300 രൂപയ്ക്ക് വ്യാപാരം അവസാനിച്ചു. കോഴിക്കേട് വിപണിയിൽ 500 രൂപയുടെയും കൊച്ചി ആലപ്പുഴ വിപണികളിൽ യഥാക്രമം 500, 300 രൂപയുടെയും വീതം നഷ്ടത്തിലാണ് വിപണി ക്ലോസ് ചെയ്തത്.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ ക്വിന്റലിന് 11533 രൂപയിൽ ആരംഭിച്ച വ്യാപാരം 666 രൂപ നഷ്ടത്തിൽ 10867 രൂപയിൽ വ്യാപാരം ക്ലോസ് ചെയ്തു. മെയ് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01/06/2017 | 13500 | 13600 | 14600 | 11533 |
| 04/06/2017 | 13400 | 13500 | 14600 | 11333 |
| 11/06/2017 | 13400 | 13400 | 14500 | 11333 |
| 18/06/2017 | 13300 | 13300 | 14500 | 11000 |
| 25/06/2017 | 13100 | 13100 | 14300 | 10867 |
| 30/06/2017 | 13100 | 13100 | 14300 | |

**ആട്ടു കൊപ്ര**

ആട്ടു കൊപ്രയുടെ വില കഴിഞ്ഞ മാസം കൊച്ചി, കോഴിക്കോട്, വിപണികളിൽ വെളിച്ചെണ്ണയുടെ വിലയുമായി ചേർന്നു പോവുകയായിരുന്നു. കൊച്ചിയിൽ ക്വിൻറലിന് 8900 രൂപയും ആലപ്പുഴയിൽ 9000 രൂപയും കോഴിക്കോട് 9400 രൂപയായിരുന്നു വ്യാപാരം ആരഭിച്ചപ്പോൾ വില. എല്ലാ വിപണികളിലും മാസം മുഴുവൻ വിലയിൽ നേരിയ മാന്ദ്യമായിരുന്നു അനുഭവപ്പെട്ടത്. കൊച്ചിയിൽ 8500 രൂപയിലും, 8700 രൂപയിൽ ആലപ്പുഴയിലും, കോഴിക്കോട്ട് 9050 രൂപയിലുമാണ് വ്യാപാരം അവസാനിച്ചത്. കച്ചവടം അവസാനിക്കുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 400 രൂപയും ആലപ്പുഴയിൽ 300 രൂപയും കോഴിക്കോട്ട് 350 രൂപയും നഷ്ടമുണ്ടായി.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിലും വിലയിൽ ചാഞ്ചാട്ടമാണ് അനുഭവപ്പെട്ടത്. ക്വിന്റലിന് 8200 രൂപയിൽ ആരംഭിച്ച വ്യാപാരം ക്വിന്റലിനു 100 രൂപ നഷ്ടത്തിൽ 8100 രൂപയിൽ അവസാനിച്ചു. കേരളത്തിലെ വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01/06/2017 | 8900 | 9000 | 9400 | 8200 |
| 04/06/2017 | 8800 | 8950 | 9350 | 8100 |
| 11/06/2017 | 8800 | 8900 | 9200 | 8050 |
| 18/06/2017 | 8700 | 8850 | 9200 | 8100 |
| 25/06/2017 | 8500 | 8700 | 9050 | 8000 |
| 30/06/2017 | 8500 | 8700 | 9050 | 8100 |

**ഭക്ഷ്യയോഗ്യമായ കൊപ്ര**

രാജാപൂർ കൊപ്രയുടെ വിലയിൽ ജൂൺ മാസം മുഴുവൻ അസ്ഥിരതയാണ് രേഖപ്പെടുത്തിയത്. കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 9000 രൂപ യിൽ ആരംഭിച്ച് മാസ അവസാനം ക്വിന്റലിന് 200 രൂപ ലാഭത്തിൽ 8800 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത്. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 3 ൽ:

പട്ടിക 3 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01/06/2017 | 9000 |
| 04/06/2017 | 8900 |
| 11/06/2017 | 8600 |
| 18/06/2017 | 9000 |
| 25/06/2017 | 8700 |
| 30/06/2017 | 8800 |



**ഉണ്ട കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ജൂൺ ആദ്യ ആഴ്ച്ചയിൽ ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 7800 രൂപയായിരുന്നു. മാസാവസാനം വരെ ഉണ്ട കൊപ്ര യുടെ വിലകൂടിയും കുറഞ്ഞും നിന്നശേഷം മാസാവസാനം ക്വിന്റലിന് 7800 രൂപയിൽ തന്നെ വ്യാപാരം അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :

| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| | തിപ്തൂർ |
| 01/06/2017 | 7800 |
| 04/06/2017 | 7800 |
| 11/06/2017 | 7750 |
| 18/06/2017 | 7900 |
| 25/06/2017 | 7700 |
| 30/06/2017 | 7800 |



**ഇളനീർ**

കർണ്ണാടകയിലെ മദ്ദൂർ വിപണിയിൽ ജൂൺ മാസം രേഖപ്പെടുത്തിയ ഇളനീരിന്റെ വില ആയിരത്തിന് 10000 രൂപയായിരുന്നു. മാസാദ്യം മുതൽ അവസാനം വരെ വിപണി ഇതെ വിലസ്ഥിരത നിലനിർത്തി. ഇളനീരിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : ഇളനീരിന്റെ വാരാന്ത്യ വില മദ്ദൂർ വിപണിയിൽ (ആയിരത്തിന്) | |
|---|---|
| 01/06/2017 | 10000 |
| 04/06/2017 | 10000 |
| 11/06/2017 | 10000 |
| 18/06/2017 | 10000 |
| 25/06/2017 | 10000 |
| 30/06/2017 | 10000 |

**കൊട്ട തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വ്യാപാരം ജൂൺ ആദ്യ വാരം ക്വിന്റലിന് 7300 രൂപയിൽ ആരംഭിച്ചു. മാസാവസാനം വരെ വിലയിൽ മാന്ദ്യമാണ് ദൃശ്യമായത്. നാലാം വാരത്തിൽ ക്വിന്റലിന് 700 രൂപ നഷ്ടത്തിൽ വ്യാപാരം 6600 രൂപയിൽ അവസാനിക്കുകയും ചെയ്തു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് ) | |
|---|---|
| 01/06/2017 | 7300 |
| 04/06/2017 | 7300 |
| 11/06/2017 | 7000 |
| 18/06/2017 | 6600 |
| 25/06/2017 | 6600 |
| 30/06/2017 | 6600 |

**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില മെയ് മാസത്തിൽ ആയിരത്തിന് 14250 രൂപയ്ക്ക് ആരംഭിച്ച മാസാവസാനം വരെ അതെ നിലവാരം തുടർന്ന് 14250 രൂപയ്ക്ക് വ്യാപാരം അവസാനിച്ചു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 18500 രൂപയിൽ ആരംഭിച്ച് 50 രൂപ ലാഭത്തിൽ 19000 രൂപയ്ക്കാണ് വിപണി ക്ലോസ് ചെയ്തത്. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ വില കഴിഞ്ഞ മാസം ആയിരത്തിന് 20000 രൂപയ്ക്കാണ് വ്യാപാരം ആരംഭിച്ചത്. ഈ വില മാസാവസാനം വരെ നിലനിർത്തുകയും ചെയ്തു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | |
|---|---|---|---|
| | നെടുമങ്ങാട് | ബംഗളൂരു | മംഗലാപുരം (ഗ്രേഡ് 1) |
| 01/06/2017 | 14250 | 18500 | 20000 |
| 04/06/2017 | 14250 | 18500 | 20000 |
| 11/06/2017 | 14250 | NA | NA |
| 18/06/2017 | 14250 | 19000 | 20000 |
| 25/06/2017 | 14250 | 18000 | 20000 |
| 30/06/2017 | 14250 | 19000 | 20000 |

## അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

അന്താരാഷ്ട്ര വിപണികളിൽ വെളിച്ചെണ്ണയുടെ വിലയിൽ ചാഞ്ചാട്ടമാണ് രേഖപ്പെടുത്തിയത്. ഫിലിപ്പീൻസ്, ഇന്തോനേഷ്യ ആഭ്യന്തര വിപണികളിൽ വിലയിൽ അസ്ഥിരതയായിരുന്നു അനുഭവപ്പെട്ടത്. അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 8 ൽ:

| പട്ടിക 8 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലി പ്പൈൻസ് | ഇൻ ഡോ നേഷ്യ | ഇൻഡ്യ* |
| 01/06/2017 | n.q. | 1746 | 1884 | 2082 |
| 04/06/2017 | 1814 | 1780 | 1571 | 2086 |
| 11/06/2017 | n.q. | 1849 | 1612 | 2063 |
| 18/06/2017 | n.q. | 1686 | 1672 | 2031 |
| | | | | *കൊച്ചി |

**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക കേന്ദ്രങ്ങളായ ശ്രീലങ്ക, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കൊപ്രയുടെ വിലയിൽ മാന്ദ്യമാണ് കഴിഞ്ഞ മാസം രേഖപ്പെടുത്തിയത്. എന്നാൽ ഫിലിപ്പീൻസ് വിപണിയിൽ കൊപ്രവിലയിൽ നേരിയ ചാഞ്ചാട്ടമായിരുന്നു ദൃശ്യമായത്. കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 01/06/2017 | 1042 | 1015 | 1502 | 1368 |
| 04/06/2017 | 1051 | 1015 | 1448 | 1370 |
| 11/06/2017 | 1047 | 1013 | 1448 | 1350 |
| 18/06/2017 | 1050 | 1011 | 1375 | 1318 |
| | | | | *കൊച്ചി |

**തൂൾ തേങ്ങ**

ഇന്ത്യയിൽ തൂൾ തേങ്ങയ്ക്കു രേഖപ്പെടുത്തിയ കയറ്റുമതി വില (FOB) മറ്റു പ്രമുഖ തൂൾ തേങ്ങ ഉത്പാദക രാജ്യങ്ങളെ അപേക്ഷിച്ച് മികച്ച മത്സര സ്വഭാവമുള്ളതായിരുന്നു. പ്രധാന ഉത്പാദക രാജ്യങ്ങളിലെ തൂൾ തേങ്ങയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 10 ൽ:

| പട്ടിക 10 : തൂൾതേങ്ങയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 01/06/2017 | 2640 | 2400 | 2962 | 2151 |
| 04/06/2017 | 2640 | 2410 | 3018 | 2371 |
| 11/06/2017 | 2668 | 2410 | 2782 | 2262 |
| 18/06/2017 | 2673 | 2400 | 2964 | 2260 |
| | | | | *എഫ്.ഒ.ബി |

**നാളികേരം**

പ്രധാന നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ശ്രീലങ്ക ഇന്ത്യ എന്നീ വിപണികളിൽ നാളികേരത്തിന്റെ വിലയിൽ മാന്ദ്യമാണ് ജൂൺ മാസത്തിൽ രേഖപ്പെടുത്തിയത്. നാളികേരത്തിന്റെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 11 ൽ :

| പട്ടിക 11: നാളികേരത്തിന്റെ വാരാന്ത്യ (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 01/06/2017 | 224 | 263 | 275 | 404 |
| 04/06/2017 | 226 | 263 | 266 | 397 |
| 11/06/2017 | 225 | 263 | 263 | 396 |
| 18/06/2017 | 219 | 255 | 239 | 388 |
| | | | | *പൊള്ളാച്ചി |




**ചിരട്ടക്കരി**

ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്ത (FOB) ചിരട്ടക്കരിയുടെ വില കഴിഞ്ഞ മാസം വർധന രേഖപ്പെടുത്തി. മികച്ച ഉത്പാദക രാജ്യങ്ങളായ ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ വിപണികളിലെ വിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് മത്സര സ്വഭാവമുള്ളതായിരുന്നു. ചിരട്ടക്കരിയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 12 ൽ:

| പട്ടിക 12 : ചിരട്ടക്കരിയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 01/06/2017 | 386 | 473 | 453 | 404 |
| 04/06/2017 | 406 | 474 | 432 | 405 |
| 11/06/2017 | 406 | 474 | 514 | 403 |
| 18/06/2017 | 406 | 449 | 456 | 403 |
| | | | | * എഫ്. ഒ. ബി |

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.



ഫോൺ - 9495325526 ,8157994173

# കരിക്ക് പിസ

## പിസാ മാവ് തയാറാക്കാനുള്ള ചേരുവകൾ

ചെറു ചൂടുവെള്ളം - അര കപ്പ്
പഞ്ചസാര - 1 ടീ സ്പൂൺ
യീസ്റ്റ് - 1 ടീസ്പൂൺ
മൈദ - 2 കപ്പ്*
ഉപ്പ് - രുചിക്ക്
ഒലിവ് എണ്ണ - 3 ടേബിൾ സ്പൂൺ

ടോപ്പിങ്ങിന്

പിസാ സോസ്- 3 ടേബിൾ സ്പൂൺ
കരിക്ക് കാമ്പ് - 100 ഗ്രാം നുറുക്കിയത്
ഉള്ളി - 3 ടേബിൾ സ്പൂൺ അരിഞ്ഞത്
ചീസ് - അര കപ്പ് ചുരണ്ടിയത്
ഒറിഗാനോ - ആവശ്യത്തിന്
(*1 കപ്പ് = 225 മില്ലി)

### തയാറാക്കുന്ന വിധം

ഒരു വലിയ ബൗളിൽ ചൂടുവെള്ളം എടുത്ത് പഞ്ചസാര, യീസ്റ്റ് എന്നിവ ചേർത്ത് അഞ്ച് മിനിറ്റ് വയ്ക്കുക. ഇതിലേയ്ക്ക് മൈദ, ഉപ്പ്, ഒലിവ് എണ്ണ എന്നിവ ചേർത്ത് ആവശ്യത്തിന് വെള്ളം കൂടി ചേർത്ത് കുഴച്ച് ഒരു ഉരുളയാക്കി മറ്റൊരു ബൗളിൽ വയ്ക്കുക. ഇത് മൂടി രണ്ടു മണിക്കൂർ സമയം ചെറുചൂടുള്ള സ്ഥലത്ത് വച്ച് പുളിക്കാൻ അനുവദിക്കണം. പിന്നീട് കൈകൊണ്ട് ഈ ഉരുള ശക്തിയായി അടിച്ച് അതിലുള്ള വായു പുറത്തു കളയുക.

**പിസ തയാറാക്കൽ**

പിസ മാവ് മൈദ തൂവിയ പിസ പ്ലേറ്റിൽ വയ്ക്കുക. പിന്നീട് രണ്ടു കൈയും ഉപയോഗിച്ച് പരത്തുക. അതിനു മുകളിൽ ചെറിയ കുഴികൾ ഉണ്ടാക്കണം. ഫോർക്കു കൊണ്ട് മധ്യത്തിൽ കുത്തി സുഷിരങ്ങളും ഉണ്ടാക്കണം. ഇതിലേയ്ക്ക് പിസ സോസ് മെല്ലെ ഒഴിച്ച് പരത്തുക. ഇഷ്ടമുള്ള ടോപ്പിങ്ങുകൾ കൊണ്ട് അലങ്കരിക്കുക. അതിനു മുകളിൽ ചുരണ്ടിയ ചീസ്, ഇറ്റാലിയൻ സീസണിംങ്സ്/ഒറിഗാനോ എന്നിവ തൂളുക. ഒവനിൽ വച്ച് 500 ഡിഗ്രി ഫാരൻഹീറ്റിൽ ബേയ്ക്ക് ചെയ്യുക. പുറത്തെടുത്ത് മുറിച്ച് വിളമ്പുക.

